സൈബർ ബുള്ളികൾ... | എരമല്ലൂരിലെ മഷ് റൂം കപ്പിൾ | ജീവിതം നട്ടുനനച്ച ഭിഷഗ്വരൻ | കോതമംഗലത്തെ കുട്ടിക്കഥ | അയ്യപ്പന്റെ ദശാവതാരങ്ങൾ

FEBRUARY | VOL.04 | ISSUE 02

# മലയാളി.com magazine 2025





അജയകുമാറിന്റെ

കഥ: **ബലി**


പ്രത്യശാസ്ത്ര പ്രതിസന്ധിയിൽ വലയുന്ന ഒരു തീവ്രകമ്മ്യൂണിസ്റ്റിന്റെ ശ്രദ്ധേയമായ കഥ




എസ് സുന്ദർദാസിന്റെ

ബാർമിത്രങ്ങളുടെ കഥ തുടങ്ങുന്നു

## മദ്യശാലയിൽ







## ജയചന്ദ്രൻ: ഭാവഗായകൻ

എസ് രാജേന്ദ്രബാബു എഴുതുന്നു


KALYAN
JEWELLERS
This Valentine's Day
Celebrate Love with
Something Truly Special
DISCOVER
OUR STUNNING GOLD AND
DIAMOND COLLECTIONS
&
Enjoy FLAT
10% OFF
ON VALENTINE'S DAY
COLLECTIONS
T&C apply. Limited period offer.
USA - 1337-1339, OAK TREE ROAD, ISLINE, NJ. PH: +17323794395
WWW.KALYANJEWELLERS.NET I FOLLOW US ON

മലയാളി.com Magazine
DIGITAL MAGAZINE
2025
FEBRUARY
VOL/04
ISSUE/2
Contact: mag@emalayalee.com | www.emalayalee.com

# വിലക്കുകളെ വിട

പുതിയ ചലച്ചിത്ര  നയം രൂപികരിക്കാനുള്ള ശ്രമത്തിലാണ് കേരള സർക്കാർ . അതിനു മുന്നോടിയായി ഒരു സിനിമ കോൺക്ലേവും സർക്കാർ  പദ്ധതിയിടുന്നു. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നു ഉയർന്ന ആരോപണ വിമർശങ്ങളുടെ മുന ഒടിക്കാനായിരുന്നു കോൺക്ലേവ് എന്ന തീരുമാനം. പുതിയ സിനിമ നയം എന്ന ആശയവും അതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് .ഇത്തരമൊരു നയം രൂപികരിക്കാനോ നടപ്പാക്കാനോ സർക്കാരിനു പാങ്ങില്ലാഞ്ഞല്ല ഈ നടപടികൾ . കഴിയുന്നത്ര ഇതെല്ലാം വൈകിച്ചു മുന്നോട്ടു പോകുക എന്ന സമീപനത്തിന്റെ ഭാഗമാണ് ഈ നടപടി. കോൺക്ലേവ് നടത്തുമെന്ന് പ്രഖ്യാപിച്ചിട്ട് ഒരു വർഷം കഴിഞ്ഞു. ഇപ്പോഴും ആരാണ് അതിനു നേതൃത്വം നൽകുന്നതെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. അതേ പോലെ ആ കമ്മിറ്റിക്കും സർക്കാരിനു നിർദ്ദേശങ്ങൾ നൽകാനേ അധികാരമുള്ളൂ എന്ന് സർക്കാർ വാദിക്കുന്നു. അതായത് സിനിമ നയം ഇനിയും അനന്തമായി നീളും.

സിനിമയിൽ നടക്കുന്ന ലൈംഗിക ചൂഷണവും അനിയന്ത്രിതമായ ഇടപെടലുകളും അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു ഹേമ കമ്മിറ്റി റിപ്പോർട്ടുകൾ .അവ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ വരയിട്ടു അടയാളപ്പെടുത്തുകയും അവർ അനുഭവിച്ച ക്രൂരമായ  പീഡനങ്ങൾ പൊതു ജനശ്രദ്ധയിൽ കൊണ്ടു വരുകയും ചെയ്തു .അത് അനുസരിച്ചു ചില അന്വേഷണങ്ങൾ ഉണ്ടായെങ്കിലും അതും പലവിധ  നിയമപരമായ ഇടപെടലുകളിലൂടെ പ്രയോജനരഹിതമായി മാറുകയാണ്. മൊഴി നൽകിയ ചിലർ തന്നെ അതിനെതിരെ ഇറങ്ങിയിരിക്കുന്നു എന്നത് ഈ രംഗത്തെ ദൂഷിതവലയത്തിന്റെ ഉത്തമ സാക്ഷ്യമാണ്. സിനിമയിലെ എല്ലാ മേഖലയിലും വ്യത്യസ്ത വിഭാഗത്തിലും ലിംഗത്തിലും പെട്ടവർ ധാരാളമായി പ്രവർത്തിക്കുന്ന  ഈ കാലത്ത് ഒരു പ്രധാന വ്യവസായവും തൊഴിലിടവും  എന്ന നിലയിൽ ഇവിടെ സമഗ്രമായ മാറ്റം ഉണ്ടാകേണ്ടതാണ് .

എന്നാൽ കോൺക്ലെവിനു പോലും ലിംഗ അനീതികൾക്കു കുട പിടിക്കുന്ന ഒരാളെ നേതൃത്വം നൽകാൻ സർക്കാർ നിയോഗിക്കുന്നു  എന്ന ആരോപണം  ഹൈക്കോടതിയിൽ പോലും ഉയരുന്നു .എന്താണ് കമ്മിറ്റിയുടെ സ്വീഭാവമെന്നോ അത് ആരു എങ്ങനെ നയിക്കുമെന്നോ ഒരു വ്യക്തതയും ഇല്ല .ചില പവർ ഗ്രൂപ്പുകളും താരരാജാക്കന്മാരും അടക്കി വാഴുന്ന ഈ മേഖലയിൽ അവരുടെ താല്പര്യങ്ങൾക്ക് ആയിരിക്കും മുൻതൂക്കം. അവിടെ സാധാരണ നടി നടന്മാരും നിർമ്മാതാക്കളും സാങ്കേതിക വിദഗ്ദൻമാരും പരിഗണിക്കപ്പെടില്ല .അടുത്തയിടെയാണ് മൂന്നു സ്ത്രീ മേക്അപ്പ് ആർട്ടിസ്റ്റുകൾ ഒറ്റയ്ക്ക്  സമരം നടത്തിയത് .അവരെ പിന്തുണക്കാൻ ആരെയും കാണാനുണ്ടായിരുന്നില്ല .ആഹാരം കഴിക്കാൻ  പോലുമില്ലാതെ ഒരു സീരിയൽ താരം ആല്മഹത്യ ചെയ്തതും നമുക്ക് മറക്കാൻ ആയിട്ടില്ല.

പൊതുവേ കേരളത്തിൽ വലിയ വ്യവസായങ്ങൾ ഇല്ല. അസംഘടിതമായ മേഖല ആണെങ്കിലും  സിനിമ ഇന്ന് കേരളത്തിൽ നിരവധി പേർക്ക് തൊഴിലും പണവും  നൽകുന്നു. സർഗാല്മക ആവിഷ്കാരം ആണെങ്കിലും ഈ മേഖലയിൽ പണത്തിൻറെ ബലം വലുതാണ് .നടന്മാർ തന്നെ നിർമാതാക്കളും വിതരണക്കാരും ആയി വരുന്നതോടെ അവർ വ്യവസായത്തിൽ ചെലുത്താൻ ഇടയുള്ള കുത്തകാധിപത്യവും പരിഗണിക്കണം. സിനിമ തന്നെ തിരുത്തിയെഴുതുന്ന സംഭവങ്ങൾ ഇപ്പോൾ പതിവായി മാറിയിരിക്കുന്നു

അതിനും മുൻപേ ഹേമ കമ്മിറ്റി ഉയർത്തിയ പ്രശ്നങ്ങൾ, തീരുമാനങ്ങൾ എന്നിവ പരിശോധിച്ചു  യുക്തമായ  നടപടി എടുക്കണം. ആ ആരോപണങ്ങൾ  എവിടെ പോയി? എന്തായി അവയുടെ ഗതി ? അവസാനമായി ഇതിനെല്ലാം വഴി വെച്ച നടിക്കെതിരെയുള്ള ആക്രമണ കേസ് എട്ടു വർഷത്തിനു ശേഷവും വിചാരണയിൽ ആണ്. നടിക്കു നീതി കിട്ടുമോ എന്ന ചോദ്യമാണ് എല്ലാവരുടെ മനസ്സിലും. കേസിൽ വിധി എന്തായാലും അത് ഈ മേഖലയിൽ ഒരു  പുനർ വിച്ന്തനത്തിനു വഴി തെളിക്കും എന്ന് പ്രത്യാശിക്കാം. അതിലുപരി സർക്കാരിനു കാര്യമായ ഇടപെടൽ ഈ മേഖലയിൽ  നടത്തിയെ തീരു എന്ന സ്ഥിതിവിശേഷം സംജാതമാ്യിക്കുന്നു. ചില്ലറ മിനുക്ക് പണികൾ പോരാ, സമൂലമായ മാറ്റം  തന്നെ നിർദ്ദിഷ്ട സിനിമ നയത്തിൽ ഉണ്ടാകണം

വിലക്കുകൾ കൊണ്ടു പ്രതിയോഗികളെ തകർക്കുന്ന സിനിമ സംഘടനകൾക്കെതിരെ തന്നെയാകണം ആദ്യം സർക്കാരിൻറെ നടപടികൾ .അതിനു ആദ്യമായി  സിനിമ രെജിസ്ട്രേഷൻ സർക്കാർ ഏറ്റെടുത്തു  പുതിയ നീക്കം നടത്തണം. വിലക്കുകൾ ഒഴിവാക്കാനും നിർമ്മാണത്തിലും പ്രവർത്തനത്തിലും വിതരണത്തിലും ന്യായമായ ഇടപെടൽ നടത്താനും ഇത് സർക്കാരിനെ സഹായിക്കും .സിനിമ പ്രവർത്തകർക്ക് ഇത് ആശ്വാസമാകും .





*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 സമൂഹം
**സൈബർ ബുള്ളികൾ...**
ഡോ . ആശ പ്രഭാകരൻ

10 ചെറുകഥ
**ബലി**
അജയകുമാർ

19 അനുഭവകഥകൾ
**മധുശാലയിൽ**
കാലഹരണപ്പെടുന്ന മോഷണശൈലികൾ (മോഡസ് ഓപ്പറാണ്ടികൾ)
എസ് സുന്ദർദാസ്

22 കോളം
**ബാല്യകൗമാര കാലങ്ങളിലെ അപ്പൻ**
റോസി തമ്പി

23 ചെറുകഥ
**മരക്കച്ചോടക്കാരത്തി**
പി കെ ഭാഗ്യലക്ഷ്മി

29 സംഗീതം / ഓർമ്മ
**ഭാവഗായകൻ ജയചന്ദ്രൻ**
എസ് രാജേന്ദ്ര ബാബു

33 ചെറുകഥ
**അയ്യപ്പന്റെ ദശാവതാരങ്ങൾ**
ജോസഫ് എബ്രഹാം

41 ചെറുകഥ
**ഞാൻ മൃണ്മയിയുടെ കാമുകൻ**
ശ്യാംസുന്ദർ പി

49 കവിത
**കാട്ടു പാത**
സീന ശ്രീവത്സൻ

50 **തോക്ക് ഒരു ജീവിയാണ്**
സോയ നായർ

51 **പ്രണയമിങ്ങനെ പല നിറങ്ങളിൽ**
ശ്രീലേഖ എൽ കെ

52 **പാലിന്റെ ചുമപ്പ് നഷ്ടപ്പെട്ട ഭാവന**
അഞ്ചു അജീഷ്

53 **കുംഭഭരണിയിലലിഞ്ഞു പോയവൾ**
നസ്രേത്തിൽ ജോസ് വർഗ്ഗീസ്



55 ബിസിനസ്
**എരമല്ലൂരിലെ മഷ്രൂം കപിൽ**
ആന്റണി കണയംപ്ലാക്കൽ

59 പുസ്തകലോകം
**മധ്യേഷ്യൻ സ്റ്റെപ്പിയിൽ മൂന്ന് നാടോടികൾ**
മോഹനചന്ദ്രൻ

61 പുസ്തകലോകം
**പരൽമീനുകൾ തുള്ളിക്കളിക്കുന്ന തോട്ടുവക്കത്തെ വീട്**
ഒ. എം. യൂസഫ്

64 **എന്റെ ജീവിതം നിറയെ**
ആന്റണി കണയംപ്ലാക്കൽ

66 ചിത്രലോകം
**പെയിന്റിംഗ്**
അനിത ടി കെ



      



ഇന്ന് ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും രണ്ടു വ്യക്തിത്വങ്ങൾ ഉണ്ട് എന്നുവേണം പറയാൻ. യഥാർത്ഥ ലോകത്തിലെ നിങ്ങളും സൈബർ ഇടത്തിലെ നിങ്ങളും. ആട്ടിൻ തോലിട്ടു ചെന്നായ്ക്കൾക്ക് നടക്കാൻ വളരെ എളുപ്പമാണ് സൈബർ ലോകത്തിൽ... അതുതന്നെയാണ് സൈബർ ലോകത്തിൽ പതിയിരിക്കുന്ന ഏറ്റവും വലിയ അപകടവും.

# സൈബർ ബുള്ളികൾ....

ഡോ ആശ പ്രഭാകരൻ



വിവരസാങ്കേതികവിദ്യ അധിനിവേശം നടത്തുന്ന ഒരു ലോകത്തിലാണ് നമ്മൾ ഓരോരുത്തരും ജീവിക്കുന്നത്. ഇന്ന് ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും രണ്ടു വ്യക്തിത്വങ്ങൾ ഉണ്ട് എന്നുവേണം പറയാൻ. യഥാർത്ഥ ലോകത്തിലെ നിങ്ങളും സൈബർ ഇടത്തിലെ നിങ്ങളും.

സൈബർ ലോകത്തിൽ നിങ്ങൾ നിങ്ങളുടെ വ്യക്തിത്വത്തിന്റെ നിങ്ങൾക്ക് ഇഷ്ടമുള്ള ഭാഗങ്ങൾ മാത്രം പ്രൊജക്റ്റ് ചെയ്യുന്നു. നിങ്ങളെ മറ്റുള്ളവർ എങ്ങനെ നോക്കിക്കാണണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുമാത്രം നിങ്ങൾ മറ്റുള്ളവർക്ക് മുമ്പിൽ പങ്കുവയ്ക്കുന്നു. അതിനായി നിങ്ങൾ,നിങ്ങൾക്ക് ഏറ്റവും യോജിച്ചത് എന്ന് നിങ്ങൾ തന്നെ കരുതുന്ന വസ്ത്രങ്ങൾ ഇടുകയും മറ്റുള്ളവരിൽ മതിപ്പുളവാക്കുന്നത് എന്ന് നിങ്ങൾക്ക് തോന്നുന്ന ഭാവം മുഖങ്ങളിൽ വരുത്തിയും ഉള്ള ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നു. നിങ്ങളുടെ ഏറ്റവും നല്ലത് എന്ന് നിങ്ങൾ തന്നെ കരുതുന്ന രൂപം നിങ്ങൾ മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നു. പ്രസംഗിക്കുന്ന നിങ്ങൾ, പാടുന്ന നിങ്ങൾ,ആടുന്ന നിങ്ങൾ, സമ്മാനങ്ങൾ ഏറ്റുവാങ്ങുന്ന നിങ്ങൾ പൊട്ടിച്ചിരിക്കുന്ന നിങ്ങൾ, ദാനധർമ്മങ്ങൾ ചെയ്യുന്ന നിങ്ങൾ... എന്നിങ്ങനെ.

പൊട്ടിക്കരയുന്ന, അല്ലെങ്കിൽ ദേഷ്യപ്പെടുന്ന, അപരനെ വെറുക്കുന്ന, അസൂയപ്പെടുന്ന, ചൂഷണം ചെയ്യുന്ന നിങ്ങളുടെ രൂപം നിങ്ങൾ തന്നെ കുഴിച്ചുമൂടുന്നു.




അത് പുറത്ത് ആരും അറിയരുത് എന്ന് നിങ്ങൾ തീരുമാനിക്കുന്നു. അതേ,...സൈബർ ലോകത്തിൽ,നിങ്ങൾ യഥാർത്ഥ നിങ്ങൾ അല്ല,മറ്റൊരാളാണ്... നിങ്ങൾ തന്നെ സൃഷ്ടിച്ചെടുക്കുന്ന മറ്റൊരാൾ. ആട്ടിൻ തോലിട്ടു ചെന്നായ്ക്കൾക്ക് നടക്കാൻ വളരെ എളുപ്പമാണ് സൈബർ ലോകത്തിൽ... അതുതന്നെയാണ് സൈബർ ലോകത്തിൽ പതിയിരിക്കുന്ന ഏറ്റവും വലിയ അപകടവും.

ഈ അപകടങ്ങളിലാവട്ടെ കുട്ടികൾ വളരെ എളുപ്പത്തിൽ ചെന്ന് ചാടുകയും ചെയ്യുന്നു.

പലതവണ വലിച്ചു കീറപ്പെട്ടിട്ട് തന്നെയാണ് പലപ്പോഴും നാമൊക്കെ പൂർണ്ണ വളർച്ചയെത്തുന്നത്. മാനസികമായും ശാരീരികമായും അത്രയേറെ ദുർബലരും പരാശ്രയം വേണ്ടയാളും ആയ ഒരു ജീവിയാണ് മനുഷ്യൻ. ചില കുട്ടികൾ മറ്റുള്ളവരെ അപേക്ഷിച്ച് ശാരീരികമായും മാനസികമായും കൂടുതൽ ദുർബലരും ആത്മവിശ്വാസം കുറഞ്ഞവരും ആയിരിക്കും. ഇവരെയാണ് സ്കൂളുകളിലെ തെമ്മാടിക്കൂട്ടങ്ങൾ ലക്ഷ്യമിടുന്നത്.

**നിങ്ങൾ,നിങ്ങൾക്ക് ഏറ്റവും യോജിച്ചത് എന്ന് നിങ്ങൾ തന്നെ കരുതുന്ന വസ്ത്രങ്ങൾ ഇടുകയും മറ്റുള്ളവരിൽ മതിപ്പുളവാക്കുന്നത് എന്ന് നിങ്ങൾക്ക് തോന്നുന്ന ഭാവം മുഖങ്ങളിൽ വരുത്തിയും ഉള്ള ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നു. നിങ്ങളുടെ ഏറ്റവും നല്ലത് എന്ന് നിങ്ങൾ തന്നെ കരുതുന്ന രൂപം നിങ്ങൾ മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിക്കുന്നു. പ്രസംഗിക്കുന്ന നിങ്ങൾ,പാടുന്ന നിങ്ങൾ,ആടുന്ന നിങ്ങൾ, സമ്മാനങ്ങൾ ഏറ്റുവാങ്ങുന്ന നിങ്ങൾ പൊട്ടിച്ചിരിക്കുന്ന നിങ്ങൾ, ദാനധർമ്മങ്ങൾ ചെയ്യുന്ന നിങ്ങൾ... എന്നിങ്ങനെ.**

താരതമ്യേന ദുർബലരായ കുട്ടികളെ ഭീഷണിപ്പെടുത്തുകയും കളിയാക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുന്ന തെമ്മാടിക്കൂട്ടങ്ങൾ എല്ലാകാലത്തും സ്കൂളുകളിലും കോളേജുകളിലും ഉണ്ടായിരുന്നു. പണം കൊണ്ടും കായികക്ഷമത കൊണ്ടും രാഷ്ട്രീയ പിന്തുണ കൊണ്ടും അതുപോലെ മറ്റു പല കാരണങ്ങൾ കൊണ്ടും സഹവിദ്യാർത്ഥികളുടെ മേൽ ആധിപത്യം പുലർത്തി ,അധികാരകേന്ദ്രങ്ങളായി വിദ്യാലയങ്ങൾ കീഴടക്കി വാണിരുന്നു. വിദ്യാലയങ്ങളിൽ ജനപ്രീതിയും മേൽക്കോയ്മയും നേടാൻ ഇവർ പലപ്പോഴും പലതരത്തിലുള്ള അധമ മാർഗങ്ങളും സ്വീകരിച്ചിരുന്നു. ഇടവേള,അമൃതം ഗമയ, ഇരകൾ തുടങ്ങിയ പല പഴയകാല മലയാളം സിനിമകളിലും ഇത്തരം തെമ്മാടിക്കൂട്ടങ്ങളെ കാണാം. എന്നാൽ നൂതന സാങ്കേതികവിദ്യയുടെ കടന്നുവരവോടെ ഈ തെമ്മാടിക്കൂട്ടങ്ങളുടെ രൂപവും ഭാവവും മാറിയിട്ടുണ്ട്. സൈബർ ബുള്ളികൾ എന്ന ഒരു പുതിയ വിഭാഗമായി ഇവർ രൂപാന്തരം പ്രാപിച്ചിട്ടുണ്ട്. പലപ്പോഴും അതിരുകടന്ന ആത്മവിശ്വാസമാണ് ഈ തെമ്മാടികളെ മുന്നോട്ടു നയിക്കുന്നത്. കൂട്ടത്തിൽ കൂടുമ്പോൾ മോറൽ compass നഷ്ടപ്പെടുന്ന ഇവർ കൂട്ടുകാരുടെ മുമ്പിൽ വലിയ ആളാവാൻ എന്തും ചെയ്യും. മറ്റുള്ളവരെ സാൻമാർഗികമായി ഇടിച്ചു താഴ്ത്താൻ പോലും ഇവർ മടിക്കില്ല.

സൈബർ ബുള്ളികളുടെ ലോകത്ത് ഴലിറലൃ വ്യത്യാസം ഇല്ല. സ്ത്രീകൾ പുരുഷന്മാരേക്കാൾ ഒട്ടും പിന്നിലല്ല ഈ രംഗത്ത് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരക്കാർക്ക് കോച്ചിംഗ് കൊടുക്കുന്ന ആൻഡ്രൂ ടെറ്റിനെ പോലെയുള്ള ഓൺലൈൻ influencers,കോച്ചിംഗ് ചാനൽ ഉടമകൾ, തുടങ്ങിയവ

രുടെ കൂടി കടന്നു വരവോടെ ഈ രംഗം കൂടുതൽ സങ്കീർണമായി മാറിയിരിക്കുന്നു .

**എന്താണ് സൈബർ ബുള്ളിയിങ്ങ് ?**

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി ഒരാളെയോ ഒരു കൂട്ടം ആൾക്കാരെയോ നിരന്തരമായും,മനഃപൂർവ്വമായും,ശത്രുതാപരമായും, ശല്യപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുക.

– വിവരസാങ്കേതികവിദ്യ മറ്റൊരാളിന് ഏതെങ്കിലും തരത്തിൽ ദോഷം ചെയ്യാനായി പ്രയോജനപ്പെടുത്തുക.

സൈബർ തെമ്മാടിക്ക് തന്റെ ടാർജറ്റ് ആയ ഇരയെ നേരിട്ട് അറിയണം എന്ന് നിർബന്ധമില്ല.

പലപ്പോഴും സൈബർ തെമ്മാടികൾ ഒറ്റയക്കാവില്ല. സുഹൃത്തുക്കളായ ഒരു തെമ്മാടിക്കൂട്ടത്തിനെ കൂടി തന്റെ ഇരക്കെതിരെ ആക്രമണത്തിന് പറഞ്ഞയച്ചേക്കാം.

"Digital -pile on " എന്നാണ് ഇതിന്റെ പേര്.

രാഷ്ട്രീയത്തിലെ സൈബർ പോരാളികൾ ( തെമ്മാടികൾ രാഷ്ട്രീയത്തിൽ ഇറങ്ങിയാൽ പോരാളികളായി അറിയപ്പെടും) സ്ഥിരം ഉപയോഗിക്കുന്ന ടെക്നിക് ആണിത്.

ദുഷ്ടന്മാരെ നല്ലവനാക്കി ചിത്രീകരിക്കാനും അവർക്കായി സ്തുതി ഗീതങ്ങൾ ആലപിക്കാനും ഈ കൂട്ടങ്ങൾ ഒറ്റക്കെട്ടായി ഹാജർ ഉണ്ടാകും.

**പൊട്ടിക്കരയുന്ന, അല്ലെങ്കിൽ ദേഷ്യപ്പെടുന്ന, അപരനെ വെറുക്കുന്ന, അസൂയപ്പെടുന്ന, ചൂഷണം ചെയ്യുന്ന നിങ്ങളുടെ രൂപം നിങ്ങൾ തന്നെ കുഴിച്ചുമൂടുന്നു. അത് പുറത്ത് ആരും അറിയരുത് എന്ന് നിങ്ങൾ തീരുമാനിക്കുന്നു. അതേ,...സൈബർ ലോകത്തിൽ,നിങ്ങൾ യഥാർത്ഥ നിങ്ങൾ അല്ല,മറ്റൊരാളാണ്... നിങ്ങൾ തന്നെ സൃഷ്ടിച്ചെടുക്കുന്ന മറ്റൊരാൾ.**

അതുപോലെ മറ്റൊരാൾക്കെതിരെ അപവാദങ്ങൾ പരത്താനും ജനമധ്യത്തിൽ ഒരാളിനെ മനപ്പൂർവം താറടിച്ചു കാണിക്കാനും ഇവർക്ക് അധിക സമയം വേണ്ട. പലപ്പോഴും സ്ത്രീകളെയും കുട്ടികളെയും ഭീഷണിപ്പെടുത്താനും നഗ്ന വീഡിയോകൾ സൈബർ ഇടങ്ങളിൽ പരത്താനും ഇത്തരക്കാർ മുന്നിട്ടിറങ്ങാറുണ്ട്.അപരന്റെ സ്വകാര്യതകളിലേക്ക് ഒളിഞ്ഞു നോക്കാനുള്ള ത്വര മനുഷ്യരുടെ ഇടയിൽ വളരെ സാധാരണമായതിനാൽ തന്നെ ഇത്തരം വീഡിയോകൾക്ക് നല്ല പ്രചാരവും ലഭിക്കാറുണ്ട്. ഇത്തരം ദൃശ്യങ്ങൾ ആദ്യം പോസ്റ്റ് ചെയ്യുന്ന ആളിനെ പോലെ തന്നെ തെറ്റുകാരാണ് സമൂഹമാധ്യമങ്ങൾ വഴി ഈ ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്ന മറ്റുള്ളവരും. സ്വന്തം കുടുംബത്തിലുള്ള ഒരാളിന്റെ ദൃശ്യങ്ങൾ ആണെങ്കിൽ ഞാനിത് ഈ രീതിയിൽ കൈമാറുമോ എന്ന് ഇത്തരം ദൃശ്യങ്ങൾ കൈമാറുന്നതിനു മുൻപായി ഓരോരുത്തരും ചിന്തിക്കേണ്ടതുണ്ട്.



**എന്താണ് ഇത്തരം ക്രിമിനലുകളുടെ സൈക്കോളജി?**

യുവാക്കൾ ആയിരുന്നു പണ്ടൊക്കെ ഇത്തരം തെമ്മാടി കൂട്ടങ്ങളിൽ കൂടുതൽ ഉണ്ടായിരുന്നത്. പലപ്പോഴും ബാല്യ കാലത്ത് പലതരം മുറിവുകൾ മനസ്സിന് ഏറ്റുവാങ്ങേണ്ടി വരുന്ന ആളുകൾ ആയിരിക്കാം അവർ. മുറിവേറ്റവരും പരിഗണിക്കപ്പെടാത്തവരും. ചിലരൊക്കെ ജന്മനാ ക്രിമിനൽ സ്വഭാവം ഉള്ളവരും ആയിരിക്കും. സ്വയം ഏറ്റുവാങ്ങിയ അപമാനങ്ങളും മുറിവുകളും പലപ്പോഴും ഇവർ അവനവനേക്കാൾ ദുർബലരായ ഇരകളുടെ ശരീരത്തിലും മനസ്സിലും ഏൽപ്പിക്കുന്നു. അധികാരത്തിനും മേൽക്കോയ്മക്കും വേണ്ടിയുള്ള അടങ്ങാത്ത ദാഹമാണ്




ഇത്തരക്കാരെ മുന്നിലോട്ട് നയിക്കുന്നത്.

**എങ്ങനെയാണ് ഇരയാകേണ്ടി വരുന്ന വ്യക്തിയെ ഇത് ബാധിക്കുന്നത്?**

ഇരയാകുന്നയാൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെടാൻ ഇടയാകുന്നു.

അയാളിൽ അരക്ഷിതാവസ്ഥ രൂപപ്പെടുന്നു. ആത്മബോധത്തിനും ആത്മാഭിമാനത്തിനും ഇടിവ് സംഭവിക്കുന്നു.

നാണക്കേട്, ഭയം, പാപബോധം,തെറ്റുകാരൻ അല്ലെങ്കിൽ തെറ്റുകാരി ആയെന്ന തോന്നൽ,ഇവ രൂപം പ്രാപിക്കുന്നു.

പഠനത്തിൽ ശ്രദ്ധ കുറയുന്നു.

വിഷാദരോഗം ഉടലെടുക്കാം.

ആത്മഹത്യാപ്രവണതയിലേക്ക് നയിക്കാം.

സൈബർ ബുള്ളിങ്ങിന് ഇരയായ കുട്ടികൾ പലപ്പോഴും വൈകാരികമായ വേദനയെ മറികടക്കാൻ വേണ്ടി മദ്യപാനം,മയക്കുമരുന്ന് എന്നിവയിൽ അഭയം തേടാൻ സാധ്യത കൂടുതലാണ്.

തെമ്മാടിക്കൂട്ടങ്ങളുടെ ആക്രമണം പേടിച്ചു സ്കൂളിൽ പോകാതിരിക്കാൻ ശ്രമിക്കും.

പഠനത്തിൽ പിന്നോട്ട് പോകാൻ ഇടയുണ്ട്.

തലവേദന,വയറുവേദന,ഉറക്കക്കുറവ് തുടങ്ങിയ ശാരീരിക ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാൻ ഇടയുണ്ട്.

സാങ്കേതികവിദ്യയോട് ഭയവും അകൽച്ചയും അനുഭവപ്പെടാം.

ശരീരം കൂടുതൽ മറയ്ക്കുന്ന വസ്ത്രധാരണത്തിൽ അഭയം തേടാൻ ശ്രമിക്കും.

ഉൽക്കണ്ഠ രോഗത്തിന് അടിമപ്പെടാം.

**നമുക്ക് എന്ത് ചെയ്യാൻ കഴിയും?**

1.മൂന്നു വയസ്സുവരെ കുട്ടികൾക്ക് മൊബൈൽ കൊടുക്കാതിരിക്കുക.

2.ഇന്റർനെറ്റ്,മൊബൈൽ എന്നിവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ (netiquette)കുട്ടികളെ പഠിപ്പിക്കുക.

3. മുഖത്തോട് മുഖം കാണുമ്പോൾ നമ്മൾ ഒരാളോട് എങ്ങനെ ഇടപെടുമോ അതുപോലെ മാത്രം ഇടപെടുക സൈബർ ലോകത്തിലും.

4.സൈബർ ലോകത്ത് നമ്മൾ പോസ്റ്റ് ചെയ്യുന്ന ഇമേജുകൾ ദീർഘകാലം നിലനിൽക്കുന്നതാണ്. അതുകൊണ്ടു തന്നെ കമന്റുകൾ പോസ്റ്റ് ചെയ്യുമ്പോഴും മറ്റും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്.

5. പാസ്‌വേഡുകൾ സ്വകാര്യമായി സൂക്ഷിക്കാൻ പഠിപ്പിക്കുക. അടുത്ത കൂട്ടുകാരോട് പോലും അവ പറയരുത് എന്ന് കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

6. ശക്തമായ വികാരങ്ങൾ( ദേഷ്യം, വെറുപ്പ് തുടങ്ങിയവ,) നമ്മളെ കീഴടക്കുന്ന നിമിഷങ്ങളിൽ ഒരു കാരണവശാലും സന്ദേശങ്ങൾ അയക്കുകയോ പോസ്റ്റ് ഇടുകയോ ചെയ്യരുത്.

7. എന്തെങ്കിലും തരത്തിലുള്ള വെറുപ്പോ ദേഷ്യമോ കലർന്ന മെസ്സേജുകൾ ലഭിച്ചാൽ അവ പ്രചരിപ്പിക്കാതിരിക്കുക. അത്തരം മെസ്സേജുകൾക്ക് മറുപടി നൽകാതിരിക്കുക. പകരം ഉത്തരവാദിത്വമുള്ള ഒരു മുതിർന്ന വ്യക്തിയുടെ സഹായം തേടുക.

> **ചില കുട്ടികൾ മറ്റുള്ളവരെ അപേക്ഷിച്ച് ശാരീരികമായും മാനസികമായും കൂടുതൽ ദുർബലരും ആത്മവിശ്വാസം കുറഞ്ഞവരും ആയിരിക്കും. ഇവരെയാണ് സ്കൂളുകളിലെ തെമ്മാടിക്കൂട്ടങ്ങൾ ലക്ഷ്യമിടുന്നത്.**

8. നിങ്ങളുടെ കുട്ടി എത്രനേരം ഇന്റർനെറ്റ് ഉപയോഗിക്കുന്നു എന്നത് അറിയുക. എന്തൊക്കെയാണ് അവൻ അല്ലെങ്കിൽ അവൾ കാണുന്നത് എന്നത് ശ്രദ്ധിക്കുക.parent control softwares install ചെയ്യാവുന്നതാണ്.

9.സ്കൂളുകളിൽ സൈബർ എത്തിക്സ്,സൈബർ ഹമം എന്നിവ സിലബസിൽ ഉൾപ്പെടുത്തുക.

ലോകം വളരെ വേഗം മുന്നോട്ടു പാഞ്ഞു കൊണ്ടിരിക്കുന്നു. മനുഷ്യന്റെ തലച്ചോറും മെഷീനും തമ്മിൽ ബന്ധപ്പെടുത്തി മനുഷ്യന്റെ ജൈവികത നഷ്ടപ്പെടുത്തുന്ന ടെക്നോളജിയുടെ കാലമാണിത്. സ്നേഹം,കാരുണ്യം,പരിഗണന, സാന്മാർഗികത എന്നൊക്കെ പറഞ്ഞാൽ എന്താണെന്ന് പോലും മനുഷ്യർക്ക് മനസ്സിലാവാത്ത, തിരിച്ചുപോക്കില്ലാത്ത സ്വാർത്ഥതയുടെ ലോകത്തിലേക്കാണ് മനുഷ്യർ നീങ്ങിക്കൊണ്ടിരിക്കുന്നത്.. ഈ മാറുന്ന ലോകത്ത് നമ്മുടെ കുഞ്ഞുങ്ങളെ നമുക്ക് നെഞ്ചോട് ചേർത്തു പിടിക്കാനല്ലാതെ മറ്റെന്ത് സാധിക്കും...


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

ചെറുകഥ





വര :
പി ജി ദിനേഷ്

## ബലി – ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്ക്...

**മലയാളത്തിൽ അടുത്ത കാലത്ത് ഇറങ്ങിയവയിൽ സർഗാൽമകമായി ഏറ്റവും മികച്ച കഥ . നമ്മുടെ ചിന്തയെ നവീകരിക്കുന്നതും കടുത്ത പ്രത്യശാസ്ത്ര വിമർശനം അടങ്ങിയിരിക്കുന്നതുമായ ചിത്രകാരൻ അജയകുമാറിന്റെ ബലി എന്ന കഥ നമ്മുടെ ചിന്താധാരകളിൽ വലിയ വിപ്ലവം സൃഷ്ടിക്കും. പ്രത്യയശാസ്ത്രപ്രതിസന്ധികൾ ചിന്തയേയും എഴുത്തിനെയും എങ്ങനെ സ്വാധീക്കും എന്ന് വിളിച്ചു പറയുന്ന കഥയാണ് നോവലിസ്റ്റ് കൂടിയായ അജയകുമാറിന്റെ ഈ കഥ**

**– പത്രാധിപർ**



അജയകുമാർ

# ബലി

വടക്കു കിഴക്കൻ പ്രദേശങ്ങളിലേക്ക് ഞങ്ങൾ യാത്രയ്ക്കു പോയിരുന്നത് എട്ടു പേരെങ്കിലും അടങ്ങുന്ന ഒരു സംഘമായിട്ടായിരുന്നു. ഇത്തവണയാകട്ടേ ഞാൻ ഒററയ്ക്കു പോകാൻ തീരുമാനിക്കുകയായിരുന്നു. സംഘടനയിൽ ഒന്നിച്ചു പ്രവർത്തിച്ചവനും യാത്രാ സംഘത്തിലെ തലവനും നാട്ടുകാരനുമാണ് ആർ കെ നായരെങ്കിലും കഴിഞ്ഞ ദിവസം കണ്ടപ്പോൾ യാത്ര പോകുന്ന വിവരം ഞാൻ ഒളിച്ചുവച്ചത് അയാൾക്ക് ഒരു സംശയവും തോന്നാത്ത വിധം വളരെ ശ്രദ്ധയോടെയായിരുന്നു.

പെൻഷൻകാരുടെ സംഘടനായോഗത്തിൽ പങ്കടുക്കാത്തതെന്തെന്ന് ചോദിച്ചു വന്നതായിരുന്നു അയാൾ. വണ്ടിപ്പെരിയാറിൽ ആർ കെ യുടെ പുരയിടത്തിനു തൊട്ടുള്ള കുന്ന് മലയിടിച്ചിലിൽ ഒലിച്ചു വീണു നിരന്നു പോയതും അതിൽ പെട്ട മൂന്നു മരങ്ങൾ ലാഭത്തിനു വാങ്ങി അറക്കാൻ കൊടുത്തതും ആർ.കെ അറിയിച്ചു. കുന്നിടിഞ്ഞുവീഴുന്ന ദൃശ്യം മൊബൈലിൽ ആർ.കെ കാണിച്ചു തന്നു. വീട്ടിലാകട്ടേ ഹോം തീയറ്ററിൽ കുട്ടികൾ അതു കാണിക്കുന്നു. 'അസ്സൽ ശബ്ദവിന്യാസവും ഷാർപ്പായ



കാഴ്ചയും. ക്യാമറയെ അങ്ങനെതന്നെ നിറുത്തിയിട്ടുള്ള മണികൗൾ സിനിമകളിലേതു പോലെ..' അയാൾ പറഞ്ഞു.

1970 കളുടെ അവസാനം ആർ കെ എനിക്കു് മണി കൗൾ സിനിമകൾ കാണിച്ചു തന്നിരുന്നു. അതേ ആവേശത്തിൽ ഇപ്പോഴും ഹോം തീയറ്ററുണ്ടാക്കി സിനിമകൾ കാണിച്ചു തരുന്നു. മക്കളെയും ചെറുമക്കളെയും കാണിക്കുന്നു. മണ്ണിടിച്ചിൽ വാർത്ത വന്ന ഭാഗം ടിവിയിൽ നിന്ന് ഐടി ഇഞ്ചിനീറായ അയാളുടെ മകൻ എഡിറ്റു ചെയ്ത് പ്രൊജക്ടറിലൂടെ കാണിച്ചു കൊടുക്കുകയായിരുന്നു. ഒലിച്ചു വരുന്ന മൂന്നു മരങ്ങളുടെ തടിവണ്ണം, നീളം ശാഖകൾ, തുടങ്ങിയവയെ കുറിച്ചുള്ള ഏകദേശ ധാരണ അങ്ങനെ കിട്ടിക്കഴിഞ്ഞു. മരങ്ങളാകട്ടേ അയണിയും പ്ലാവും മഹാഗണിയുമായിരുന്നു. ആ മരങ്ങളുടെ ഇലകളും ശിഖരങ്ങളും പടിപടിയായി മുറിക്കുന്നതു ഷൂട്ട് ചെയ്തു പ്രൊജക്ടർ വഴി ആർ കെ തുടർച്ചയായി കണ്ടു കൊണ്ടിരിക്കുന്നതും മറ്റുള്ളവരെ കാണാൻ പ്രേരിപ്പിക്കുന്നതും എന്തിനാണെന്ന് എനിക്കൊട്ടും മനസിലായില്ല. ആഷാഡ് കാ ഏക് ദിൻ , കാഞ്ചനസീത തുടങ്ങിയ സിനിമകളോടുള്ള അതേ താത്പര്യത്തിലാണ് ഇവയും അയാൾ ആസ്വദിക്കുന്നത്.

**മരങ്ങളുടെ ഇലകളും ശിഖരങ്ങളും പടിപടിയായി മുറിക്കുന്നതു ഷൂട്ട് ചെയ്തു പ്രൊജക്ടർ വഴി ആർ കെ തുടർച്ചയായി കണ്ടു കൊണ്ടിരിക്കുന്നതും മറ്റുള്ളവരെ കാണാൻ പ്രേരിപ്പിക്കുന്നതും എന്തിനാണെന്ന് എനിക്കൊട്ടും മനസിലായില്ല. ആഷാഡ് കാ ഏക് ദിൻ , കാഞ്ചനസീത തുടങ്ങിയ സിനിമകളോടുള്ള അതേ താത്പര്യത്തിലാണ് ഇവയും അയാൾ ആസ്വദിക്കുന്നത്.**

മുതിർന്നവരും പെൻഷൻ പറ്റിയ ഞങ്ങളിൽ ചിലരും ചേർന്നു കുറേ വർഷങ്ങളായി തുടരുന്ന യാത്രകൾ വളരെ പ്രയോജനകരമായിരുന്നുവെങ്കിലും അലോസരപ്പെടുത്തുന്നതും ഒറ്റപ്പെടുത്തുന്നതുമായ അനുഭവങ്ങൾ എനിക്കേറെയുണ്ടായി.

ആരോടും ഒന്നു സൂചിപ്പിക്കുക പോലും ചെയ്യാതെയിങ്ങനെ ഒരു യാത്ര വേണ്ടിയിരുന്നോ എന്ന് ഭാര്യ ചോദിച്ചപ്പോൾ ഈ യാത്ര തികച്ചും വ്യക്തിപരമാണ് മറ്റു പല സുഹൃത്തുക്കളെയും കാണണം ,ഒരു വിനോദസഞ്ചാര

സംഘത്തിൽ അതു നടക്കില്ല എന്നു പറഞ്ഞു ഒഴിഞ്ഞു മാറി.

ഛത്തീസ് ഗഡിലെ റായ്പൂർ ജില്ലയിൽ പെടുന്ന രാജിം എന്ന സ്ഥലത്തെ മൂന്നു നദികൾ ചേരുന്നിടത്ത് പോയി രണ്ടു ദിവസം താമസിക്കുകയായിരുന്നു ആദ്യത്തെ പരിപാടി. പിന്നീട് ബസ്തർ ,വിശാഖപട്ടണം , ശ്രീകാകുളം , രാജമുൻട്രി വഴി തിരികെ എത്തുക.

വിശാഖപട്ടണത്തുനിന് ബിലാസ്പൂരിലേക്കു പോകുന്ന സാധാരണ ട്രെയിൻ നിറയെ വിനോദസഞ്ചാരികൾ നിറഞ്ഞിരിക്കുന്നു. അഞ്ചു വർഷം മുൻപ് യാത്ര ചെയ്തിരുന്നത് നാട്ടുകാരും അവരുടെ ചെറുകൃഷിയുൽപന്നങ്ങളും വീട്ടുമൃഗങ്ങളുമായിരുന്നു. ഈയൊരു വ്യത്യാസം ആലോചിച്ചിരിക്കെ യാത്ര ഇങ്ങനെ ഒറ്റയ്ക്കാകണമെന്ന് തീരുമാനിച്ച സന്ദർഭം ഏതെന്നോ എന്തിനാണെന്നോ ഞാൻ പരതി നോക്കി. എന്തിനായിരുന്നു ? ഒരുത്തരവും കിട്ടുന്നില്ല. തിരിച്ചെത്തുമ്പോൾ ആർ.കെ യോടും മറ്റു പെൻഷൻസംഘ സുഹൃത്തുക്കളോടും എന്തെങ്കിലും കള്ളം പറയേണ്ടിവരും.

**വിശാഖപട്ടണത്തുനിന് ബിലാസ്പൂരിലേക്കു പോകുന്ന സാധാരണ ട്രെയിൻ നിറയെ വിനോദസഞ്ചാരികൾ നിറഞ്ഞിരിക്കുന്നു. അഞ്ചു വർഷം മുൻപ് യാത്ര ചെയ്തിരുന്നത് നാട്ടുകാരും അവരുടെ ചെറുകൃഷിയുൽപന്നങ്ങളും വീട്ടുമൃഗങ്ങളുമായിരുന്നു. ഈയൊരു വ്യത്യാസം ആലോചിച്ചിരിക്കെ യാത്ര ഇങ്ങനെ ഒറ്റയ്ക്കാകണമെന്ന് തീരുമാനിച്ച സന്ദർഭം ഏതെന്നോ എന്തിനാണെന്നോ ഞാൻ പരതി നോക്കി. എന്തിനായിരുന്നു ? ഒരുത്തരവും കിട്ടുന്നില്ല.**

നഗരമല്ലാത്ത വാഹനശല്യ മില്ലാത്ത ഒരു പ്രദേശത്തു് കുറേ ദിവസങ്ങൾ ചെലവഴിക്കണമെന്ന ആഗ്രഹം ഒരു മുതിർന്ന പൗരൻ എന്ന നിലയിലെങ്കിലും മറ്റുള്ളവർ സമ്മതിച്ചു തരേണ്ടതാണ്. മുതിർന്ന പൗരന്മാരോ വൃദ്ധൻമാരോ ആയവർ മുൻകാലങ്ങളിൽ കാശിക്കു പോകാറുള്ളതു് ഇങ്ങനെയുള്ള യാത്രാഭിനിവേശം കാരണമായിരുന്നോ? ആയിരിക്കാൻ സാദ്ധ്യതയില്ല.അന്നൊക്കെ വൃദ്ധരാകുമ്പോൾ മിക്കവരും അനാഥരാകുമായിരുന്നു. വരുമാനങ്ങളെന്നുമില്ലാതെ ജീവിതം വഴിമുട്ടുമ്പോൾ പുണ്യസ്ഥലം എന്നത് ഒരു ഷെൽട്ടറായി മാറും. കാശിക്കു പോകുന്നവരെ ആരും തിരിച്ചു വിളിക്കരുതെന്നുമുണ്ടായിരുന്നു. അല്പം വസ്ത്രങ്ങളുടെ ഒരു ഭാണ്ഡവുമായി അവർ സ്വയം പോവുകയാണ്, അല്ലെങ്കിൽ അവരെ പറഞ്ഞു വിടുകയാണ്. തമിഴ് നാട്ടിലൊരു ഗ്രാമത്തിലാകട്ടെ ഒരു പ്രായം കഴിഞ്ഞാൽ വൃദ്ധരെ ഇളനീരിൽ കുളിപ്പിച്ചു കുളിപ്പിച്ചു  സമാധിയാക്കുന്ന ഒരു  ചടങ്ങുണ്ട്. ഇതും സാമൂഹ്യമായി മനുഷ്യർ ഏറെറടുക്കുന്ന സന്നദ്ധ സേവനമാകുന്നു.

ട്രെയിനിൽ യാത്ര ചെയ്യുന്ന മറ്റു വൃദ്ധരെ കാണുമ്പോൾ, അവരുടെ പ്രതീക്ഷ നഷ്ടപ്പെടാത്ത മുഖവും പ്രസരിപ്പും കാണുമ്പോൾ എൻറെ ഈ ചിന്തകളെല്ലാം സമയം പാഴാക്കിക്കളയാനേ ഉപകരിക്കുകയുള്ളൂയെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്നേക്കാൾ പ്രായം കൂടിയ അവരൊക്കെ എത്ര നിസ്സാരമായി ജീവിതത്തെ നോക്കി ഓടി നടക്കുകയും സംസാരിക്കുകയും ചുറ്റുപാടുകളുമായി ഇടപെടുകയും ചെയ്യുന്നു. അതു കാണുമ്പോൾ ഉണ്ടാകുന്ന ആത്മ വിശ്വാസം തന്നെയാണ് ഈ യാത്രയുടെ ഫലം.

റായ്പൂർ സ്റ്റേഷനിലിറങ്ങി മുറിയെടുത്തു കുളി കഴിഞ്ഞയുടൻതന്നെ ഒരു ചെറു സഞ്ചിയിൽ ഫോണും ഒരു തോർത്തുമിട്ട് ഘടിചവുക്കു വഴി നടന്ന് പണ്ടിരി പഴയ ബസ്സ്റ്റാന്റിൽ ചെന്ന് നേരേ രാജിമിലേക്കുള്ള ബസിൽ കയറി. നേരം നന്നായി വെളുക്കാത്തതു കൊണ്ടാണോ രജിമിലെ ക്ഷേത്രത്തിൽ വിശേഷ ദിവസമൊന്നുമല്ലാത്തതിനാലാണോ ബസിൽ യാത്രക്കാർ കുറവായിരുന്നു. രജിം എന്ന ചെറുപട്ടണത്തിലുള്ള രാജീവ് ലോചൻ ക്ഷേത്രവും സമീപത്തെ ത്രിവേണി സംഗമ നദിയുമാണ് അവിടത്തെ ആകർഷക കാഴ്ച. ആഷ, മഹാനദി, സന്തൂർ എന്നീ മൂന്നു നദികൾ വന്നു ചേരുന്ന സംഗമ സ്ഥാനത്തു് ജലമദ്ധ്യത്തിൽ പഞ്ചമുഖ കുലേശർ എന്നൊരു ക്ഷേത്രവുമുണ്ട്.

നീണ്ടു പരന്നൊഴുകുന്ന നദി മുറിച്ച് കടന്നു പോകേണ്ടതിനാൽ ആ ക്ഷേത്രത്തിലേക്ക് പ്രത്യേക പൂജകൾക്കല്ലാതെ ആൾക്കാർ പോകാറില്ല. പരന്നൊഴുകുന്ന താഴ്ചയില്ലാത്ത വെള്ളത്തിലൂടെ നടന്നും വേണമെങ്കിൽ നീന്തിയും പോകാം. കഴിഞ്ഞ തവണ രജിം വരെ വന്നു കരയ്ക്കുനിന്ന് തൃവേണീ സംഗമം നോക്കി തിരിച്ചു പോകാൻ തീരുമാനിച്ചപ്പോൾ ഇത്രയും ദൂരം യാത്ര ചെയ്തു വന്ന സ്ഥിതിക്ക് സംഗമസ്ഥാനം വരെയെങ്കിലും വെള്ളത്തിലൂടെ നടന്നു ചെന്ന് തിരിച്ചു വരാമെന്ന എന്റെ അപേക്ഷ ഭൂരിപക്ഷം പേരും നിരാകരിച്ചു. അനന്തമായി നീണ്ടു പരന്നു കിടക്കുന്ന അതിർത്തി പോലും കാണാൻ കഴിയാത്ത നദിയിൽ ഒരു ക്ഷേത്രമുണ്ടെന്നും അവിടം വരെ നടന്നു പോകാമെന്നുമൊക്കെ പറയുന്നത് അല്പം കടന്ന ചിന്തയാണെന്നായിരുന്നു പൊതുധാരണ. കൂട്ടത്തിൽ പ്രായമായവരെക്കാൾ എതിർപ് താരതമ്യേന ചെറുപ്പക്കാരായവർക്കായിരുന്നു. അവർ പറഞ്ഞു: നിങ്ങൾക്കൊക്കെ ഇനിയൊന്നും നഷ്ടപ്പെടാനില്ല മക്കളുടെയൊക്കെ കാര്യം കഴിഞ്ഞു, ജോലിയായി, വിവാഹം കഴിഞ്ഞു. ഒഴുക്കിൽ പെട്ടു പോയാലും താഴ്ചയിൽ പൂന്തിപ്പോയാലും കുഴപ്പമില്ല. പക്ഷേ ഇവിടെ നിന്ന് മൃതദേഹം കൊണ്ടുപോകാനും അടക്കാനും, പോലീസ് വെരിഫിക്കേഷനുമൊക്കെ ഞങ്ങളുണ്ടാകുമെന്നു ധരിച്ചാണോ? പകുതി തമാശയായും പകുതി ഗൗരവത്തിലും ഒരാൾ ചോദിച്ചു. ആ ചോദ്യത്തോടെ കാലു നനച്ച് പുഴ കടക്കാൻ നിന്നവർ പോലും

പിൻവലിഞ്ഞു. ആരുമായും ഇനിയൊരു യാത്രയ്ക്ക് ഞാനില്ല എന്ന് അപ്പോൾ തന്നെ തീരുമാനമെടുത്തതാണ്. ഇത്രയും അരസികൻമാരായ കൂട്ടരുമായി ഒരു ചെറുയാത്ര പോലും നടത്തുന്നതു ശരിയല്ല എന്ന് തോന്നിത്തുടങ്ങിയാട്ട് കുറേ നാളായിയെങ്കിലും പണ്ടുതൊട്ടേയുള്ള ചങ്ങാത്തം കാരണം എല്ലാവർഷവും യാത്രയ്ക്കു ചേർന്നുപോകുന്നുവെന്നു മാത്രം.

യാത്ര ചെയ്യുമ്പോൾ തന്നെ അവർ പലതരം പണികളിൽ വ്യാപൃതരായിരിക്കും. മൊബൈൽ ഫോൺ വഴി സ്വന്തം ഓഫീസുകൾ, ജീവനക്കാർ, വിശ്വസ്തർ, ശത്രുക്കൾ, കുടുംബാംഗങ്ങൾ തുടങ്ങിയവരുമായും സമ്പർക്കത്തിലേർപെടുകയും ചലിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യും. ഇടയ്ക്ക് ഒരനുഷ്ഠാനം പോലെ മൊബൈൽ ഫോട്ടോയെടുക്കുകയും അതേ സമയം മറ്റെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. രാമഭദ്രനാകട്ടേ ഒരു ചെറുപുഞ്ചിരിയുമായി എപ്പോഴും മൊബൈൽ വഴി ഷെയർ ഇൻവെസ്റ്റ്മെന്റുകൾ മാറ്റുകയും നടത്തുകയും ലാഭവിഹിതം കണക്കുകൂട്ടുകയും ചെയ്തുകൊണ്ടിരിക്കും, കൂട്ടത്തിൽ ഏറ്റവും ശാന്തനായ അയാൾ ഇടയ്ക്കിടെ ഊറിച്ചിരിക്കുന്നതും കാണാം. പണം അങ്ങോട്ടുമിങ്ങോട്ടും മാറ്റിയും മറിച്ചുമിരിക്കുമ്പോൾ ലാഭം കിട്ടുന്ന സമയത്താണ് ഭദ്രൻ ഊറിചിരിക്കുന്നതെന്ന് ആർകെ പറയും. എല്ലാ രീതിയിലും ഭദ്രനാണ് ഭേദമെന്ന് എനിക്കു തോന്നിയിട്ടുണ്ട്. അയാൾ ആരുമായും ഇടപാടുകൾ നടത്തുകയോ പ്രശ്നമുണ്ടാക്കുകയോ ചെയ്യുന്നില്ല. സംഘടനാപ്രവർത്തനവും സാമൂഹ്യസമ്പർക്കങ്ങളും എന്തിന് ഇവരെല്ലാമായി ബന്ധപ്പെട്ടിരിക്കുന്ന ഭൂമിയിടപാട് കൂട്ടങ്ങളുമോ ആയി ബന്ധപ്പെടുന്നില്ല. പക്ഷേ ഭദ്രന് ഒരു രാഷ്ട്രീയവുമില്ല. അയാൾ അരാഷ്ട്രീയക്കാരനാണ്, ഒരു പിടിയും തരുന്നില്ല എന്ന പൊതു അഭിപ്രായം ആദ്യം എനിക്കുമുണ്ടായിരുന്നെങ്കിലും ഈയിടെയായി ഞാനത് ഓർക്കാൻ പോലുമിഷ്ടപ്പെടുന്നില്ല.

രജീവലോചൻ ക്ഷേത്രത്തിലേക്ക് പോകുന്നവരെ കടന്ന് നദിയോരത്തു കൂടി നീങ്ങുമ്പോൾ അപ്പോൾ തുറന്നു തുടങ്ങിയ ഡാബയിൽ നിന്ന് ക്ഷണിക്കുന്ന ഭാവത്തോടെ ഒരു ചെറുപ്പക്കാരൻ മുന്നോട്ടു വന്നു.

'ആയിയേ സാബ്.... എല്ലാം റെഡിയാണ്'

' പ്രാതൽ കഴിച്ചു. ഞാൻ പോയി തിരിച്ചു വരാം.'

**ന്നൊക്കെ വൃദ്ധരാകുമ്പോൾ മിക്കവരും അനാഥരാകുമായിരുന്നു. വരുമാനങ്ങളെന്നുമില്ലാതെ ജീവിതം വഴിമുട്ടുമ്പോൾ പുണ്യസ്ഥലം എന്നത് ഒരു ഷെൽട്ടറായി മാറും. കാശിക്കു പോകുന്നവരെ ആരും തിരിച്ചു വിളിക്കരുതെന്നുമുണ്ടായിരുന്നു. അല്പം വസ്ത്രങ്ങളുടെ ഒരു ഭാണ്ഡവുമായി അവർ സ്വയം പോവുകയാണ്, അല്ലെങ്കിൽ അവരെ പറഞ്ഞു വിടുകയാണ്. തമിഴ് നാട്ടിലൊരു ഗ്രാമത്തിലാകട്ടെ ഒരു പ്രായം കഴിഞ്ഞാൽ വൃദ്ധരെ ഇളനീരിൽ കുളിപ്പിച്ചു കുളിപ്പിച്ചു സമാധിയാക്കുന്ന ഒരു ചടങ്ങുണ്ട്. ഇതും സാമൂഹ്യമായി മനുഷ്യർ ഏറ്റെടുക്കുന്ന സന്നദ്ധ സേവനമാകുന്നു.**

'അവിടെയും തുറന്നിട്ടുണ്ട്. ഇവിടെ കഴിക്കാനുള്ളതും റെഡി. '

തൊട്ടെതിർവശത്തെ ബിവറേജസിന്റെ മദ്യക്കട തുറന്നു കഴിഞ്ഞെന്ന് അവൻ സൂചിപ്പിക്കുകയാണ്. അവിടെനിന്നു വാങ്ങി ഇവിടെ വന്നിരുന്നു കൂട്ടത്തിൽ ആഹാരവും കഴിക്കാം. ഒരു ക്വാർട്ടർ വാങ്ങി അല്പം ആഹാരവും കഴിച്ച് വെള്ളത്തിലിറങ്ങി നടന്നു നദി കടന്നാലോ എന്നൊരു നിമിഷം ഞാനാലോചിച്ചു. അല്ലെങ്കിൽ രാവിലേതന്നെ വേണ്ട. പോയി തിരിച്ചു വന്നു സമാധാനത്തോടെ ആകാമെന്നാശ്വസിച്ച് പൈജാമ അരയ്ക്ക് താഴെ നിൽക്കും വിധം ചുരുട്ടിക്കയറ്റി ഞാൻ നദിയിലേക്കിറങ്ങി. വെയിലില്ലാത്തതും അവിടവിടെ കോട തങ്ങിനിൽക്കുന്നതുമായ അന്തരീക്ഷത്തിലെ വിശാലമായ ജലപ്പരപ്പ് ഒരു തരം ശൂന്യതയാണുണ്ടാക്കുന്നതെന്നുതോന്നി.

ഓരോ ചുവടും വയ്ക്കുമ്പോൾ വെള്ളത്തിൽ നിന്നു നല്ല ശബ്ദം കേൾക്കുന്നുണ്ട്. കാലുകൾ എടുത്തു വയ്ക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന താഴ്ചയായപ്പോൾ ഉടുപ്പൂരി തലയിൽ കെട്ടി പതുക്കെപ്പതുക്കെ തുഴഞ്ഞു ഞാൻ മുന്നോട്ടു നീങ്ങി.

അങ്ങനെ നീന്തിയും നടന്നും നീങ്ങുമ്പോഴാണ് വെള്ളത്തെ മാറ്റി മറിച്ചുകൊണ്ട് ആരോ പുറകേ വരുന്നതായി എനിക്കനുഭവപെട്ടത്. ഇരുവശങ്ങളിലേക്കും വേഗതയിൽ വെള്ളം തള്ളിമാറ്റി എന്നാൽ ലാഘവത്തോടെ മുന്നോട്ടു നീങ്ങുന്ന അയാൾ ഉച്ചത്തിൽ എന്തോ പറയുന്നുണ്ടായിരുന്നു . നിങ്ങൾ പതുക്കെ സാവകാശം വന്നാൽ മതി എന്നായിരുന്നു അയാൾ ഉച്ചത്തിൽ പറഞ്ഞതെന്ന് പിന്നെ മനസിലായി. ഈ സ്ഥലക്കാരനല്ലാത്തതുകൊണ്ടും വെള്ളത്തിൽ ഇങ്ങനെ ദീർഘദൂരം നടന്നും നീന്തിയും പരിചിതനല്ലാത്തതുകൊണ്ടുമായിരിക്കാം അയാൾ അങ്ങനെ പറഞ്ഞത്. ഉച്ചിയിൽ നിന്നും പിറകിലേക്കിട്ടിരിക്കുന്ന നേർത്ത കുടുമ ഒഴിച്ചാൽ തലയും മുഖവും പരിപൂർണമായി ഷേവു ചെയ്തിരിക്കുകയും നെറ്റിയിൽ മൂക്കിന്റെ പാലത്തിൽ നിന്ന് തലയുടെ നടുവിൽ വരെ നേർവരയിൽ വരച്ച ചുവന്ന കുറിയും തോളോടു ചേർന്ന് കൈയ്യിൽ കാണപ്പെടുന്ന കുറികളും പൂണൂലും അയാൾ ഒരു ബ്രാഹ്മണനാണെന്നും വൈദികമായ ഏതോ ചെയ്യുന്നവനാണെന്നും വ്യക്തമാക്കുന്നതായിരുന്നു. അതിവേഗം കടന്നു പോയ അയാളുടെ കുടുമിത്തലയുടെ രൂപം കോടമഞ്ഞിൽ വിലയം പ്രാപിച്ചു.



ഞാനൊരല്പനേരം നിന്നു. നാലുപാടും അതിർത്തികൾ കാണാനില്ലാത്ത ജലപ്പരപ്പിൽ ഒറ്റയ്ക്കു നിൽക്കുമ്പോൾ എന്തെന്നറിയാത്ത ഒരു ഭയം തോന്നിത്തുടങ്ങി. വാസ്തവത്തിൽ അതു ഭയമാണോ എന്നു കൃത്യമായി പറയാൻ കഴിയുന്നില്ല. മനുഷ്യരില്ലാത്ത ഏതോ ഒരു ശൂന്യലോകത്തിൽ അകപ്പെട്ടിരിക്കുന്ന പോലെ. അല്പം മുൻപ് ആ ബ്രാഹ്മണൻ കടന്നു പോയതും രണ്ടു വാക്കു സംസാരിച്ചതും ഇതൊരു ഒഴിഞ്ഞ സ്ഥലമല്ലെന്ന തോന്നൽ ഉണ്ടാക്കി. അഥവാ എനിക്കെന്തെങ്കിലും സംഭവിച്ചാൽ ഇവിടേക്കു വരുന്നതിനെ വിലക്കിയ യാത്രാസംഘക്കാർക്ക് പറഞ്ഞു ചിരിക്കാനൊരു വകയുമായി.

**ആഷ, മഹാനദി, സന്തൂർ എന്നീ മൂന്നു നദികൾ വന്നു ചേരുന്ന സംഗമ സ്ഥാനത്തു് ജലമദ്ധ്യത്തിൽ പഞ്ചമുഖകുലേശർ എന്നൊരു ക്ഷേത്രവുമുണ്ടു്. നീണ്ടു പരന്നൊഴുകുന്ന നദി മുറിച്ച് കടന്നു പോകേണ്ടതിനാൽ ആ ക്ഷേത്രത്തിലേക്ക് പ്രത്യേക പൂജകൾക്കല്ലാതെ ആൾക്കാർ പോകാറില്ല. പരന്നൊഴുകുന്ന താഴ്ചയില്ലാത്ത വെള്ളത്തിലൂടെ നടന്നും വേണമെങ്കിൽ നീന്തിയും പോകാം.**

ബ്രാഹ്മണൻ കടന്നുപോയ വെള്ളച്ചാൽ നോക്കി ഞാൻ നീന്തിത്തുടങ്ങി. അല്പദൂരം ചെന്നപ്പോൾ അതാ ആ സംഗമസ്ഥാനം കാണാറായി. അവിടെ ജലപ്പരപ്പിനു നടുവിൽ പാറക്കല്ലുകൾ കൊണ്ടു കെട്ടിപ്പൊക്കിയ ഒരു ക്ഷേത്രമുയർന്നു നിൽക്കുന്നു. ഏകദേശം മൂന്നാൾ പൊക്കത്തിലുള്ള പടവുകൾ കയറി ക്ഷേത്രം നിൽക്കുന്ന കൽപ്പരപ്പിൽ ചെന്ന് ഒരരികിലിരുന്നു. അവിടെയിരുന്ന് ചുറ്റും കാണുന്നത് നല്ല അനുഭവമാണ്. ഇടയ്ക്കിടെ ശാന്തമായ കാറ്റു തഴുകി കടന്നു പോകുന്നു. എഴുന്നേറ്റു കൊണ്ട് ഞാൻ നടത്തയാരംഭിച്ചിടത്തേക്കുനോക്കി. അവിടവിടെ രണ്ടു മൂന്നു ആൾക്കാർ പൊട്ടുകൾ പോലെ കാണാം. വെള്ളത്തിൽ തപ്പിത്തപ്പി നടക്കുകയാണവർ.

ദൂരേക്കങ്ങനെ നോക്കിനിൽക്കെ ക്ഷേത്രത്തിനകത്തുനിന്ന് നേരേത്തേകണ്ട ബ്രാഹ്മണൻ ഇറങ്ങിവന്നു നിലത്തിരുന്നു കൊണ്ട് കുറേ പൂജാ ദ്രവ്യങ്ങൾ ക്രമമായി നിരത്തിത്തുടങ്ങി. ' ഞാൻ തയ്യാറായിക്കഴിഞ്ഞു. താങ്കൾ ഇവിടെ വന്നിരിക്കുക'

അയാൾ കൈ ഉയർത്തി കാണിച്ചു. അല്പം സങ്കോചത്തോടെ ഇരിക്കാൻ ശ്രമിക്കുമ്പോൾ അയാൾ ചോദിച്ചു:

'താങ്കളുടെ പേര്?'

' സുപാൽ ' ഞാൻ പറഞ്ഞു.

എന്തിനാണ് അവിടെ ചെന്നിരിക്കുവാൻ അയാൾ ക്ഷണിച്ചതെന്ന് എനിക്കു മനസിലായില്ല. അയാൾ ചെയ്യാൻ പോകുന്ന പൂജാകർമ്മത്തിന് സാക്ഷ്യം വഹിക്കാനോ പങ്കാളിയാകാനോ വേണ്ടിയുള്ളതാണെന്നു വ്യക്തം. അടിമുടി ബ്രാഹ്മണനായ ഒരാൾ എന്നെ അങ്ങനെ ക്ഷണിക്കുന്നത് ഒട്ടും പ്രതീക്ഷിക്കാവുന്നതുമല്ല. അയാൾ വീണ്ടും നിർബന്ധിക്കുന്നതനുസരിച്ച് ഞാൻ അവിടെ ചെന്നിരുന്നു. പൂജാരി ഇരുന്നതു പോലെ ചമ്രം പൂട്ടി ഇരിക്കാൻ എനിക്കു കഴിയുകയില്ലായിരുന്നു. അതു മനസ്സിലാക്കി ഒരു മുട്ടുയർത്തിവച്ച് ഇഷ്ടം പോലെയിരിക്കാൻ അയാൾ പറഞ്ഞു. പൂജാദ്രവ്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാററുകയും മന്ത്രങ്ങൾ പോലെ എന്തൊക്കെയോ പിറുപിറുക്കുകയും ചെയ്തു കൊണ്ടിരുന്നപ്പോൾ ഞാനയാളെ പ്രത്യേകം ശ്രദ്ധിച്ചു. വെള്ളത്തിൽ നിന്നു ക്ഷേത്രത്തിലേക്കു കയറിയ അയാൾ കാവിമുണ്ടുടുക്കുകയും ശരീരമാകെ പലതരം കുറികൾ ചാർത്തുകയും രുദ്രാക്ഷമാലകൾ ധരിക്കുകയും കവചകുണ്ഡലങ്ങൾ അണിയുകയും, ചെയ്തിരിക്കുന്നു. പൂജാരിയുടെ ഇരിപ്പും പൂക്കളും പുകയും ചിരാതുകളിലെ തീനാളങ്ങളും ഇടയ്ക്കിടയ്ക്ക് കൈയ്യുയർത്തി കിലുക്കുന്ന മണിയടിയൊച്ചയും എല്ലാം ചേർന്ന് ഇനിയെന്തുമാകട്ടേയെന്നും കിട്ടിയതെല്ലാം നല്ല അനുഭവം തന്നെയെന്നും കരുതി ഞാനിരുന്നു. അപ്പോഴാണ് പൂജാരി ഒരു നേർചോദ്യമുന്നയിച്ചത്. അപ്പോൾ മാത്രമാണ് ഞാൻ ബലികർമം ചെയ്യാൻ വന്നവനാണെന്നു കരുതി അതനുസരിച്ച് അയാൾ ബലികർമങ്ങളുടെ കാർമികത്വം ചെയ്തു കൊണ്ടിരിക്കുകയാണെന്നും തിരിച്ചറിയുന്നത്. അതയാളുടെ കുറ്റമല്ല. ആ ക്ഷേത്രാങ്കണം ബലികർമസ്ഥലമായി കരുതപ്പെടുന്നുണ്ടാവാം.

**അങ്ങനെ നീന്തിയും നടന്നും നീങ്ങുമ്പോഴാണ് വെള്ളത്തെ മാറ്റി മറിച്ചുകൊണ്ടു് ആരോ പുറകേ വരുന്നതായി എനിക്കനുഭവപെട്ടതു്. ഇരുവശങ്ങളിലേക്കും വേഗതയിൽ വെള്ളം തള്ളിമാറ്റി എന്നാൽ ലാഘവത്തോടെ മുന്നോട്ടു നീങ്ങുന്ന അയാൾ ഉച്ചത്തിൽ എന്തോ പറയുന്നുണ്ടായിരുന്നു . നിങ്ങൾ പതുക്കെ സാവകാശം വന്നാൽ മതി എന്നായിരുന്നു അയാൾ ഉച്ചത്തിൽ പറഞ്ഞതെന്ന് പിന്നെ മനസിലായി. ഈ സ്ഥലക്കാരനല്ലാത്തതു കൊണ്ടും വെള്ളത്തിൽ ഇങ്ങനെ ദീർഘദൂരം നടന്നും നീന്തിയും പരിചിതനല്ലാത്തതുകൊണ്ടുമായിരിക്കാം അയാൾ അങ്ങനെ പറഞ്ഞത്.**

ഞാനാദ്യമായി ബലികർമം ചെയ്തത് തീരെ ചെറുപ്പത്തിലാണ്. വീട്ടിലോ അടുത്ത ബന്ധുക്കളുടെയിടയിലോ ആൺ കുട്ടികളാരുമില്ലായിരുന്നതിനാൽ സ്ഥിരമായി ബലികർമത്തിനു നിയോ ഗിക്കപ്പെട്ടിരുന്നത് ഞാനായിരുന്നു. അമ്മുമ്മ, അമ്മാവന്മാർ, അപ്പൂപ്പൻ, ചിറ്റപ്പൻ, അങ്ങനെ ഉറ്റവരുടെ ബലികർമങ്ങളെല്ലാം പതിനെട്ടു വയസിനിടയിൽ എനിക്കു ചെയ്യേണ്ടിവന്നു. പിന്നീട് രാഷ്ട്രീയ വിശ്വാസങ്ങളുമായി യോജിക്കുന്നില്ലെന്നു വന്നപ്പോൾ നിറുത്തിത്തുടങ്ങിയെങ്കിലും മരണപ്പെട്ടവരുടെ ആഗ്രഹപ്രകാരം ബലി ചെയ്യാതിരിക്കുന്നത് നീതിയല്ല എന്ന് മക്കൾ പോലും പറഞ്ഞു തുടങ്ങിയപ്പോൾ വീണ്ടും തുടങ്ങി. അവസാനം അതിനായി ഒരു സ്ഥലവും കണ്ടു പിടിച്ചു. അരുവിപ്പുറം.

.'താങ്കൾ ഏതോ ആലോചനയിലാണോ '

പൂജാരി ചോദിക്കുന്നു.

'ഇതു് പഞ്ചമുഖകുലേശ്വർ ക്ഷേത്രമാണ്. അതായത് അഞ്ചുമുഖമുള്ള ശിവന്റെ ക്ഷേത്രം. ത്രിവേണി സംഗമസ്ഥാനത്തുള്ള ഈ ക്ഷേത്രം പോലെയൊന്ന് ലോകത്തിലെങ്ങുമില്ല. അപൂർവ്വം പേർ മാത്രമാണിവിടെ വരുന്നത്. ഒരിക്കൽ വന്നവർ വീണ്ടും വരും. ബലിയിടും. പരേതാത്മാക്കൾ ഇപ്പോഴും ജീവിക്കുന്നു എന്നു പറഞ്ഞാൽ അവർ നമ്മെപോലെ ഇറങ്ങി നടക്കുന്നുവെന്നല്ല. അവർ നിതാന്തമായ ഓർമകളായി, വസ്തുക്കളും ആശയഅർത്ഥങ്ങളുമായി ജീവിക്കും. ശിവഭഗവാനെ നോക്കൂ. ഒരു കാലത്തു് ജീവിച്ച് മരിച്ചു പോയെങ്കിലും ഇപ്പോഴും ജീവിക്കുന്നു. ഇവിടെ അഞ്ചുമുഖമുള്ള ശിവനാണ്, ആ ശിവനുമുന്നിലെ ത്രിവേണീ സംഗമത്തിലിടുന്ന ബലി പരേതാത്മാക്കൾ ഭൂമിയിൽ സൃഷ്ടിച്ചതെല്ലാം ധന്യമാക്കും. '

മരിച്ചവരെ സ്മരിക്കുക മാത്രമല്ല അവർ സൃഷ്ടിച്ചു വച്ചതെല്ലാം - ഭൗതികവും ആത്മീയവുമായതെല്ലാം - ബലികർമത്തിലൂടെ നിലനിൽക്കുകയും അനശ്വരമാക്കപ്പെടുകയും ചെയ്യുമെന്നാണ് പൂജാരി വിശദീകരിക്കുന്നത്.

'ഇനി ബലിയർപ്പിക്കേണ്ടുന്ന പേരുകൾ പറയൂ'

മിക്കവാറും എല്ലാപേരുടെയും പേരിൽ ബലികർമ്മം ചെയ്തത് കഴിഞ്ഞ ആഴ്ച്ചയിലാണ് !

'പറയൂ. ഒരു മൂന്നു പേരുകളാവട്ടേ '.

ബലിയിടാത്ത പേരുകൾ ഒന്നും കടന്നുവരുന്നില്ല.

'കാറൽ മാർക്സ്, ഫ്രെഡറിക് എംഗൽസ്, വാട് ലിമിർ ഇല്യനോവിച്ച് ലെനിൻ '

ഞാൻ ഒരു ശ്വാസത്തിൽ പറഞ്ഞു.

അല്പം വിമുഖതയോടെ അയാൾ പറഞ്ഞു.

' ഞാനിതെങ്ങനെ ഉച്ചരിക്കും? ഭയങ്കരമായ കട്ടി പേരുകൾ! 'എന്നിട്ട് പതുക്കെ പിറുപിറുത്തു:

' കുറച്ചു കൂടി മയമുള്ള പേരു വല്ലതുമായാൽ നന്നായിരുന്നു.'

ഞാൻ പിന്നീടൊന്നുമാലോചിച്ചില്ല. ഒരാവേശത്തിൽ

നിറുത്തി നിറുത്തി വ്യക്തമാക്കി പറഞ്ഞു:

'ഈയെമ്മെസ്

എ കെ ജി

പി കൃഷ്ണപിള്ള'

തയ്യാർ ചെയ്തുവച്ചിരുന്ന ബലിചോറു പോലെ ഏതോ ഒന്ന് മൂന്നായി ഉരുട്ടി മൂന്നിലകളിൽ വച്ചു പൂക്കളും മറ്റുമിട്ട് ഓരോ പേരുകൾ അയാൾ ചൊല്ലാൻ തുടങ്ങി. ഈയെമ്മെസ് എ കെ ജി പി കൃഷ്ണപിള്ള എന്നതു് അയാൾ ചൊല്ലുന്ന മന്ത്രങ്ങളിൽ മൂന്നാവർത്തിയും പിന്നീടു ഇടയ്ക്കിടയ്ക്കും മുഴങ്ങി കേട്ടുകൊണ്ടിരുന്നു. ഓരോ വാക്യങ്ങളും അവസാനിക്കുമ്പോൾ കൈയ്യുയർത്തി മണിയടിനാദം മുഴക്കിക്കൊണ്ടിരുന്നു. ഉദാഹരണത്തിനു് ഈയമ്മെസ് എന്നു പറയുമ്പോൾ കുറേ നേരം മണിയടിക്കുക, എ. കെ ജി യെന്നും പി കൃഷ്ണപിള്ള യെന്നും ഉച്ചരിക്കുമ്പോൾ നിറുത്തിനിറുത്തി മണിനാദം മുഴക്കുക, അങ്ങനെ ശബ്ദവീചികളുടെയും ചുറ്റിലും നിറഞ്ഞു നിൽക്കുന്ന ജലപ്പരപ്പിന്റെയും ഒരു മാസ്മര അന്തരീക്ഷത്തിൽ ഞാൻ എല്ലാം മറന്നിരുന്നു പോയി.

മണിനാദങ്ങളും പൂജാമന്ത്രങ്ങളും നിലച്ചു ഒരല്പനേരം നിശബ്ദതയിലാണ്ടു.

'സുപാൽജി '

പൂജാരിയുടെ വിളി കേട്ടാണ് ഞാനുണർന്നു പോയത്.

ഇത്രയുംനേരം മറ്റേതോ ലോകത്തിലായിരുന്നുവെന്ന കുറ്റബോധത്താൽ ഞാൻ അയാളെ നോക്കി.

'സൂര്യഭഗവാനെ നോക്കി പ്രാർത്ഥിച്ച് ഇതൊഴുക്കി കളയാം.''

സൂര്യനെ കാണാനില്ലെങ്കിലും അയാൾ ദിക്കു കാട്ടിത്തന്നു.

'എല്ലാം കഴിഞ്ഞു.'

പൂജാരി തറ വൃത്തിയാക്കാൻ തുടങ്ങി.

ഞാനൊരു അഞ്ഞൂറു രൂപ എടുത്തു നീട്ടിയതും ഇരു കൈകളും കുമ്പിളാക്കി സ്വീകരിച്ചതും ഒന്നിച്ചായിരുന്നു. ക്ഷേത്രത്തിനു ചുററിലും നടന്നുകൊണ്ട് അവിടെയുള്ള അന്നപൂർണേശ്വരീദേവി പ്രതിഷ്ഠയിലും രജിംദുർഗ പ്രതിഷ്ഠയിലും കൊണ്ടുപോയി പ്രാർത്ഥിച്ച് യാത്ര പറയുകയും ചെയ്തു.

ഞാൻ വെള്ളത്തിലേക്കിറങ്ങാനായി കൽപ്പടവിലിരുന്നു. ഇത്തവണ പെജാമയും ഷർട്ടും അണ്ടർ വെയറും ഉൾപ്പെടെ എല്ലാമഴിച്ച് ചെറിയ സഞ്ചിയിലാക്കി ഒരു തോർത്തുടുത്തു ഇറങ്ങി നടന്നു നീന്തുമ്പോൾ വല്ലാത്ത ശാന്തതയും ആത്മവിശ്വാസവും തോന്നി. അങ്ങോട്ടു പോയതിനേക്കാൾ വേഗത്തിൽ കരയ്ക്കടുത്ത് എത്തിയതായി തോന്നി. കരയിൽ നിന്ന് നനവൊന്നു മാറ്റി പൈജാമയും ഷർട്ടും ധരിച്ചു ഇളം കാറ്റു മേറ്റ് നടക്കുമ്പോൾ ഡാബയിൽ നിന്ന് മണം പരന്നു തുടങ്ങുന്നുണ്ടായിരുന്നു. നേരേ ബിവറേജസിൽ നിന്ന് ഒരു ക്വാർട്ടർ വിസ്കി വാങ്ങി ഡാബയിലിരിക്കുമ്പോൾ സോഡയും ഉള്ളി സലാടും ആവി പറക്കുന്ന മല്ലിയില ബജിയും മേശപ്പുറത്തു നിരന്നു കഴിഞ്ഞിരുന്നു. ആദ്യ പെഗും മല്ലിയില ബജിയും കഴിക്കുമ്പോൾ വെപ്രാളം കൂടിപ്പോയോ എന്നു തോന്നി. അടുത്ത പെഗ് സാവകാശമാക്കി വഴിയിലേക്കുനോക്കിയിരുന്നു.

ഈ സമയം മുൻപ് കർമം നടത്തിയ പൂജാരി തിരികെ പോവുകയായിരുന്നു. അല്പം സങ്കോചത്തോടെ ഒന്നു ചുരുങ്ങിയിരിക്കാൻ ശ്രമിച്ചപ്പോഴുണ്ട് അയാൾ ഡാബയിലേക്കു നോക്കുന്നു. എന്നെ കണ്ടതോടെ അല്പനേരമൊന്നുനിന്നു. പിന്നീടയാൾ നേരേ നടന്നു വന്നു. ബലികർമം ചെയ്തതിനു പിറകേ നീയിരുന്നു മദ്യപിക്കുകയാണോ എന്നു ചോദിക്കാനായിരിക്കും ആ വരവെന്നു കരുതി മറുപടി പറയാൻ തയ്യാറായി ഞാനിരുന്നു.

'എനിക്കു കൂടി വാങ്ങിത്തരൂ ഭായ് '

'തീർച്ചയായും ' സന്തോഷത്തോടെയും അത്ഭുതത്തോടെയും ഞാൻ പറഞ്ഞു.

ഡാബയിലെ ചെറുപ്പക്കാരനെ അയച്ച് ഒരു ക്വാർട്ടർ കൂടി വാങ്ങി അഭിമുഖമായി ഇരിക്കുമ്പോൾ പൂജാരി സംസാരിച്ചു തുടങ്ങി.

**ഏകദേശം മൂന്നാൾ പൊക്കത്തിലുള്ള പടവുകൾ കയറി ക്ഷേത്രം നിൽക്കുന്ന കൽപ്പരപ്പിൽ ചെന്ന് ഒരരികിലിരുന്നു. അവിടെയിരുന്ന് ചുറ്റും കാണുന്നത് നല്ല അനുഭവമാണ്. ഇടയ്ക്കിടെ ശാന്തമായ കാറ്റു തഴുകി കടന്നു പോകുന്നു. എഴുന്നേറ്റു കൊണ്ട് ഞാൻ നടത്തയാരംഭിച്ചിടത്തേക്കുനോക്കി. അവിടവിടെ രണ്ടു മൂന്നു ആൾക്കാർ പൊട്ടുകൾ പോലെ കാണാം. വെള്ളത്തിൽ തപ്പിത്തപ്പി നടക്കുകയാണവർ.**

'പുണ്യകർമങ്ങളൊക്കെ ചെയ്തു ത്രിവേണിസംഗമ ജലപ്രവാഹം നീന്തി വന്നു കരയ്ക്കിരിക്കുമ്പോൾ കുറച്ചു കുടിക്കുകയും തിന്നുകയും വേണം. പ്രത്യേകിച്ചു ഈ തണുപ്പു കാലത്ത് . സാവകാശം നമുക്കിരിക്കാം.'

നീണ്ട കുറിയും പൂണൂലും മൊട്ടത്തലയും ഉണ്ടാക്കിയ അകൽച്ച ഇല്ലാതെയാകും വിധം അടുപ്പത്തോടെയും സഹകരണത്തോടെയുള്ള ഈ ബ്രാഹമണന്റെ സാമീപ്യം എന്നെ വല്ലാതെ സ്പർശിക്കുകയും പ്രചോദിതനാക്കുകയുമുണ്ടായി. നിസ്സാരമായ ഒരു മദ്യപാന സൗഹൃദമല്ലിതെന്നും അതിലുപരി മറ്റു ചില ജീവിതാനുഭവങ്ങൾ ഇന്നു ലഭിച്ചുവെന്നുമുള്ള ചിന്ത എന്നെയും സംസാരിക്കാൻ പ്രേരിപ്പിച്ചു. അറിയാവുന്ന ഹിന്ദിയിൽ ഞാനും സംസാരിച്ചു തുടങ്ങി. പഞ്ചമുഖ കുലേശ്വരനെന്ന സങ്കൽപ്പം പഞ്ചഭൂതങ്ങളെയുദ്ദേശിച്ചാണെന്നു ഞാൻ പറഞ്ഞപ്പോൾ അയാൾ ഒന്നു സൂക്ഷിച്ചു നോക്കി. ഞാൻ പറഞ്ഞു:

'കാഴ്ചയിലൂടെ മാത്രമല്ല, സർവ പഞ്ചേന്ദ്രിയങ്ങളിലൂടെയും ഭൂമി,ജലം, അഗ്നി, വായു, ആകാശം എന്നിവ നമ്മൾ അനുഭവിക്കുന്നു. എല്ലാമെനിക്ക് ചുറ്റപ്പെട്ടിരിക്കു



ന്നു .. അല്ലെങ്കിൽ എല്ലാം എന്നിൽ അടങ്ങിയിരിക്കുന്നു. ‘

‘അതുതന്നെയായിരിക്കാം പഞ്ചമുഖനായ ശിവനിൽ അടങ്ങിയിരിക്കുന്നതും‘ പൂജാരിയും സമ്മതിച്ചു.

രണ്ടാമത്തെ പെഗ് കഴിഞ്ഞപ്പോൾ ‘ അല്പം ബജിയും കൂടി ‘ഞാൻ പറഞ്ഞു.

അപ്പോൾ അയാൾ പറഞ്ഞു:

‘വേണ്ട. ഇവിടെയിപ്പോൾ ഒന്നാന്തരം കടുകിന്റെ ഇലയരച്ചുണ്ടാക്കിയ ചിക്കൻ കറി കിട്ടും .അതും കൈ കൊണ്ട് പരത്തിയെടുത്ത നാടൻ റോട്ടിയും . എന്തു പറയുന്നു ?‘

ഞാൻ സമ്മതിച്ചു. കൂട്ടത്തിൽ ഒരു ക്വാർട്ടർ കൂടി വാങ്ങി പകുത്തെടുത്തു.

**അപ്പോഴാണ് പൂജാരി ഒരു നേർചോദ്യമുന്നയിച്ചത്. അപ്പോൾ മാത്രമാണ് ഞാൻ ബലികർമം ചെയ്യാൻ വന്നവനാണെന്നു കരുതി അതനുസരിച്ച് അയാൾ ബലികർമങ്ങളുടെ കാർമികത്വം ചെയ്തു കൊണ്ടിരിക്കുകയാണെന്നും തിരിച്ചറിയുന്നത്. അതയാളുടെ കുറ്റമല്ല. ആ ക്ഷേത്രാങ്കണം ബലികർമസ്ഥലമായി കരുതപ്പെടുന്നുണ്ടാവാം.**

ഇത്രയും രുചികരമായ ആഹാരം കഴിക്കാൻ അവസരമുണ്ടായതിൽ തന്നവരോടും പൂജാരിയോടുമൊക്കെ ഞാൻ കടപ്പെട്ടിരിക്കുന്നു. ഇത്രയും കാലത്തെ ജീവിതം തന്നെ ഒരു ചപ്പായി തോന്നുന്നു..

‘ പൂജാരി, ബ്രാഹ്മണർ ഇതൊക്കെ കഴിക്കുമോ? കുടിക്കുമോ? ‘

അയാൾ ഒന്നു ചിരിച്ചു. പിന്നെ ഗൗരവത്തിലായി.

‘എന്തുകൊണ്ട് കഴിച്ചുകൂടാ. ബ്രാഹ്മണന് ഇവരെപ്പോലെ നല്ല ഭക്ഷണമുണ്ടാക്കാൻ പറ്റുകില്ല. പണിയെടുത്തു ഫലം കൊയ്തെടുക്കാനും കഴിയില്ല. അതു ശൂദ്രർ ചെയ്യട്ടേ.‘.

അടുപ്പിലെ തീക്കനലിലേക്ക് റോട്ടിയെടുത്തുവയ്ക്കുന്ന കറുത്തു പൊടി പിടിച്ച വിരലുകൾ നോക്കി അയാൾ പറഞ്ഞു.

‘ ഇതൊക്കെ പുണ്യമാണ്. അന്നം പുണ്യമാണ് എല്ലാ പേരും ചേർന്നു പോയാലേ ജീവിതം മുന്നോട്ടു പോകൂ. എന്നാൽ ജാതി നിലനിൽക്കുകയും വേണം‘

കൈ കഴുകി പണം കൊടുത്തിറങ്ങി യാത്ര പറയും മുൻപ് അതുവരെ മനസിൽ ഇടയ്ക്കിടെ തട്ടിക്കൊണ്ടിരുന്ന ചിന്ത ഞാൻ ചോദ്യമായി ഉന്നയിച്ചു.

‘മരിച്ചു പോയവർ ഉപേക്ഷിച്ചു പോയ ഭൗതിക സമ്പത്തു പോലെ തന്നെയല്ലേ ആശയ സമ്പത്തും ? ആശയങ്ങളും നിലനിൽക്കുന്നില്ലേ. തലമുറ തലമുറ കൈമാറി ?‘

അതിന് ഇപ്രകാരം പറഞ്ഞു കൊണ്ട് പൂജാരി നടന്നു പോയി : ‘ ആശയങ്ങളോ ? ഓ സബ് മായാ ഹൈ യാർ. അതൊക്കെ മായ മാത്രമാണ്. അതൊരു തോന്നൽ മാത്രമാണ്. എവിടെ എന്താശയം. ? ഓ... സബ് മായാ ഹൈ..... ‘

റായ്പൂരിലേക്ക് തിരികെയുള്ള ബസു യാത്ര ശാന്തമായിരുന്നു.


BE MINE
Heart to heart collection
Made For Your Love
VALENTINE SPECIAL OFFER
USD 75
GIFT VOUCHER
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 1000
0% DEDUCTION
ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
Scan here to view our latest jewellery collection
Terms & Conditions Apply
OFFER VALID FROM
31ST JANUARY TO 16TH FEBRUARY 2025
www.joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

● അനുഭവകഥകൾ

# മധുശാലയിൽ

◉ എസ് സുന്ദർദാസ്



**അപരിചിതരുമായി ചങ്ങാത്തം സ്ഥാപിക്കുവാനും പരസ്പരം തുറന്നുപറയുവാനുമുള്ള ഒരു വേദികൂടിയാണ് ബാറുകൾ എന്ന് വിളിക്കുന്ന മദ്യശാലകൾ. അരണ്ട വെളിച്ചത്തിൽ, എതിരിലിരിക്കുന്ന അപരിചിതൻ ഒരു തുറന്ന പുസ്തകമായി തന്റെ ജീവിതം എന്റെ മുന്നിൽ നിവർത്തിവെക്കുന്നു; വിസ്മയത്തോടെ ഞാനത് വായിക്കുന്നു. അത്തരക്കാരിൽ ചിലരെ വീണ്ടും പതിവ് മദ്യശാലകളിൽ കണ്ടുമുട്ടുന്നു. ഒരു തുടർക്കഥപോലെ വീണ്ടും അവരുടെ ജീവിതത്തിന്റെ പുതിയ അദ്ധ്യായങ്ങൾ. കൊച്ചിയിലെയും ചെന്നൈയിലെയും മദ്യശാലകളിലെ അനുഭവങ്ങളാണ് ഇവയിലേറെയും. ചെന്നൈയിലെ തിരക്കേറിയ അനധികൃത ബാറുകളിൽപോലും (അവ മിക്കതും രാഷ്ട്രീയക്കാർ നടത്തുന്നവയോ അവരുടെ ഒത്താശയോടെ നടത്തപ്പെടുന്നവയോ ആണ്) ഇത്തരം 'അഭിമുഖങ്ങൾ' സാധ്യമായിട്ടുണ്ട്. അത്തരം മദ്യശാലകളുടെ പുറത്ത് കുടിയന്മാരെ ഉദ്ദേശിച്ച് ചെറിയ കടകൾ നടത്തുന്നവരിൽ ചിലരും ഈ കുറിപ്പുകളിലെ കഥാപാത്രങ്ങളാണ്. അവയിൽ ചിലതാണ് ഇവിടെ പങ്കുവെയ്ക്കുന്നത്....**

## കാലഹരണപ്പെടുന്ന മോഷണശൈലികൾ (മോഡസ് ഓപ്പറാണ്ടികൾ)

കോവിഡ് അവധി കഴിഞ്ഞ് ബാറുകൾ വീണ്ടും തുറന്ന കാലം. ഞാൻ കടുത്ത ഉച്ച വെയിലിൽ ആശ്വാസത്തിനായി ഒരു ബിയർ കഴിക്കാൻ ബാറിൽ കയറിയതാണ്. കൗണ്ടറിൽ അധികം പേര് ഇല്ലാത്തതിനാൽ അവിടെ നിന്നുതന്നെ ബിയർ കഴിക്കുകയാണ്.

അപരിചിതന്മാരുമായി അതിവേഗം പരിചയം കോർത്തെടുക്കാവുന്ന ഒരിടമാണ് ബാർ കൗണ്ടറുകൾ. തൊട്ടടുത്ത് റം ഗ്ലാസ്സുമായി നിൽക്കുന്ന മധ്യവയസ്കൻ ഒന്നുരണ്ടുതവണ എന്നെ നോക്കി ചെറുതായൊന്ന് ചിരിച്ചു. ഞാൻ അത് അവഗണിച്ച് കൊണ്ട് വീണ്ടും ഗ്ലാസ്സിൽ ബിയർ നിറച്ചു. പക്ഷെ, അയാൾ വിടാൻ ഭാവമില്ല. എന്റെ അടുത്തേക്ക് നീങ്ങി അയാൾ ചോദിച്ചു ;' കണ്ട പരിചയം തോന്നുന്നു?'.'ഇവിടെ വെച്ചു തന്നെയാവും',ഞാൻ പറഞ്ഞു. ഒരു ചെറിയ മൗനത്തിനുശേഷം അയാൾ ;'എന്തുചെയ്യുന്നു?',.ബിസിനസ് ആണ് എന്ന് ഞാൻ കളവ് പറഞ്ഞു. പത്രപ്രവർത്തകൻ എന്ന് പറഞ്ഞാൽ എവിടെ, ഏത് പത്രത്തിൽ എന്നിങ്ങനെ പല ഉപചോദ്യങ്ങളും വരും. ';നിങ്ങളോ?'എന്ന് ഞാൻ

തിരിച്ചുചോദിച്ചു. ' പോക്കറ്റടിക്കാരനായിരുന്നു, സാർ',; എന്നെ ഞെട്ടിക്കും വിധം സാധാരണമട്ടിൽ


കാരിക്കേച്ചർ: പി ആർ രാജൻ

അയാൾ മറുപടി നൽകി. എന്താ, അതൊരു ജോലിയല്ലേ എന്ന ഭാവത്തിൽ ഒരു പരിഹാസച്ചിരിയോടെ അയാൾ എന്നെ നോക്കി. ഗ്ലാസ്സിൽ ഒരു പെഗ് റം കൂടി ഒഴിച്ച് അയാൾ ഒന്നുകൂടി എന്റെ അടുത്തേക്ക് നീങ്ങി നിന്നു.

പകച്ചുനിന്ന എന്നെ നോക്കി അയാൾ പറഞ്ഞു:‘ സാർ പേടിക്കേണ്ട. ഇവിടെ നിന്ന് സാറിന്റെ പോക്കറ്റൊന്നും അടിച്ചു മാറ്റില്ല. ബസ്സിലായിരുന്നു എന്റെ പോക്കറ്റടി.‘ അയാളുടെ മോഡസ് ഓപ്പറാണ്ടി അഥവാ മോഷണ ശൈലി തിരക്കേറിയ ബസിൽ കയറി പോക്കറ്റടിക്കുക എന്നതായിരുന്നു. നഗരത്തിലെ തിരക്കേറിയ ബസ്സുകളിൽ ഇരകളെ കണ്ടെത്തും. മാസത്തിലെ ആദ്യദിനങ്ങളിൽ പെൻഷനും ശമ്പളവും വാങ്ങി പോക്കറ്റിലിട്ട് വീട്ടിലേക്ക് മടങ്ങുന്നവരായിരുന്നു പ്രധാന ഇരകൾ. പെൻഷൻ തുകയും പോക്കറ്റിലിട്ട് യാത്രചെയ്യുന്ന വയസ്സന്മാരെയാകും അധികം നോട്ടമിടുക. എന്നാൽ ഇപ്പോൾ അതിന് സാധ്യതയില്ല. പെൻഷനും ശമ്പളവുമൊക്കെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വന്നെത്തും.




ഇതിനിടക്കാണല്ലോ കോവിഡിന്റെ വരവ്. ഏറെ കാലം ബസ്സുകൾ തന്നെ ഓടാതായി. ‘ കോവിഡ് കൊണ്ട് അങ്ങനെ ഒരു ഗുണമോ ദോഷമോ ഉണ്ടായി.പോക്കറ്റടി നിലച്ചു. ബസിൽ അല്ലെങ്കിൽ ആൾത്തിരക്കുള്ള ഇടങ്ങളാണ് പോക്കറ്റടിക്കാർക്ക് വേണ്ടത്. കോവിഡ് കാലത്ത് നാലാൾ കൂട്ടുന്നതുതന്നെ നിരോധിച്ചില്ലോ. പിന്നെ എന്തുചെയ്യാൻ. പോക്കറ്റടിക്കാർ മാത്രമല്ല വഴിയാധാരമായത്. എനിക്ക് അറിയാവുന്ന ഒരു തമിഴ് സ്ത്രീ ഇവിടെ ഉണ്ടായിരുന്നു. അവരുടെ മോഷണം കല്യാണ മണ്ഡപങ്ങളിലായിരുന്നു. നല്ല വേഷം ധരിച്ച് വരന്റേയോ വധുവിന്റെയോ ആളെന്നപോലെ അവിടെ ചെല്ലും.സൂത്രത്തിൽ ചെറിയ കുട്ടികളുടെ കമ്മലുകളോ മാലകളോ കവർന്നു സ്ഥലം വിടും. കോവിഡ് കാലത്ത് കല്യാണമണ്ഡപങ്ങളിൽ ആൾക്കൂട്ടമില്ലാതായി. ഒരു കല്യാണ ചടങ്ങിന് ഇരുപതാൾ അല്ലെങ്കിൽ അമ്പതാൾ എന്നൊക്കെ നിയന്ത്രണം വന്നു. അതോടെ ആ സ്ത്രീയുടെ ഗതിമുട്ടി. ഇപ്പോൾ അവരെ ഇവിടെയെങ്ങും കാണാനില്ല. നാട്ടിലേക്ക് തിരിച്ചുപോയിക്കാണും. ‘

കോവിഡ് കാലം മോഷണകലയെ ഇങ്ങനെയൊക്കെ ബാധിച്ചു എന്നത് എനിക്ക് ഒരു പുതിയ അറിവായിരുന്നു. സ്ഥിരം മോഷ്ടാക്കളുടെ ഒരു പ്രശ്നമാണിത്. പരിചിതമായ ഒരു മോഷണ ശൈലിയിൽനിന്ന് അവർക്ക് മാറാനാവില്ല.

എന്റെ സ്കൂൾ കാലത്ത് ഒരു കൊച്ച് മോഷ്ടാവായ സഹപാഠി എനിക്കുണ്ടായിരുന്നു. തേങ്ങാ മാത്രമാണ് അവൻ മോഷ്ടിക്കുക. പത്തുപന്ത്രണ്ട് വയസ്സേയുള്ളുവെങ്കിലും ഏത് തെങ്ങിലും വലിഞ്ഞുകയറി തേങ്ങയിടും. അത് വിറ്റ് ചായകുടിക്കും ; സിനിമകാണും. നൂറു രൂപ അരികിൽ വെച്ചുകൊടുത്താൽപ്പോലും അവൻ തൊടില്ല. തെങ്ങിലെ തേങ്ങയിൽ മാത്രമാണ് അവന്റെ കണ്ണ്. ഒരിക്കൽ ഞാൻ വൈകുന്നേരം സ്കൂളിൽനിന്ന് മടങ്ങുമ്പോൾ ഒരു തേങ്ങാക്കുലയും തലയിൽ ചുമന്ന് അവൻ ഒരു പോലീസുകാരന്റെ പിന്നാലെ പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. മോഷണശൈലിയാണ് ഒരു കള്ളന്റെ ശക്തിയും ദൗർബല്യവും.

പതിവുരീതിയിൽ നിന്ന് മാറി മറ്റൊരു ശ്രമം നടത്തത്തിൽ മിക്കവാറും അവൻ പിടിയിലാകും. പതിവ് ശൈലി പ്രയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ അവൻ/അവൾ ഒരു എക്സ്-മോഷ്ടാവായി മാറും. പോലീസുകാരനായിരുന്ന എന്റെ അമ്മാവൻ പറഞ്ഞ ഒരു മോഷ്ടാവിന്റെ കാര്യം ഓർമ്മവരുന്നു.

> **രാത്രിയിൽ ഓടുപൊളിച്ച് വീട്ടിനുള്ളിൽ കടന്ന് മോഷണം നടത്തുകയായിരുന്നു അയാളുടെ രീതി. ഞങ്ങളുടെ നാട് ഗൾഫുകാർ ധാരാളമുള്ള നാടായിരുന്നതിനാൽ ഓടുവീടുകളെല്ലാം കുറഞ്ഞൊരു കാലംകൊണ്ട് ടെറസ്സ് വീടുകളാണ്. അതോടെ ആ മോഷ്ടാവിന്റെ ഗതി മുട്ടിയെന്ന് പറഞ്ഞാൽ മതിയല്ലോ.**


രാത്രിയിൽ ഓടുപൊളിച്ച് വീട്ടിനുള്ളിൽ കടന്ന് മോഷണം നടത്തുകയായിരുന്നു അയാളുടെ രീതി. ഞങ്ങളുടെ നാട് ഗൾഫുകാർ ധാരാളമുള്ള നാടായിരുന്നതിനാൽ ഓടുവീടുകളെല്ലാം കുറഞ്ഞൊരു കാലംകൊണ്ട് ടെറസ്സ് വീടുകളാണ്. അതോടെ ആ മോഷ്ടാവിന്റെ ഗതി മുട്ടിയെന്ന് പറഞ്ഞാൽ മതിയല്ലോ. അമ്മാവൻ പറഞ്ഞ് ജെ ഒരു തുരപ്പൻ ഗോപാലൻ എന്ന മോഷ്ടാവിന്റെ കഥയും ഓർമ്മവരുന്നു. വീടിന്റെ ചുമർ അഥവാ ഭിത്തി തുരന്നാണ് അവൻ അകത്ത് കയറുക. ഒരിക്കൽ അടുത്തുള്ള ഒരു മനയിൽ അവൻ രാത്രി മോഷണത്തിന് ചെന്നു. ഭിത്തി തുരക്കാൻ തുടങ്ങി.

> **അയാളുടെമോഡസ് ഓപ്പറാണ്ടി അഥവാ മോഷണ ശൈലി തിരക്കേറിയ ബസിൽ കയറി പോക്കറ്റടിക്കുക എന്നതായിരുന്നു. നഗരത്തിലെ തിരക്കേറിയ ബസ്സുകളിൽ ഇരകളെ കണ്ടെത്തും. മാസത്തിലെ ആദ്യദിനങ്ങളിൽ പെൻഷനും ശമ്പളവും വാങ്ങി പോക്കറ്റിലിട്ട് വീട്ടിലേക്ക് മടങ്ങുന്നവരായിരുന്നു പ്രധാന ഇരകൾ. പെൻഷൻ തുകയും പോക്കറ്റിലിട്ട് യാത്രചെയ്യുന്ന വയസ്സന്മാരെയാകും അധികം നോട്ടമിടുക. എന്നാൽ ഇപ്പോൾ അതിന് സാധ്യതയില്ല. പെൻഷനും ശമ്പളവുമൊക്കെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വന്നെത്തും. ഇതിനിടക്കാണല്ലോ കോവിഡിന്റെ വരവ്. ഏറെ കാലം ബസ്സുകൾ തന്നെ ഓടാതായി. ‘കോവിഡ് കൊണ്ട് അങ്ങനെ ഒരു ഗുണമോ ദോഷമോ ഉണ്ടായി. പോക്കറ്റടി നിലച്ചു.**

കുറച്ചു  തുറന്നപ്പോൾ മണൽ വന്നു വീഴാൻ തുടങ്ങി. തുരപ്പൻ മാരെ നേരിടാൻ ഇരട്ടഭിത്തികെട്ടി ഇടയിൽ മണൽ നിറച്ചതായിരുന്നു. നേരം പോയതറിയാതെ അയാൾ മണൽ മാന്തിക്കൊണ്ട് ഇരുന്നുവത്രെ. ഒടുവിൽ പുലർന്നപ്പോൾ വീട്ടുകാർ അയാളെ പിടികൂടി.

ബാർ മിത്രമായ പോക്കറ്റടിക്കാരന്റെ കഥകേട്ടുകൊണ്ട് ഞാൻ ഒരു ബിയർ കൂടി തുറന്നു. അയാൾ പോക്കറ്റടിയുടെ തന്ത്രങ്ങളും പാളിച്ചകളും വിവരിക്കുകയാണ്. അതിൽ അയാളുടെ കരവിരുതിന്റെ വീരസ്യമെന്നപോലെ ഒരു കുമ്പസാരത്തിന്റെ നൊമ്പരവും ഉണ്ടായിരുന്നുവെന്ന് തോന്നുന്നു.

ഒടുവിൽ കോവിഡ് വേണ്ടിവന്നു അയാളെ വീണ്ടെടുക്കാൻ. ബസ്സും ആൾക്കൂട്ടവുമില്ലാത്ത ആ കാലത്ത് എന്ത് പോക്കറ്റടി? അയാൾ പട്ടിണി കിടന്നിരിക്കും,തീർച്ച. എല്ലാം കേട്ടുകൊണ്ടിരുന്ന എന്നോട് അയാൾ ചോദിച്ചു.:‘ എന്താ ആലോചിക്കുന്നത്?‘ അപ്പോൾ നിങ്ങൾ എങ്ങനെയാണ് ജീവിച്ചത്?‘ ഞാൻ ജിജ്ഞാസയോടെ ചോദിച്ചു: ‘ഞാൻ ഒരു പെയ്ന്റർ ആണ് സാറേ.‘




ഓ അത് ശരി, കെട്ടിടങ്ങളുടെ പെയ്ന്റിംഗ് ജോലിക്ക് പോകുമായിരുന്നു,അല്ലേ?‘ ‘അല്ലാസാർ, ഞാൻ ഒരു ആർട്ടിസ്റ് ആണ്. ചിത്രങ്ങൾ വരച്ച് വിൽക്കും.‘ ചിരിച്ചുകൊണ്ട് അയാൾ കൗണ്ടറിൽ അടുക്കിവെച്ചിരുന്ന ടിഷ്യു പേപ്പറുകളിൽ ഒന്നെടുത്തു .

ചോദിക്കാതെതന്നെ എന്റെ പോക്കറ്റിലെ പേന വലിച്ചെടുത്ത് ആ കടലാസ്സിൽ എന്തോ കോറിവരച്ച് എനിക്ക് നേരെ നീട്ടി.

ഞാൻ നോക്കുമ്പോൾ ക്രൂശിതനായ ക്രിസ്തുവിന്റെ രൂപം! ഓ, നിങ്ങൾ ഹിന്ദുവാണല്ലേ എന്നുപറഞ്ഞ് അയാൾ ആ കടലാസ് തിരിച്ചുവാങ്ങി മറുപുറത്ത് ഒരു നിമിഷം കൊണ്ട് മറ്റൊരു ചിത്രം കോറിയിട്ട് തിരിച്ചുതന്നു. ഒരു ഗണപതി രൂപം. ഞാൻ അമ്പരന്ന് അയാളെ നോക്കി.

പേന എന്റെ പോക്കറ്റിൽ തിരികെ വെച്ച് ഒന്നും പറയാതെ അയാൾ പുറത്തേക്ക് നടന്നു. എന്തോ ചോദിക്കാൻ മറന്നപോലെ ഞാൻ അയാളുടെ പിറകെ ചെന്നു. ബാറിന്റെ വാതിൽക്കൽ എത്തിയപ്പോൾ  ഞാൻ കണ്ടു, കത്തുന്ന വെയിലിൽ ഇരു കൈകളും വീശി അയാൾ നടന്നുപോകുന്നു.



**എഴുത്തുകാരിയും അധ്യാപികയുമായ ഡോ റോസി തമ്പി തന്റെ ജീവിതത്തെ സ്വാധീനിച്ച നിമിഷങ്ങളെക്കുറിച്ച് എഴുതുന്നു. പുതിയൊരു ദേശ ചരിത്രമാണിത്**

# ബാല്യകൗമാര കാലങ്ങളിലെ അപ്പൻ

നമ്മൾ തീവ്രമായി ആഗ്രഹിക്കുമ്പോൾ പ്രകൃതി നമുക്കത് സാധ്യമാക്കും എന്നത് അനുഭവിക്കുമ്പോൾ മാത്രം യാഥാർത്ഥ്യമാകുന്ന സത്യമാണ്. കടുത്ത വിഷാദത്തിലാണ് ഇന്നലത്തെ സന്ധ്യ കടന്നു പോയത്.

ഇന്ന് പ്രഭാതം എറെ ശാന്തമായിരുന്നു. അപ്പൻ പതുക്കെ സാധാരണ പ്രവർത്തികളിലേക്ക് മടങ്ങുന്നു.

എണീറ്റിരുന്ന് കാപ്പി കുടിച്ചു.പിന്നെ ഏകദേശം ഒരു മണിക്കൂർ എല്ലാരും കൂടിയിരുന്ന് വർത്തമാനം പറഞ്ഞു.

പഴയ ഓർമ്മകളെല്ലാം ശക്തം. ചിലപ്പോൾ സ്വപ്നത്തിലെന്ന പോലെ സ്ഥലകാലങ്ങൾ മാറി പോകുന്നു .എന്നാലും ഓർമ്മകൾ തീഷ്ണം.

ഞാൻ എന്റെ ബാല്യകൗമാര കാലങ്ങളിലെ അപ്പനെ വീണ്ടെടുക്കുകയായിരുന്നു. സ്കൂളിൽ പോകാൻ മുടി കെട്ടിത്തരുന്നതും. തലയിലെ പേൻ ഈരി കൊല്ലുന്നതും, നാലാം ക്ലാസുകാരിയെ കിണറ്റിൻകരയിൽ നിർത്തി കുളിപ്പിക്കുന്നതും ഞാൻ പറയുമ്പോൾ അപ്പൻ പഴയ തെക്കാടാൻ തോമയായി.

ഞങ്ങൾ ഉച്ചക്ക് സ്കൂളിൽ നിന്ന് കഞ്ഞി കുടിക്കാൻ വരുമ്പോൾ അപ്പൻ കറി അടുപ്പത്ത് ഇളക്കിക്കൊണ്ടിരിക്കുകയായിരിക്കും. സ്ഥിരം ചേരുവകൾ പാത്രത്തിൽ വിളമ്പുമ്പോൾ പല പേരുകൾ സ്വീകരിക്കും.എന്താ ഇതിന്റെ രൂചി എന്ന് പറഞ്ഞിട്ടാണ് വിളമ്പൽ.ആ പറച്ചലിൽ കറിയുടെ രുചി ഇരട്ടിക്കും.

കഴിച്ചു കൊണ്ടിരിക്കുമ്പോൾ വീണ്ടും പറയും

എന്ത് രചിയാലേ

ഞങ്ങൾ തലയാട്ടും

അപ്പോൾ ഒരു മറുപടിയുണ്ട് .

വിശപ്പാ രുചി.

അങ്ങനെയാണ് നാവ് രുചിയെ അളന്നത്.

ആകെ 3 അടി വീതീയുള്ള കട്ടിലിൽ ഞങ്ങൾ നാലു പേർ കിടന്നുറങ്ങി അമ്മയും അപ്പനും ഞാനും അനിയനും.

കുറക്കന്റെ കുട്ട്യോളേ എന്നാണ് അപ്പൻ ഞങ്ങളെ സ്നേഹത്തോടെ വിളിക്കുക '

അന്ന് വീട്ടിൽ റേഡിയോ ഇല്ല. ഉറങ്ങും വരെ അപ്പൻ കഥ പറയും. അമ്മ എണീക്കും മുമ്പ് അപ്പൻകാപ്പിയുണ്ടാക്കും ആറരക്കുള്ള ആങ ഠബസ്സിൽ അമ്മ കമ്പനിയിൽ പോയാൽ 5.30 ന്റെ സുബിതക്കാണ് തിരിച്ചു വരിക.അപ്പന് വീട്ടുജോലികൾ നന്നായി അറിയാം. ഗ്യാസ് ഇല്ലാത്ത കാലത്ത് രാവിലെ അടുപ്പിൽ തീപിടിപ്പിക്കുക എന്നത് ഒരു കലയാണ്.അമ്മ തീ പൂട്ടുമ്പോൾ മണ്ണെണ്ണ ഒഴിക്കും അങ്ങനെ ചെയ്യുന്നത് അശ്രീകരം എന്നാണ് അപ്പന്റെ ഭാഷ്യം.

തലേ ദിവസം തന്നെ തീ പിടിപ്പിക്കാനുള്ള ചെറുചീളുകൾ അപ്പൻ ശേഖരിച്ചു വെക്കും. ആണുങ്ങൾക്കൊപ്പം തന്നെ പെണ്ണുങ്ങളും അപ്പന്റെ കൂട്ടുകാരായിരുന്നു.

അങ്ങനെ ഇന്നത്തെ സംസാരത്തിൽ പലരും കടന്നു വന്നു. അവരിൽ ഇന്ന് ജീവിച്ചിരിക്കുന്നവർ വളരെ കുറവാണ്. എന്നാൽ അപ്പന്റെ വാക്കുകളിൽ ആ യൗവ്വനകാലമാണ് തെളിഞ്ഞു വന്നത്.

അതിൽ ചിലർ ഇവരായിരുന്നു കുന്നത്തമ്മിണി, ചിങ്ങത്തമ്മിണി, വടക്കാഞ്ചേരിക്കാരി മറിയം, കെ.പി. എസ് മേനോൻ ,നീലകണ്ഠൻ നമ്പീശ്ശൻ, ആർ.എം മനക്കലാത്ത്, ചെറുവത്തൂർ അന്തോണി, മണലം കുന്നത്ത് അപ്പേശൻ (അപ്പു എഴത്തച്ഛൻ ) മങ്ങാട്ടു വളപ്പിൽ അയ്യപ്പേശൻ എന്നിവരായിരുന്നു. ഇതിൽ അപ്പേശനും അപ്പനും തമ്മിലുള്ള സ്നേഹം അപ്പൻ ഓർത്തത് ഇങ്ങനെയാണ്. തീരുവോണമുണ്ണാൻ അപ്പേശൻ തോമയെ വിളിക്കും. ഒരുമിച്ചാണ് അവർ തിരുവോണം ഉണ്ണുക. അപ്പന് ജോതിഷം കമ്പമാണ് അങ്ങനെ ഒരാളുമായി ജോതിഷം പറഞ്ഞിരുന്ന് സമയം പോയതറിഞ്ഞില്ല. രണ്ടു മണി ആയപ്പോഴാണ് ഓർത്തത് തിരുവോണമുണ്ണാൻ പോയില്ലല്ലോ എന്ന്. ഉടനെ പാഞ്ഞുചെന്നു. അപ്പോ അപ്പേശൻ പറയാതെ

നീയെന്നെ തിരോണം ഉണ്ണിച്ചില്ലാലേ

പിന്നെ അവർ ഒരുമിച്ച് ഉണ്ടു എന്നാണ്.

എന്റെ ഗ്രാമത്തെക്കുറിച്ച് ഞാൻ എങ്ങനെ അഭിമാനിക്കാതിരിക്കും. അപ്പനിലൂടെയാണ് ഞാൻ എന്റെ ഗ്രാമത്തെ കണ്ടത് .മനുഷ്യരെ കണ്ടത്.

അപ്പന് ആനന്ദം നൽകിയ കാര്യങ്ങളായി





പി.കെ. ഭാഗ്യലക്ഷ്മി

വര :
മറിയം ജാസ്മിൻ


മരക്കച്ചോടക്കാരത്തി മറിയുമ്മാനെ അറിയാത്ത ആളോളില്ല. തൻറേടിയാണ് ആള്. ന്നാലും നല്ലോര് മനസ്സുള്ളത് കൊണ്ട് എല്ലാർക്കും ഇഷ്ടാ. ടിക്കറ്റെടുക്കാൻ ഗതിയില്ലാണ്ട് പരുങ്ങുന്ന പട്ട്ണിക്കാരെ കണ്ടാൽ മറിയുമ്മ പറയും 'ഓറേ ടിക്കറ്റും മുറിച്ചോ' എന്നിട്ട് കോന്തലക്ക് പൈസയെടുത്ത് കൊടുക്കും. വെല്യ കഷ്ടപ്പാടില് കയ്ഞ്ഞതോണ്ട് മനിച്ചന്മാരുടെ വേദനയറിയാം. അതോണ്ടെന്നെ കച്ചോടത്തില് കടുംപിടുത്തം പിടിക്കൂല മറിയുമ്മ.

# മരക്കച്ചോടക്കാരത്തി

പണ്ടേ ഓളങ്ങനയാ. ബസ്സിൽ പിൻവാതിലിലിലൂടെ കേറി ആണുങ്ങളെ സീറ്റിലിരുന്ന്, മടിയിലെ മുറുക്കാനെടുത്ത് വായിലങ്ങിടും. എന്നിട്ട് വല്യഒച്ചയോടെ ഫോണിൽ മരക്കച്ചോടക്കാരോട് വെലപറഞ്ഞൊപ്പിക്കും. ഒച്ചത്തില് വർത്താനം പറഞ്ഞതിന് പരിചയമില്ലാത്ത ആരെങ്കിലും എന്തെങ്കിലും പറഞ്ഞാ, നീയാരാ ചോയ്ക്കാൻ ഒരു നോട്ടം കൊണ്ട് ചോയ്ച്ചാളെ നിശബ്ദരാക്കും.

മരക്കച്ചോടം ചെയ്യുന്ന പെണ്ണുങ്ങളെ അന്നാട്ട്കാർക്ക് വേറെ അറിയില്ല. മരക്കച്ചോടക്കാരത്തി മറിയുമ്മാനെ അറിയാത്ത ആളോളില്ല. തൻറേടിയാണ് ആള്. ന്നാലും നല്ലോര് മനസ്സുള്ളത് കൊണ്ട് എല്ലാർക്കും ഇഷ്ടാ. ടിക്കറ്റെടുക്കാൻ ഗതിയില്ലാണ്ട് പരുങ്ങുന്ന പട്ട്ണിക്കാരെ കണ്ടാൽ മറിയുമ്മ പറയും 'ഓറേ ടിക്കറ്റും മുറിച്ചോ' എന്നിട്ട് കോന്തലക്ക് പൈസയെടുത്ത് കൊടുക്കും.

വെല്യ കഷ്ടപ്പാടില് കയ്ഞ്ഞതോണ്ട് മനിച്ചന്മാരുടെ വേദനയറിയാം. അതോണ്ടെന്നെ കച്ചോടത്തില് കടുംപിടുത്തം പിടിക്കൂല മറിയുമ്മ. കച്ചോടത്തിന് ദൂരപോയില്ലെങ്കി കുഞ്ഞിപ്പാറൂൻറെ




ഹോട്ടലിലാണ് ഉച്ചയൂണ്. അവര് രണ്ടാളും ചെറുപ്പത്തിലേ ചങ്ങായിമാരാണ്. പാറൂൻറച്ചൻ കുഞ്ഞായിരിക്കുമ്പം ബിരിപ്പെട്ട് കൂട്ടി വിളിച്ചതാ 'കുഞ്ഞിന്ന് മറിയുമ്മ ഓളെ നോക്കിപ്പറയും.

ന്തൊരു പാങ്ങായിരുന്നു ആ കാലം. എന്തെല്ലോ നിരീച്ചങ്ങനെ ഇരിക്കുമ്പം പാറു വാഴയെലേല് ചോറ് വെളമ്പീട്ട്ണ്ടാവും. ഉച്ചയായാ തെരക്കോട് തെരക്കാന്ന് പാറൂൻറെ ഹോട്ടലില്. പൊലിപ്പും തൊങ്ങലും വെക്കാത്ത പഴയ വീട്ടിൻറെ കോലായിലും ചായ്പ്പ് പോലെ കെട്ടിയ ഭാഗം ചാണകം തേച്ച് വൃത്തിയാക്കി ആടേം കൂട്ടിയതാണ് ഹോട്ടൽ. 'ഹോട്ടൽ കണ്ണിമാങ്ങ'ന്ന് കേട്ടാൽ അറിയാത്തോരില്ല ആ നാട്ടില്.

രുചിയുടെ പെരുമ കേട്ട് കേട്ടറിഞ്ഞ് ആട എത്താത്ത ആളുകളില്ല.

ചാനല്കാര് വന്ന് ഒരിക്കലവരോട് ചോദിച്ചു. 'ന്താ ങ്ങ്നെ 'കണ്ണിമാങ്ങാന്ന്' ഒരു ഹോട്ടലിന് പേരിടാൻ കാരണമെന്ന്

ഓര് പറഞ്ഞു പണ്ട് വീട്ടിലൊര് ചീന ഭരണീണ്ടാര്ന്ന്. അച്ഛനുണ്ടായ്പ്പോ അതില് നെല്ലിക്കാ വെല്പ്പത്തിലില്ല കണ്ണിമാങ്ങ ചെയോടെ തണലത്താണക്കി വെള്ളം തൊടാതെ തൊടച്ച് ഉപ്പിലിട്ട് നേരിയ വെള്ളത്തുണിയോണ്ട് വായ്പ്പൊതി കെട്ടി അതിന് മോളിലും ഉപ്പ് വെതറി വെക്കും. കൊറെ നാള് കയ്യിമ്പം, ഉപ്പെല്ലം വെലിച്ച് കുടിച്ച് കുഞ്ഞി മാങ്ങയെല്ലാം ചുക്കിച്ചുളിങ്ങിവരും. കൊല്ലത്തോട് കൊല്ലം അത് ഹോട്ടലില് കഞ്ഞിയോടൊപ്പം കൊടുക്കും. അച്ഛൻ മരിച്ചപ്പോ ഞാനും ൻറെ അനിയത്തീം കൂടി ഹോട്ടല് നടത്താൻ തൊടങ്ങി. കാരണം ബയ്യ പറയാട്ടോ. ആളോള് ബന്ന് തൊടങ്ങി. ഈട ഞാങ്ങ രണ്ടാളേയില്ലപ്പാ. ചന്തപ്പോയി മീനും പച്ചേം ബാങ്ങാനും വെക്കാനും വെളമ്പാനും അടിക്കാനും ബാരാനും ഞങ്ങൾ മാത്രേ ഇല്ല. പാറു ചോറ് വെളമ്പാൻ പോയി. ലോറീം ജീപ്പും കാറും ഓട്ടോറിക്ഷീം നിർത്തി. ആളോള് കാത്ത് നിക്ക്ന്ന്ണ്ട്.

ചാനല്കാര് കഴിപ്പിന് വന്ന ചിലരോട് ചോയ്ച്ചു. ന്തായീ തെരക്കിൻറെ രഹസ്യം? ലോറി ഡവർ കല്ലിടിക്കൽ മനോഹരൻ പറഞ്ഞു.

> **മറിയുമ്മേന അപ്പോഴേക്കും വെറ് കച്ചോടക്കാര്ത്തി മറിയുമ്മാന്നും, കരിങ്കല്ല് മറിയാന്നൊക്കെ ആളോള് ബിളിച്ച് തൊടങ്ങി. തരിമ്പും കൂസാതെ എല്ലാരേം നല്ല ബയിക്കയച്ച് സുഗോല്ലാത്ത ഉമ്മാൻറെക്ക് കയിഞ്ഞ് പോവ്സാന്ന്, ഒരു ദെവസം വെറ് വാങ്ങാൻ വന്നോര്, പൊരപണിയാൻ മരത്തടി കൊണ്ട്ത്താന്ന് ചോയ്ച്ച് വന്നത്. ഒരു കയ്യ് നോക്ക്യാലെ ന്താന്ന് കര്തി മരക്കച്ചോടത്തിനെങ്ങിയതാ...**

നല്ല വർത്തരച്ച് വെച്ച കോയിക്കറി കൂട്ടാ നാവ് രുചി മാറൂല. മസാലയില് മായം

ചേർക്കൂല ഇവര്. മഞ്ഞളും പങ്കീം വാങ്ങി വൃത്തിയാക്കിപ്പൊടിച്ച് അവരെന്നെ കൊണ്ടരും. പിന്ന


> **'അത് ഇവരച്ഛൻറെ കാലത്ത് കഞ്ഞീം ഉപ്പിലിട്ട മാങ്ങീം കയിക്കാൻ തോന ആൾക്കാര് വന്നിറ്റ്ണ്ടാലും. ഒരു കണ്ടം മാങ്ങേം കടിച്ച് ചൂടുള്ള കഞ്ഞീം കുടിച്ചാ പറയാനില്ലാതെ. പിന്നെ ചോറും കറീം വേണ്ടാർക്ക് അതുണ്ടായിരുന്ന്. പെരുത്ത രുചിയാന്ന് കയ്ച്ചവര് പറഞ്ഞ് കേട്ടിട്ടുണ്ട്. അയിൻറോർമ്മക്കാ 'ഹോട്ടൽ കണ്ണിമാങ്ങാന്ന് പേരിട്ടത്. മറിയുമ്മാന്ന് ആ പേര് പറഞ്ഞത് ഹൈവേല്, നിന്നനിപ്പ് ബീഫും കോയീം മീനും പൊരിച്ചുകൊടുക്കുന്ന കുഞ്ഞിക്കടകള് തൂണുപോലെ വരിയായി നെറഞ്ഞെങ്കിലും കുഞ്ഞിപ്പാറൂൻറെ കാല് ആളെ തെരക്ക് കൊറഞ്ഞ നേരൂല്ല.**

തേങ്ങ വർത്തരക്ക്ന്നത് അമ്മമ്മന്നാണ്. അയിൻറെ രസോം അവരെ കൈപ്പുണ്യാംണ്ടാവൂലേ.

''അപ്പോ ഈൗൻറെ പേരോ? അതോ...

ഓട്ടോറിക്ഷാക്കാരൻ രാമാട്ടൻ എടക്ക് കയറി പറഞ്ഞു: 'അത് ഇവരച്ഛൻറെ കാലത്ത് കഞ്ഞീം ഉപ്പിലിട്ട മാങ്ങീം കയിക്കാൻ തോന ആൾക്കാര് വന്നിറ്റ്ണ്ടാലും. ഒരു കണ്ടം മാങ്ങേം കടിച്ച് ചൂടുള്ള കഞ്ഞീം കുടിച്ചാ പറയാനില്ലാതെ. പിന്നെ ചോറും കറീം വേണ്ടാർക്ക് അതുണ്ടായിരുന്ന്. പെരുത്ത രുചിയാന്ന് കയ്ച്ചവര് പറഞ്ഞ് കേട്ടിട്ടുണ്ട്. അയിൻറോർമ്മക്കാ 'ഹോട്ടൽ കണ്ണിമാങ്ങാന്ന് പേരിട്ടത്. മറിയുമ്മാന്ന് ആ പേര് പറഞ്ഞത് ഹൈവേല്, നിന്നനിപ്പ് ബീഫും കോയീം മീനും പൊരിച്ചുകൊടുക്കുന്ന കുഞ്ഞിക്കടകള് തൂണുപോലെ വരിയായി നെറഞ്ഞെങ്കിലും കുഞ്ഞിപ്പാറൂൻറെ കാല് ആളെ തെരക്ക് കൊറഞ്ഞ നേരൂല്ല. ഉച്ചയൂണ് മാത്രേ ഇല്ല. പന്ത്രണ്ടര മുതല് മൂന്നുമണിവരെ പൊരിഞ്ഞ പണിയാണ്. ഏച്ചീം അനിയത്തീം അതുവരെ നാല് പാത്രങ്ങളുമെടുത്ത് വട്ടം കറങ്ങും. അനിയത്തി ശാരദയെല്ലാരും ''ചാര'ന്നാണ് വിളിക്കല്. ചെറുപ്പക്കാര് ചാരേച്ചീന്നും. ഏച്ചിക്കും അനിയത്തിക്കും വയസ്സായി. അറുപതും അറുപത്തഞ്ചും വയസ്സ്ണ്ട്. ശാരദ അധികം വർത്താനം പറയൂല. കുഞ്ഞിപ്പാറുവാണ് കാര്യങ്ങളുടെ നിയന്ത്രണം. അഞ്ച് ണിക്ക് ഹോട്ടലടച്ച് കണക്കെല്ലാം നോക്കി പണമെണ്ണി തിട്ടപ്പെടുത്തുന്നതും പാറുതന്നെ. 'ചാര'ക്ക് തണലില് നിക്കാനാ ഇഷ്ടം. പണിയെടുക്കാനും.

നാട്ടിലുണ്ടെങ്കില് മരക്കച്ചോടത്തിന് പോയില്ലെങ്കില് മറിയുമ്മാൻറെ ഊണ് പാറൂൻറെ ഹോട്ട്ലാന്നെ. വെശർത്ത് കുളിച്ച് കേറിവന്ന് പൊറത്തെ ടാപ്പ് മുഖം



കഴുകി തട്ടത്തിൻറെറ്റത്തോണ്ട് തോർത്തി ബെഞ്ചില് വന്നിരുന്ന് വിളിക്കും. എന്നെ, പാറൂ, ചോറ് വെളമെണെ. വെല്ലാണ്ട് പയ്ക്ക്. ചാരെ, എ, കൊറച്ച് വെള്ളം താ. ദായ്ച്ചിറ്റ് നിക്കാൻ കയില്ല. മറിയുമ്മക്ക് ആട പ്രത്യേക പരിഗണനയാണ്. ആര് ണ്ടായാലും കേറി വന്ന് ബെഞ്ച്ല് ഇരിക്കും. നല്ല തെരക്കാണെങ്കില് ആത്ത് കേറി ഒരു സ്കൂളെടുത്ത് കൊണ്ടെന്ന് കണക്ക് കൂട്ട് മേശപ്പൊറത്ത് എല കൊണ്ടെന്ന് വെച്ച് മറിയുമ്മ സ്വന്തം വെളമ്പിയെടുത്തോളും.

മംഗലം കയിഞ്ഞേൻറെ ഏഴാം നാള്, രാവിലെ മിറ്റമടിക്കാൻ എറങ്ങിയ പാറുപ്പെണ്ണ്, മാച്ചീം ബെലിച്ച് ചാടീറ്റ്, ഒറ്റ നടത്തം സ്വന്തം പൊരക്കേക്ക്. പിന്നെ, ഓള് തിരിച്ചും പോയിറ്റ്, മംഗലാം കയിച്ചിറ്റ്, പതിനാലാം ബയസ്സിലാ പാറൂൻറെ മംഗലം കയിഞ്ഞത്. എന്തൊര്

കാലാ മാടാനാന്ന് നിങ്ങള് കെട്ടിച്ചയച്ചിന് ഞാനെ നിപ്പോന്നില്ല, പോണ്ടോര് പോയ്ക്കൊന്നും പറഞ്ഞിരുന്നതാ.'

അന്ന് മൊതല് അച്ഛൻറെ ഹോട്ടലില്, അച്ഛനെ സഹായിച്ചോണ്ട് നിക്കലന്നെ. ചാരേൻറെ മംഗലം കയിഞ്ഞ് ഏറെ കയ്യും മുന്നെ ഓളെ പുരുവൻ ചത്തുപോയി. എന്ത് കണ്ഠമാലാൻറെ രോഗാന്നറീല, മറിയുമ്മ പറയും. പൊറം നാട്ടില് പണിക്ക് പോയോനല്ലേ... അങ്ങനെ രണ്ടാളും ഹോട്ടലില് നിന്നു.

മറിയുമ്മാൻറെ വീട്ടിലെ ഓല കൊണ്ട് അതിര് കെട്ടി മറച്ച്യൻറെ എടേല് ഓലക്കീറ് നീക്കി മറിയുമ്മ ബറാത്തിന് കോതമ്പും കടലീം ചേർന്ന ബറാത്ത് പായസം കൊടുക്കും, ഏടത്തിക്കും അനിയത്തിക്കും. അവരത് ബിരിപ്പെട്ട് കയ്ക്കും. പെർണാക്ക് ബിരിയാണീം കാത്ത് രണ്ടാളും നിക്കും. ഓണത്തിനും ബിശൂനും കാര്യപ്പോം പ്രഥാനും സദ്യേം പാത്രത്തിലാക്കി അങ്ങോട്ടും കൊടുക്കും.

'എന്ത് പാങ്ങാന്നല്ലേ അന്നത്തെ കാലം' മറിയുമ്മ എടക്ക് പാറൂനോടും ചാരനോടും പറയും.

അട്ടിമറഞ്ഞത് പോല്യല്ലേ, കാര്യങ്ങള് കൊയഞ്ഞ് മറഞ്ഞ്. കൂപ്പില് പോയി മരം വാങ്ങി കച്ചോടം നടത്ത് അയമ്മദ്ക്ക പെട്ടന്നൊരാസം കൊയഞ്ഞ് ബീണ് മരിച്ച്. മൂത്തോള് മറിയുമ്മാൻറെ തായെ നാല് പെണ്ണ്. എന്താപ്പാ ചെയ്യ. ഉമ്മക്കാണെങ്കില് ഏറ്റും ബെർത്തം.അങ്ങന നിക്കുമ്പാണ് മറിയത്തിനൊരു പുത്തിയുദിച്ചത്. ഉപ്പാൻ്റെ മരക്കച്ചോടത്തിന് ഒപ്പരം പോന്ന ചങ്ങായോട് കൊറച്ച് കറക്കിത്തരാൻ പറഞ്ഞ്. ഉള്ളതെല്ലാം നുള്ളിപ്പൊറുക്കി കൊടുത്തിറ്റാന്ന്

> **ആ മയയത്ത്, കുഞ്ഞിൻറെ മൊകത്ത് കണ്ണ്ന്ന് ഒലിച്ചെറിങ്ങിയ നീര് കണ്ട് ചോയ്ച്ചു. എന്താണ്, പാറൂ നിനക്കിത്ര സങ്കടം. ഓള് പൊട്ടിക്കരഞ്ഞോണ്ട് പറഞ്ഞു: 'എണേ മറിയൂ, ൻറെ പൊരേം മണ്ണും എനിക്കിനി കിട്ടൂലാലോ... അയിൻറെ പണം കിട്ട്വാ കിട്ടി.. പൊര, ഒരാ ഉപ്പോലന്യാന്നല്ലേ... മരിച്ചോരെല്ലാം ആടത്തന്ന്യല്ലേ ഇല്ലതപ്പാ... ജനിച്ച മണ്ണ് പോവരും, പൊര പോവരും കാലിന്നടിയിലെ മണ്ണൊലിച്ച് പോവുമ്പോലെ....**

പറഞ്ഞത്. അന്തസ്സ് ബിറ്റിറ്റ് ഒരു നേരോം ജീവിക്കണ്ടാ. ആളോള് മൂക്കത്ത് ബെരല് ബെച്ചെങ്കിലും മറിയുമ്മ കരിങ്കല്ല് പോൽത്തെ മനസ്സും കൊണ്ട് വെകച്ചോടം തൊടങ്ങി. വിസിനസ്സിൻറെ സൂത്രപ്പണികളെല്ലാം പഠിച്ചപ്പോ മറിയുമ്മാക്ക് ധൈര്യായി. പൊരയോട് ചേർന്ന് വെല്യ ഒര് ഷെഡ് പൊര കെട്ടി, വെറക് കച്ചോടം തെറ്റല്ലാണ്ട് പോയി. അനിയത്തി പെങ്കുഞ്ഞങ്ങളൊക്കെ ബളന്ന് ബെല്തായി. മറിയുമ്മ തന്നെ പുയ്യാപ്ലാന് കണ്ട് പിടിച്ച് ല്ലാറ്റിനേം കെട്ടിച്ച് വിട്ട്. അവരെല്ലാം തൊര്യത്തില് ജീവിക്കട്ട്.

രാത്രി കത്ത്യാള് തലക്കോത്ത് വെച്ച് കെടക്കുമ്പോ, എന്നോ ഒരു ധൈര്യം ബെരും. ഒച്ചകേക്കണ്ട താമസം, കത്ത്യാള് തലന്തന്ന് എട്ത്ത് ഒറക്കെ ചോയിക്കും. ഏത്.... മോനാടാ ഈ നട്ടപ്പാതിരിക്ക്. കയ്യിലെ കത്ത്യാള് ഞാനെട്ക്കണ്ടേങ്കില് മര്യാദക്ക് സ്ഥലം വിട്ടോ.

മറിയുമ്മേന അപ്പോഴേക്കും വെറ്കച്ചോടക്കാർത്തി മറിയുമ്മാന്നും, കരിങ്കല്ല് മറിയാന്നൊക്കെ ആളോള് ബിളിച്ച് തൊടങ്ങി. തരിമ്പും കൂസാതെ എല്ലാരേം നല്ല ബയിക്കയച്ച് സുഗോല്ലാത്ത ഉമ്മാൻറെക്ക് കയിഞ്ഞ് പോവ്സാന്ന്, ഒരു ദെവസം വെറ് വാങ്ങാൻ വന്നോര്, പൊരപണിയാൻ മരത്തടി കൊണ്ട്ത്താന്ന് ചോയ്ച്ച് വന്നത്. ഒരു കയ്യ് നോക്യാലെ ന്താന്ന് കർതി മരക്കച്ചോടത്തിനെങ്ങിയതാ...

പെർത്താളക്കാര് നിക്കാഹ് കയിക്കാനായി വന്നതാ. താഴെ കെടക്ക്ന്ന് അനിയത്തി

മാരെ ചൊല്ലി വേണ്ട, വേണ്ടാന്ന് പറഞ്ഞു.

ഉമ്മാൻറെ കാലോം കയിഞ്ഞാല് നീ സാന്താവൂലേ കുഞ്ഞ്... ബയ്യാണ്ടാവുമ്പം ആരാ

നോക്കാ... അതോർമ്മ ബേണേ... ചെലരൊക്കെ മറിയുമ്മയെ ഉപദേശിക്കും.

അധികാരും മറിയുമ്മാൻറെടുത്ത് വെറ്തെ കിന്നാരം പറയാൻ പോവൂല്ല. ഓള പേട്യാന്ന് ല്ലാർക്കും. ഒറ്റക്ക് നിക്കണ പെണ്ണിന് മനസ്സ് പാവാക്ക്യാ പറ്റൂല.' ഓള് പറയും. അത് കാര്യാന്താനും. അങ്ങനെ കയ്യുമ്പാന്ന് റോഡ് വീതി കൂട്ടാവേണ്ടി അളക്ക് നാൾക്കാര് ബന്നത്. പാറൂൻറെ ഹോട്ടലിൻറെ സ്ഥലോം പൊരേം അയിൻറുള്ളിലാവുംപറഞ്ഞെന്ന് പാറു ഒരു പോള കണ്ണടച്ചിറ്റ.

''നീ ബേജാറാവണ്ടണേ... ഞാനില്ലേ ഒപ്പരം' അവരെ പണം കിട്ടി

ക്കയിഞ്ഞാ നമ്മക്ക് ഹോട്ടല് ബേറെ തൊടങ്ങ്. പാറൂനറിയാം പറ്റ് പിടിച്ച് ഒരു സ്ഥലത്തിൻറെ കൊണം മറ്റേട പോയാലും കിട്ടൂലാന്ന്.

അന്ന് ഹോട്ടലില് നല്ല തെരക്കാര്ന്ന്. ഹോട്ടലിൻറെ രുചിവര്ത്താനം കേട്ടിട്ട് സിനിമക്കാരാരോ വിരിച്ച് വിട്ട് ഒരു വണ്ടി ഹോട്ടലിൻറെ മുന്നില് വന്നു നിന്നു.

അവരെറങ്ങി വന്നിട്ട്, നമ്മ സിനിമക്കാരാന്ന്, രണ്ട് മൂന്ന് പോട്ടം പിടിക്കണംന്ന് പറ ഞ്ഞപ്പോ പാറു പറഞ്ഞ് മക്കളേ, കൊറച്ച് കയ്യട്ട്. ഇപ്പം നല്ല തെരക്കാണ്. നമ്മള് അന്നം ഇതാണ്. സിനിമെല്ലം ബെല്യബെല്യ ആൾക്കാര കാര്യല്ലേ...ന്ന് പറഞ്ഞ് പാറു സാമ്പാറിൻറെ പാത്രോം, കോയിക്കറിന്റെ പാത്രോം എടുത്ത് വട്ടം തിരിഞ്ഞു. അവരതെല്ലം കാമറീലാക്കി. മറിയുമ്മാൻറീം കുഞ്ഞിപ്പാറൂൻറീം പോലെ ഒക്കകയിഞ്ഞ രണ്ട് പെണ്ണ്ങ്ങള കത സിനിമായിറ്റിണ്ട്ന്ന് പറഞ്ഞ് അവര് കൈകഴുകി എലക്ക് മുന്നിലിരുന്ന്.

പണം കൊടുത്ത് കയിഞ്ഞപ്പം മറിയുമ്മാനോട് പറഞ്ഞ്. 'ദാ രണ്ട് ടിക്കറ്റ്. ങ്ങള് പോയി സിനിമ കാണണംന്ന്. അന്ന് മറിയുമ്മ ഹോട്ടലിലായ്. ചാനലില് രണ്ടാള ജീവിതവും സ്നേഹവുമെല്ലാം വന്നതോണ്ട് ഓറെ രണ്ടാളം ഇപ്പ്ല്ലാർക്കും അറിയ

ഞായറാഴ്ച ഹോട്ടലില്ലാത്തോസം മറിയും പാറൂം ചാരേം സിൽമക്ക് പോയി. അതിശയം കൊണ്ട് രണ്ടാളും മൂക്കത്ത് വെരല് വെച്ച് പോയ്. ജാതീം മതോം നോക്കാണ്ട് വയസ്സായ രണ്ട് പെണ്ണ് ഒന്നിച്ച് ജീവിക്ക് കതയാത്.

മറിയുമ്മ പറഞ്ഞു. എണേ, എനക്കും നിനക്കും ചാരക്കും ആരൂല്ല. നമ്മക്ക് ഒന്നിച്ച് ജീവിക്ക്. ബയസ്സാവുമ്പം ആരുല്ലാന്ന് ബിചാരിക്കണ്ട. നിങ്ങ തോന്ന്യോല നടക്കുന്നത് പറഞ്ഞിട്ട് ഞാൻ നോക്ക്യ പിള്ളാരും തിരിഞ്ഞ് നോക്കില്ല. അല്ലെങ്കിലും അങ്ങന്യാ നോക്ക്യാല ആരീക്കും കണ്ടൂടാല.

നമ്മക്ക് മന്ച്ചമ്മാരായി ജീവിക്കാം. മറിയുമ്മ ആലോയ്ച്ചിരിക്കണ കണ്ടിറ്റ് പാറു പറഞ്ഞു.

ഒന്നും നിരീച്ച് ബെശമിക്കണ്ട നീ. ബാ... ചായ കുടിക്കാലാ.

'ജീവിക്കാരല്ലേ ജാതീം മതോം പറയൂല. മണ്ണിന്നടീല് പോയ പിന്നെന്ത് ജാതീം മതോം ബന്നിന്. അതീ മന്ചമ്മാർക്ക് പറഞ്ഞാ തിരീല.' മറിയു എലയട ഒരു കഷ്ണം പൊട്ടിച്ചെടുത്ത് വായിലിട്ടിറ്റ് പറഞ്ഞു.

ആട്ന്ന് പൊററങ്ങി റോട്ടുമ്മലൂടെ പാലത്തില് കേറിയതേ ഓർമ്മ. എങ്ങനാന്നറിയാതെ പെരുമയേം കാറ്റും. നീർത്തിപ്പിടിച്ച കൊടയൊക്കെ അടിച്ച് പറത്തി കാറ്റ് പിരാന്ത് പിടിച്ച പോലെ വീശിയടിച്ചു. ഒപ്പം തോരാപ്പെരുമയേം. മൂന്നാളും ആ മയയിൽ കെട്ടിപ്പിടിച്ച് ചോര്ന്നൊലിച്ച് നിന്നു. ഒരു ഇടിമിന്നൽ പാഞ്ഞുപോയി. പിന്നെ ആകെ ഞെട്ടിച്ചോണ്ട് ഇടിയൊച്ചേം. ആകെ കിടുങ്ങിപ്പോയി.ന്താ, പാകഥ! പൂമി പെര്ണ്ടാ... പിന്നേം മയ തന്നെ!

ആ മയയത്ത്, കുഞ്ഞിൻറെ മൊകത്ത് കണ്ണ്ന്ന് ഒലിച്ചെറിങ്ങിയ നീര് കണ്ട് ചോയ്ച്ചു. എന്താണ്, പാറൂ നിനക്കിത്ര സങ്കടം.

ഓള് പൊട്ടിക്കരഞ്ഞോണ്ട് പറഞ്ഞു:

'എണേ മറിയൂ, ൻറെ പൊരേം മണ്ണും എനിക്കിനി കിട്ടൂലാലോ... അയിൻറെ പണം കിട്ട്യാ കിട്ടി ..

പൊര, ഒരാളപ്പോലന്യാന്നല്ലേ... മരിച്ചോരെല്ലാം ആടത്തന്ന്യല്ലേ ഇല്ലതപ്പാ... ജനിച്ച മണ്ണ് പോവരും, പൊര പോവരും കാലിന്നടിയിലെ മണ്ണൊലിച്ച് പോവുമ്പോലെ....

ആ വാക്ക് കാറ്റെടുത്ത് പറത്തി എങ്ങോട്ടോ കൊണ്ടോയി.




Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy




**ഭാവഗായകൻ എന്ന ഒറ്റവാക്കിൽ അടങ്ങും ജയചന്ദ്രൻ എന്ന അതുല്യഗായക പ്രതിഭയുടെ വിശേഷണങ്ങളെല്ലാം. പകരം വയ്ക്കാനില്ലാത്ത ആലാപന സിദ്ധി. ലളിതസുന്ദരവും ഭാവാത്മകവുമായ ആ ആലാപന ശൈലി അനുകരിക്കാൻ ശ്രമിക്കുന്നവർക്ക് സമ്പൂർണ പരാജയം ഉറപ്പ്. കേൾക്കുമ്പോൾ അനുഭവിക്കുന്ന ലാളിത്യവും അനായാസതയും പാടുമ്പോൾ സ്വാംശീകരിക്കാൻ പ്രയാസം**

# ഭാവഗായകൻ ജയചന്ദ്രൻ

എസ് രാജേന്ദ്രബാബു

ഐവി ശശി വാഗ്ദാനം നൽകിയ 'ആലിംഗനം' എന്ന ചിത്രം വഴുതിപ്പോയതിനു ശേഷം പുതിയ ഓഫറുകളൊന്നും ലഭിക്കാതെ കണ്ണൂർ രാജൻ പ്രതീക്ഷയോടെ കാത്തിരുന്നു. ഇതിനിടയിൽ കണ്ണൂർ രാജൻറെ നാട്ടുകാരനായ ഒരു ഗൾഫ്കാരൻ സുഹൃത്ത് ഐവി ശശിയെ സംവിധായകനാക്കി ഒരു ചിത്രം നിർമ്മിക്കാൻ മുന്നോട്ട് വന്നു. ശശിയുമായി പ്രാരംഭ ചർച്ചകൾ പൂർത്തിയാക്കിയതോടെ പി ജയചന്ദ്രനു വേണ്ടി ബിച്ചു തിരുമലയുടെ ഒരു ഗാനം കണ്ണൂർ രാജൻ കമ്പോസ് ചെയ്തു. ഐവി ശശി ചിത്രത്തിനു പേരിട്ടു – 'അഭിലാഷം'. പാട്ട് പഠിപ്പിക്കാനായി ഒരു വൈകുന്നേരം എന്നെയും കൂട്ടി



കണ്ണൂർ രാജൻ ജയചന്ദ്രൻറെ വീട്ടിലേക്ക് പുറപ്പെട്ടു. മഹാലിംഗപുരത്തെ ലേഡി മാധവൻ നായർ കോളനിയിലാണ് അദ്ദേഹം താമസിച്ചിരുന്നത്. ജയചന്ദ്രനും ഭാര്യയും ഉമ്മറത്ത് ഇരിപ്പുണ്ട്. കൈക്കുഞ്ഞായ മകൾ ലക്ഷ്മി അമ്മയുടെ മടിയിൽ. സൗഹൃദ സംഭാഷണങ്ങൾക്കൊടുവിൽ ജയചന്ദ്രൻ അദ്ദേഹത്തിൻറെ ഏറ്റവും പുതിയ ഹിറ്റ് ഗാനം ഞങ്ങളെ ടേപ് റെക്കോഡറിൽ കേൾപ്പിച്ചു – 'റംസാനിലെ ചന്ദ്രികയോ.' ആലിബാബയും നാൽപത്തൊന്ന് കള്ളന്മാരും എന്ന ചിത്രത്തിനു വേണ്ടി വയലാർ എഴുതി ദേവരാജൻ മാസ്റ്റർ സംഗീതം നിർവഹിച്ച പാട്ട്. പാട്ട് കേട്ട ശേഷം പുതിയ ചിത്രവിശേഷം കണ്ണൂർ രാജൻ വിവരിച്ചു.



ജയചന്ദ്രനു പാടാനുള്ള പാട്ടുമായാണ് വന്നതെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനു സന്തോഷമായി. പാട്ട് ഞാൻ പാടിക്കേൾപ്പിച്ചു. മനോഹരമായ ഗാനം ജയചന്ദ്രന് വളരെ ഇഷ്ടമായി. അതിലുപരി കണ്ണൂർ രാജൻറെ പ്രത്യേകതയായ സൂക്ഷ്മസംഗതികൾ കൃത്യമായി പാടിയ എന്നെ അദ്ദേഹം ശ്രദ്ധിച്ചു. രാജൻറെ ശിഷ്യൻ കൊള്ളാമല്ലോ. പാട്ട് കൃത്യമായി കോപ്പി ചെയ്തിരിക്കുന്നു. ടേപ് റെക്കോഡർ തന്നെ. ഗൾഫ്കാരനുമായുള്ള തുടക്കത്തിലെ കത്തിടപാടുകളുടെ ദൈർഘ്യം കുറഞ്ഞു. പിന്നെപ്പിന്നെ കൂടെക്കൂടെയുള്ള കത്തുകൾ വല്ലപ്പോഴുമായി. പിന്നീട് തീരെയില്ലാതായി. അതോടെ ആ സ്വപ്നവും പൊലിഞ്ഞു. 'പല്ലവി'യിൽ ഭാസ്കരൻ മാസ്റ്റർ രചിച്ച 'കണ്ണാലെപ്പാര്... പുന്നാര മോനേ...' എന്നൊരു കോമഡി ഗാനം കണ്ണൂർ രാജനു വേണ്ടി ജയചന്ദ്രൻ പാടിയിരുന്നു. അതിൽ നിന്ന് തികച്ചും വ്യത്യസ്തമായി മനോഹരമായ ഒരു മെലഡി ഗാനമാണ് 'അഭിലാഷ'ത്തിനു വേണ്ടി കണ്ണൂർ രാജൻ ജയചന്ദ്രനായി മാറ്റിവച്ചത്. ദൗർഭാഗ്യവശാൽ പ്രാരംഭ ചർച്ചയ്ക്കു ശേഷം ആ ചിത്രത്തിൻറെ നിർമ്മാണം പുരോഗമിച്ചില്ല. അടുത്തൊരു ചിത്രത്തിനായി കണ്ണൂർ രാജന് പിന്നെയും കാത്തിരിക്കേണ്ടി വന്നു.

> **സംഗീതത്തിൽ നിറഭേദങ്ങളുടെ പൂന്തോട്ടങ്ങൾക്കു പകരം സൂര്യകാന്തിപ്പാടങ്ങൾ സൃഷ്ടിക്കാനാണ് മലയാളത്തിൽ ശ്രമമുണ്ടായത്. മറ്റു ഭാഷകളിലാകട്ടെ സംഗീത സംവിധായകർ വിവിധ ഗായകരെ കൊണ്ട് രുചിഭേദങ്ങൾ സൃഷ്ടിച്ച് ആസ്വാദകരെ വിസ്മയിപ്പിച്ചപ്പോൾ മലയാള ഗാനങ്ങൾക്ക് അത് അന്യമായി. ആ സാഹചര്യത്തിലാണ് മൗലിക ശബ്ദം കൊണ്ട് തൻറെ ഇടം ജയചന്ദ്രൻ മലയാളത്തിൽ ഉറപ്പിച്ചത്. അത് മറ്റ് ഭാഷകളിലേക്ക് വിന്യസിപ്പിക്കാനും അദ്ദേഹത്തിന് അനായാസം കഴിഞ്ഞു. സൂര്യകാന്തിപ്പാടത്തിനു നടുവിൽ ഒരു ചെമ്പനീർൺപൂവായി ജയചന്ദ്രൻ ശോഭിച്ചു**

തുടർച്ചയായി ഹിറ്റ് ഗാനങ്ങൾ നൽകിക്കൊണ്ട് ജയചന്ദ്രൻ പിന്നണിഗാന രംഗത്ത് തിളങ്ങി നിന്നകാലത്ത് ഒരു ദിവസം തബല ബാലൻ എന്നെയും കൂട്ടി ജയചന്ദ്രൻറെ വീട്ടിലെത്തി. ഒരു വിശേഷമുണ്ടെന്നും അത് ജയേട്ടൻ നേരിട്ട് പറയുമെന്നും ധരിപ്പിച്ചാണ് എന്നെ ബാലൻ കൂട്ടിക്കൊണ്ടു പോയത്. ഗാനമേളകൾ അവതരിപ്പിക്കാനായി അദ്ദേഹം ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കാൻ ഒരുങ്ങുകയാണെന്നും ഗായികയായി എൻറെ സഹോദരി ലതികയും അക്കോഡിയൻ വാദകനായി ഞാനും പങ്കെടുക്കണമെന്നും ജയചന്ദ്രൻ അറിയിച്ചു. സലിൽ ചൗധരി ഉൾപ്പെടെ അക്കാലത്തെ പ്രഗത്ഭരായ മിക്ക സംഗീത സംവിധായകർക്കും തബല വായിക്കുന്ന ധ്രുവൻ, വോയ്സ് ഓഫ് ട്രിച്ചൂറിലെ ഗിറ്റാറിസ്റ്റ് ആറ്റ്ലി, താളവാദ്യ കലാകാരനായി ബാലൻ എന്നിവരാണ് സംഘത്തിലെ മറ്റംഗങ്ങൾ. 1976 സെപ്തംബറിൽ ജയചന്ദ്രൻറെ വീട്ടിൽ റിഹേഴ്സൽ. റിഹേഴ്സലിനൊടുവിലത്തെ ദിവസം ആർകെ ശേഖറിൻറെ നിര്യാണ വാർത്തയറിഞ്ഞ് ജയേട്ടൻ അവിടേക്കു പോയി. മലയാള ചലച്ചിത്ര സംഗീത രംഗത്ത് മിക്ക സംഗീത സംവിധായകരുടെയും സഹായിയായി പ്രവർത്തിച്ചും സ്വന്തമായി പല ചിത്രങ്ങൾക്ക് സംഗീത സംവിധാനം നിർവഹിച്ചും മലയാളിയുടെ പ്രിയപ്പെട്ട സംഗീതകാരനായി മാറിക്കഴിഞ്ഞിരുന്ന ആർകെ ശേഖറിൻറെ നിര്യാണം എല്ലാവരെയും ദുഃഖത്തിലാഴ്ത്തി.




മുൻനിശ്ചയപ്രകാരം അന്നു രാത്രി തന്നെ ഞങ്ങൾ ബോംബെയ്ക്കു പുറപ്പെട്ടു. അടുത്ത ദിവസത്തെ രാത്രി കഴിഞ്ഞ് വെളുപ്പിന് ബോംബെയിൽ നിന്ന് കുവൈറ്റിലേക്കുള്ള വിമാനയാത്ര. കുവൈറ്റ്, ബഹ്റൈൻ, ഖത്തർ, യുഎയിയിലെ ദുബായ്, അബുദാബി, ഷാർജ, അൽഅയ്ൻ, റാസൽഖൈമ തുടങ്ങിയ വിവിധ സ്ഥലങ്ങളിലായി ഒന്നര മാസക്കാലം നീണ്ടുനിന്ന സന്ദർശനത്തിൽ പതിനാറ് പരിപാടികൾ അവതരിപ്പിച്ചു. സന്ധ്യക്കെന്തിനു സിന്ദൂരം, സ്വാതി തിരുനാളിൻ കാമിനി, നിൻ മണിയറയിലെ നിർമ്മല ശയ്യയിലെ, ഹർഷബാഷ്പം തൂകി, കാവ്യ പുസ്തകമല്ലോ ജീവിതം, കരിമുകിൽ കാട്ടിലെ, മല്ലികാബാണൻ തൻറെ വില്ലെടുത്തു... തുടങ്ങി വേദിയിൽ അവതരിപ്പിച്ച ഹിറ്റ് ഗാനങ്ങൾ ഓരോന്നും ഹർഷാരവത്തോടെയാണ് ആസ്വാദകർ വരവേറ്റത്. റാസൽ ഖൈമയിലെ പരിപാടി കഴിഞ്ഞ് അടുത്ത വെളുപ്പിന് ഞെട്ടിക്കുന്ന ആ വാർത്ത കേട്ടു. ഗൾഫ് പരിപാടികൾ കഴിഞ്ഞ് നാട്ടിലേക്കു മടങ്ങുകയായിരുന്ന റാണിചന്ദ്രയും സംഘവും സഞ്ചരിച്ച വിമാനം തകർന്ന വാർത്ത.

**റാസൽ ഖൈമയിലെ പരിപാടി കഴിഞ്ഞ് അടുത്ത വെളുപ്പിന് ഞെട്ടിക്കുന്ന ആ വാർത്ത കേട്ടു. ഗൾഫ് പരിപാടികൾ കഴിഞ്ഞ് നാട്ടിലേക്കു മടങ്ങുകയായിരുന്ന റാണിചന്ദ്രയും സംഘവും സഞ്ചരിച്ച വിമാനം തകർന്ന വാർത്ത.**

തെന്നിന്ത്യൻ ഭാഷകളിൽ ചലച്ചിത്രഗാന രംഗത്ത് ആലാപന വൈവിധ്യം തീരെ കുറവുള്ളത് മലയാളത്തിലാണ്. ഒരേ ഗായകരുടെ ഗാനങ്ങളിൽ തന്നെ അഭിരമിക്കാനായിരുന്നു സംവിധായകർക്കും സംഗീത സംവിധായകർക്കും താത്പര്യം. സംഗീതത്തിൽ നിറഭേദങ്ങളുടെ പൂന്തോട്ടങ്ങൾക്കു പകരം സൂര്യകാന്തിപ്പാടങ്ങൾ സൃഷ്ടിക്കാനാണ് അവർ മെനക്കെട്ടത്. മറ്റു ഭാഷകളിലാകട്ടെ സംഗീത സംവിധായകർ വിവിധ ഗായകരെ കൊണ്ട് രുചിഭേദങ്ങൾ സൃഷ്ടിച്ച് ആസ്വാദകരെ വിസ്മയിപ്പിച്ചപ്പോൾ മലയാള ഗാനങ്ങൾക്ക് അത് അന്യമായി. ആ സാഹചര്യത്തിലാണ് മൗലിക ശബ്ദം കൊണ്ട് തൻറെ ഇടം ജയചന്ദ്രൻ മലയാളത്തിൽ ഉറപ്പിച്ചത്. അത് മറ്റ് ഭാഷകളിലേക്ക് വിന്യസിപ്പിക്കാനും അദ്ദേഹത്തിന് അനായാസം കഴിഞ്ഞു. സൂര്യകാന്തിപ്പാടത്തിനു നടുവിൽ ഒരു ചെമ്പനീർൺപ്പൂവായി ശോഭിക്കാൻ ജയചന്ദ്രന് എങ്ങനെ സാധ്യമായി? സംഗീതാസ്വാദകർ ആലാപനത്തിലെ വൈവിധ്യം ഇരുകൈ നീട്ടി സ്വീകരിക്കാൻ തയാറായതു തന്നെ കാരണം. ഒരു അഭിമുഖ സംഭാഷണത്തിൽ ദേവരാജൻ മാസ്റ്റർ അഭിപ്രായപ്പെട്ടതിങ്ങനെ-?പിന്നണി ഗായകർ ശാസ്ത്രീയ സംഗീതത്തിൽ അവഗാഹം നേടേണ്ടത് അത്യാവശ്യമാണ്. ലളിതസംഗീതം ഭദ്രമായും അനായാസമായും കൈകാര്യം ചെയ്യാൻ അത് ഉപകരിക്കും. എന്നാൽ അവർ ശാസ്ത്രീയ സംഗീതാലാപനത്തിൽ വാപൃതരാകരുത്. സംഗീതക്കച്ചേരികൾ ശബ്ദത്തെ ഘനഗംഭീരമാക്കും. അത് ലളിതസംഗീതത്തിൻറെ ലാളിത്യവും മധുരിമയും കെടുത്തും. ഇക്കാര്യത്തിൽ ജയചന്ദ്രൻ വേറിട്ട് നിൽക്കുന്നു. ശാസ്ത്രീയ സംഗീതത്തിൽ വേണ്ടത്ര അറിവ് നേടിയിട്ടും അത് ലളിതസംഗീതത്തിനു വേണ്ടി മാത്രം പ്രയോഗിച്ചു. തൻറെ ഗാനങ്ങളുടെ ലാളിത്യം ഇന്നും കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിനു കഴിയുന്നത് അതിനാലാണ്.?

ഒരു തമിഴ് ഗാനലേഖന വേളയിൽ എംഎസ് വിശ്വനാഥനുമായി ഒരു പ്രമുഖ ഗായകൻ മുൻകോപത്തിൻറെ പേരിൽ തെറ്റിപ്പിരിഞ്ഞത് ജയചന്ദ്രന് തമിഴിൽ ചുവടുറപ്പിക്കാൻ കാരണമായി.



**കണ്ണൂർ രാജനും ബാബുവും**



ജയചന്ദ്രനും ദേവരാജനും ബാബുവും



എം എസ് വിശ്വനാഥൻ

തമിഴിലും മലയാളത്തിലും പിന്നീടുള്ള തൻറെ ഗാനങ്ങളെല്ലാം എംഎസ് വിശ്വനാഥൻ ജയചന്ദ്രനെക്കൊണ്ട് റെക്കോഡ് ചെയ്തു. കെഎസ് സേതുമാധവൻ സംവിധാനം ചെയ്ത 'പണിതീരാത്ത വീട്' എന്ന ചിത്രത്തിലെ 'സുപ്രഭാതം... നീലഗിരിയുടെ സഖികളേ' എന്ന ഗാനം അങ്ങനെയാണ് ജയചന്ദ്രൻറെ ക്രെഡിറ്റിൽ വീണത്. ഗാനത്തിന് സംസ്ഥാന അവാർഡും ലഭിച്ചു. എംഎസ് വിശ്വനാഥനിലൂടെ തമിഴിൽ നിലയുറപ്പിച്ചതോടെ തൊട്ടതെല്ലാം പൊന്നാക്കുന്ന ഭാവഗായകൻ അവസരത്തിനൊത്തുയർന്നു. തുടർന്ന് ഇളയരാജ തുടങ്ങിയ മറ്റ് പ്രമുഖ സംഗീത സംവിധായകരും നിരവധി ഗാനങ്ങൾ ജയചന്ദ്രനു നൽകി. അദ്ദേഹത്തിൻറെ തമിഴ് ഉച്ചാരണം വ്യക്തവും മനോഹരവുമായത് കൂടുതൽ അവസരം ലഭിക്കാൻ കാരണമായി. തുടർന്ന് തെലുങ്ക്, കന്നഡ ഭാഷകളിലും ജയചന്ദ്രൻ പ്രിയപ്പെട്ട ഗായകനായി. ആ ഗാനനിർഝരി ദശാബ്ദങ്ങളോളം നിർവിഘ്നം ഒഴുകി.

> **ലളിതസംഗീതത്തിൻറെ ലാളിത്യവും മധുരിമയും നൽകുന്നതിൽ ജയചന്ദ്രൻ വേറിട്ട് നിൽക്കുന്നു. ശാസ്ത്രീയ സംഗീതത്തിൽ വേണ്ടത്ര അറിവ് നേടിയിട്ടും അത് ലളിത സംഗീതത്തിനു വേണ്ടി മാത്രം പ്രയോഗിച്ചു. തൻറെ ഗാനങ്ങളുടെ ലാളിത്യം ഇന്നും കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിനു കഴിയുന്നു .**

ആലാപനത്തിലെ ലാളിത്യം തന്നെയാണ് ലളിതസംഗീതത്തിൻറെ മുഖമുദ്ര. സംഗീതൺക്കച്ചേരികളിലൂടെ ശബ്ദത്തിൻറെ മാർദ്ദവം നഷ്ടമാകും. ചലച്ചിത്രഗാന സംവിധാന രംഗത്ത് പ്രവേശിക്കുന്നതു വരെ കർണ്ണാടക സംഗീതത്തിൽ മാത്രം മുഴുകിയിരുന്ന ദേവരാജൻ മാസ്റ്ററുടെ സാക്ഷ്യപ്പെടുത്തലിൽ കഴമ്പുണ്ട് . ആ യാഥാർത്ഥ്യം എത്രപേർ തിരിച്ചറിയുന്നു എന്നതാണ് പ്രധാനം. സംഗീതക്കച്ചേരി അവതരിപ്പിക്കാത്തതു കൊണ്ട് ജയചന്ദ്രന് ശാസ്ത്രീയ സംഗീതം വഴങ്ങില്ല എന്നൊരു തെറ്റിദ്ധാരണ നിലനിൽക്കുന്നുണ്ട് .. ഒരിടത്തും അതു തിരുത്താൻ അദ്ദേഹം മെനക്കെട്ടിട്ടില്ല. എന്നാൽ ദക്ഷിണാമൂർത്തി, കെ രാഘവൻ, ദേവരാജൻ മാസ്റ്റർ, ബാബുരാജ്, അർജുനൻ മാസ്റ്റർ, വിദ്യാധരൻ മാസ്റ്റർ തുടങ്ങിയ സംഗീത സംവിധായകർ ആ വസ്തുത മനസ്സിലാക്കിയിരുന്നുവെന്നത് അവർ ജയചന്ദ്രനു നൽകിയ ഈടുറ്റ അർധശാസ്ത്രീയ ഗാനങ്ങളിൽ നിന്ന് മനസ്സിലാക്കാം. മൃദംഗത്തിലും തായമ്പകയിലുമുള്ള ജയചന്ദ്രൻറെ പ്രാവീണ്യം അദ്ദേഹത്തിൻറെ ശാസ്ത്രീയ സംഗീതാവബോധത്തിൻറെ നേർസാക്ഷ്യങ്ങൾ. ഭാവഗായകൻ എന്ന ഒറ്റവാക്കിൽ അടങ്ങും ജയചന്ദ്രൻ എന്ന അതുല്യഗായക പ്രതിഭയുടെ വിശേഷണങ്ങളെല്ലാം. പകരം വയ്ക്കാനില്ലാത്ത ആലാപന സിദ്ധി. ലളിതസുന്ദരവും ഭാവാത്മകവുമായ ആ ആലാപന ശൈലി അനുകരിക്കാൻ ശ്രമിക്കുന്നവർക്ക് സമ്പൂർണ പരാജയം ഉറപ്പ്. കേൾക്കുമ്പോൾ അനുഭവിക്കുന്ന ലാളിത്യവും അനായാസതയും പാടുമ്പോൾ സ്വാംശീകരിക്കാൻ പ്രയാസം. അതുകൊണ്ടു തന്നെ ജയചന്ദ്രനു പകരം ജയചന്ദ്രൻ മാത്രം.

നാദവിഹായസ്സിൽ ഒരു സൂര്യതേജസ് ജ്വലിച്ചു നിൽക്കുമ്പോൾ മറുവശത്ത് തെളിഞ്ഞ നീലാകാശത്തിൽ പൂർണചന്ദ്രനായി തിളങ്ങിയ ഭാവഗായകൻ ഇനി മലയാളിമനസ്സിൽ ഒരു മധുരസ്മൃതി. ശബ്ദമധുരിമ കൊണ്ടും ഭാവസാന്ദ്രത കൊണ്ടും തൻറെ ഗാനങ്ങൾക്ക് സ്വന്തമായ ഒരിടം കണ്ടെത്തിയ ഗായകൻ ഗാനാസ്വാദകരുടെ നിത്യവിസ്മയമായി തുടരുന്നതിൽ അതിശയോക്തിയില്ല. ഓർമ്മയിൽ സൂക്ഷിക്കാവുന്നതിലധികം സുന്ദര ഗാനങ്ങളാണ് അദ്ദേഹം നമുക്ക് സമ്മാനിച്ചത്. എല്ലാ പ്രമുഖ സംഗീത സംവിധായകർക്കും പ്രിയപ്പെട്ട ഗായകൻ. അവരുടെ ഗാനങ്ങൾ ആവശ്യപ്പെടുന്ന തെളിമയും മധുരവുമെല്ലാം ഔചിത്യബോധത്തോടെ പകർന്നു നൽകാൻ ജയചന്ദ്രൻ സദാ സന്നദ്ധമായിരുന്നു. ശുദ്ധസംഗീതം നിലനിൽക്കുന്നിടത്തോളം ആ ഭാവഗായകൻ ചിരഞ്ജീവിയായി ആസ്വാദക മനസ്സിൽ തെളിഞ്ഞു നിൽക്കും.

ചെറുകഥ



പെയിന്റിംഗ്: ബ്ലോഡ്സൊ

# അയ്യപ്പന്റെ ദശാവതാരങ്ങൾ

ജോസഫ് എബ്രഹാം

അന്ന് അന്തോണീസു പുണ്യാളൻറെ പെരുന്നാളായിരുന്നു.

ആ നാട്ടിലെത്തിയിയ ശേഷമുള്ള ആദ്യത്തെ പെരുന്നാൾ.

കാതടപ്പിക്കുന്ന കതിനാവെടിയും ചെണ്ടമേളവും ബാന്റ്സെറ്റു മേളത്തിൽ മുത്തുക്കുടകളും ട്യൂബ് ലൈറ്റുകളും നിറഞ്ഞ ഘോഷയാത്രയായി പുണ്യാളൻറെ തിരുസ്വരൂപവും സ്വർണ്ണക്കസവിന്റെ കാപ്പയണിഞ്ഞ അച്ചന്മാരും കടന്നുപോയികഴിഞ്ഞപ്പോൾ വിജയൻമാഷ് അയ്യപ്പൻറെ കവിത ചൊല്ലി.

അതോടെ അന്നത്തെ വെടിവട്ടം അയ്യപ്പനിലേക്കെത്തി. വിജയൻമാഷിൻറ മുറിയിലൊത്തുചേരുമ്പോൾ മാഷിൻറെ സഹമുറിക്കാരനും



കഥാകൃത്തുമായ കേരളാബാങ്കിലെ ക്ലാർക്ക്, ഭാസ്കരൻ രണ്ടത്താണി പകരുന്ന കട്ടൻചായക്കൊപ്പം സാഹിത്യവും സിനിമയുമൊക്കെയാണ് ചർച്ചാവിഷയമായി വരിക.

അന്നത്തെ വിഷയം അയ്യപ്പനായപ്പോൾ സ്വാഭാവികമായും അയ്യപ്പൻറെ നാട്ടുകാരനായ ഞാനായിരുന്നു പ്രധാനമായും സംസാരിച്ചത്. ഒരിക്കൽ നാട്ടിലെ പള്ളിപ്പെരുന്നാളിൻറെ രാത്രിയിൽ, അവിടുത്തെ കേഡിയായിരുന്ന ആലിപ്പുവുമായി അയ്യപ്പൻ അടിയുണ്ടാക്കിയകാര്യം വിജയൻമാഷിനോട് പറഞ്ഞിരുന്നു. അതുകൊണ്ടാവണം വിജയൻ മാഷ് അയ്യപ്പൻറെ വിഷയം തന്നെ എടുത്തിട്ടത്.

* * * * *

അയ്യപ്പനോട് നാട്ടുകാർക്കെല്ലാവർക്കും ആരാധനയും ഒരല്പം അസൂയയുമായിരുന്നു.

അത്രയ്ക്കു സംഭവബഹുലമായിരുന്നു അയാളുടെ ജീവിതവും അനവധി സമസ്യകൾ അവശേഷിപ്പിച്ചുകൊണ്ടുള്ള തിരോധാനവും.

ഒരു മകരമാസപുലരിയിൽ കറുത്ത മുണ്ടുമുടുത്തു ഇരുമുടിക്കെട്ടുമായി സാക്ഷാൽ അയ്യപ്പനെ കാണുവാൻ വേണ്ടി ശബരിമലയ്ക്ക് പോയതാണ് അയ്യപ്പൻ.

മലയ്ക്കു പോകുന്നതിൻറെ തലേന്നുരാത്രിയിൽ അയ്യപ്പൻറെ മുറ്റത്തിട്ട കെട്ടുനിറ ഓലപ്പന്തലിൽ സാമ്പാറും അവിയലും ഇടിച്ചക്കത്തോരനും കണ്ണിമാങ്ങാച്ചാറും ചേർത്തുള്ള അത്താഴസദ്യയ്ക്കുശേഷം വില്ലടിച്ചാൻ പാട്ടും ഭജനയും നടത്തിയിരുന്നു.

പതിനെട്ടുപടികളെയും ഓരോന്നായി ശരണംവിളിച്ചുള്ള 'തിരുപ്പടിപാട്ടി'ൻറെ ഉച്ചസ്ഥായിൽ ഉന്മാദമുറഞ്ഞുതുള്ളി പതിനെട്ടാം പടിയിലെത്തിയപ്പോൾ അയ്യപ്പനിൽ അയ്യൻ ആവേശിച്ചു.

അയ്യപ്പൻ സ്വാമി ഉറഞ്ഞു തുള്ളി, സ്വാമി അയ്യപ്പനായി ഭക്തരെ അനുഗ്രഹിച്ചു.

ചിലരെ പേരുചൊല്ലി വിളിച്ചു.

ചിലരുടെ അതീവ രഹസ്യമായ ഭൂതകാലങ്ങൾ അരുളപ്പാടുകളിലൂടെ വെളിപ്പെടുത്തി.

ഇത്രയുമായപ്പോൾ,

''അടിയങ്ങൾ, ഇനിയെന്തു ചെയ്യണമെന്നാ''യി ഭക്തർ

അതുകേട്ട അയ്യൻ,

''അടുത്ത വർഷവും പാട്ട് കഴിക്കണ''മെന്ന അരുളപ്പാടോടെ പോയിമറഞ്ഞു.

അയ്യനിറങ്ങിപ്പോയ അയ്യപ്പൻറെയുടൽ, വെട്ടിയിട്ടവാഴപോലെ മുറ്റത്തു മറിഞ്ഞുവീണു.

അതോടെ ഗായകസംഘം ഹരിവരാസനം പാടി അയ്യനെ ഉറക്കാനും, അയ്യപ്പനെ ഉണർത്താനും തുടങ്ങി.

പിറ്റേന്ന് രാവിലെ അയ്യപ്പൻ കെട്ടുമുറുക്കി.

വാഴച്ചോട്ടിൽ നിന്നുമെടുത്ത് വീടിൻറെ നടുമുറ്റത്ത് സ്ഥാപിച്ച കല്ലിൽ തേങ്ങായുടച്ചു ശരണം വിളിച്ചു. പള്ളിക്കെട്ടുതലയിലേന്തി, പിൻതിരിഞ്ഞു നോക്കാതെ നഗ്നപാദനായി നടയിറങ്ങിപോയി.

അയ്യപ്പൻറെ അമ്മ, തേങ്ങായുടച്ച കല്ലിന്മേലൊരു ചൂരൽകൊട്ട കമിഴ്ത്തിവച്ചു.

കോഴികൾ വന്നുകേറി തൂറി അശുദ്ധമാക്കാതിരിക്കാനുള്ള കരുതൽ.

അയ്യപ്പൻ മലയിറങ്ങിവന്നു തേങ്ങായുടച്ചു, അവലും മലരും തേങ്ങാക്കൊത്തും കരിപ്പട്ടിയും ചേർത്ത പ്രസാദവും, അരവണയും വീട്ടുകാർക്കും അയൽവാസികൾക്കും വിതരണം ചെയ്തതിനുശേഷം ശരണം വിളിയോടെ മാലയൂരി സാക്ഷാൽ അയ്യപ്പൻറെയും, അയ്യപ്പൻറച്ഛൻ അറുമുഖത്തിൻറെയും ചില്ലിട്ട പടത്തിന്മേൽ ചാർത്തിയതിനുശേഷം മാത്രമേ ആ കല്ലെടുത്ത് മുറ്റത്തുനിന്നും മാറ്റുകയുള്ളൂ. അതുവരേയ്ക്കും സകല വിശുദ്ധിയോടെ അയ്യപ്പൻമ്മ അതിനെ കാത്തുപാലിക്കും.

> **സ്കൂളിൽ പഠിക്കുമ്പോഴെ അയ്യപ്പൻ പ്രശസ്തനായിരുന്നു. ആള് കവിത ചൊല്ലും, കവിതയെഴുതും പാട്ടുപാടും,പന്തുകളിക്കും. കലയിലും കായികയിനങ്ങളിലുമൊക്കെ അയ്യപ്പൻ മുൻപന്തിയിലുണ്ടായിരുന്നു. പക്ഷെ ഇതൊന്നുമായിരുന്നില്ല, സ്ഥലത്തെയൊരു പ്രമാണിയുടെ സുന്ദരിയായ മകളുടെ ഗർഭത്തിനുത്തരവാദി അയ്യപ്പനാണെന്ന വാർത്തവന്നതോടെയാണ് ചെറുപ്പക്കാരുടെയിടയിൽ അയ്യപ്പൻ ഹീറോയാകുന്നത്.**

അയ്യപ്പൻ തിരിച്ചു വരുന്നതു വരേയ്ക്കും പന്തൽ പൊളിക്കാതെയും, കോഴികൾ മുറ്റം വൃത്തികേടാക്കാതെയും, ചാണകം മെഴുകിയ മുറ്റമടിച്ചുവാരി ചാണകവെള്ളംതളിച്ചു പൊടിയൊതുക്കി, അമ്മ പ്രാർത്ഥനയോടെ കാത്തിരിക്കും

പക്ഷെ അക്കുറി തിരിച്ചുവരേണ്ട സമയമായിട്ടും അയ്യപ്പൻ വന്നില്ല.

ആധിയോടെ അയ്യപ്പൻറമ്മ മുറ്റത്തിൻറെ കോണിൽ പോയി നോക്കിനിന്നു.

കണ്ണുംകാലും കഴച്ചപ്പോൾ തിരികെ കോലായിൽ വന്നിരുന്നുകൊണ്ട് ദൂരെ എവിടെനിന്നെങ്കിലും ശരണംവിളി കേൾക്കുന്നുണ്ടോന്നു കാതോർത്തിരുന്നു.

ദൂരെ നിന്നും ശരണംവിളി കേട്ടപ്പോൾ ഓടിയലച്ചു വഴിയിൽ ചെന്നുനോക്കി.

അതു മലയിറങ്ങി വരുന്ന മറ്റൊരുസംഘം അയ്യപ്പന്മാരെന്നുകണ്ടപ്പോൾ സങ്കടം ഇരട്ടിച്ചുവെങ്കിലും, അയ്യപ്പൻ്റമ്മ പ്രതീക്ഷയോടെ, തൻറെ മകനെ വഴിക്കെങ്ങാനും കണ്ടുവോന്നവരോടു ചോദിച്ചു.

'ഇല്ലായെന്ന' മറുപടികേട്ടു മനംകലങ്ങി കോലായിൽ വന്നിരുന്നു കരഞ്ഞു.

ദിവസങ്ങൾ കഴിഞ്ഞു.

അമ്മയുടെ കാത്തിരിപ്പിനുകൂട്ട് കണ്ണീരു മാത്രമായി.

മുറ്റത്തെ കെട്ടുനിറ പന്തലിൽ തോരണംചാർത്തിയ കുരുത്തോലകളും മാവിലകളും അയ്യപ്പനെ കാണാഞ്ഞു കരഞ്ഞുണങ്ങി.

* * * * *

അയ്യപ്പൻ്റമ്മ ഉറക്കെ കരയുന്ന ശബ്ദം കേട്ടാണ് അയൽവാസികൾ ഓടിച്ചെന്നത്.

ചോരയുമൊലിപ്പിച്ചു മുറ്റത്തെ കല്ലിൽ തലയണച്ചു കിടക്കുന്ന അമ്മയെ ആരൊക്കയോ ചേർന്ന് ആശുപത്രിയിൽ കൊണ്ടുപോയി.

ഇനിയെന്ത്?

അയൽവാസികൾ ചേർന്നാലോചിച്ചു.

അവർ മുറ്റത്തെ പന്തലഴിച്ചുമാറ്റി.

കല്ലെടുത്ത് മുറ്റത്തിനരുകിലെ വാഴച്ചുവട്ടിലേക്ക് മാറ്റിയിട്ടു.

തൻറെ വിശുദ്ധ പദവിയില്ലാതായതും വിഴുപ്പുലക്കലിലേക്ക് തിരികെയെത്തിയതും ഒട്ടൊരു വിഷമത്തോടെ കല്ല് തിരിച്ചറിഞ്ഞു.

എങ്ങുനിന്നോ ഓടിവന്നു കല്ലിന്മേൽ കയറിയ പൂവൻകോഴി തൻറെ പതിവിടം തിരിച്ചുകിട്ടിയ ഗർവോടെ കാഷ്ഠിച്ചു. അവൻ തലയുയർത്തിപ്പിടിച്ചു ചുറ്റുംനോക്കി ഒച്ചയിട്ടു. പൂവൻറെ വിളികേട്ട പിടകളും കുഞ്ഞുങ്ങളും വാഴയുടെ ചുവട്ടിൽ വന്നു ചികഞ്ഞു.

കുറച്ചുനാളുകൾ കഴിഞ്ഞപ്പോളെല്ലാവരും അയ്യപ്പനെ മറന്നു.

പോലീസുകാർ പറഞ്ഞതനുസരിച്ച് ഒന്നുരണ്ടു അജ്ഞാത ജഡങ്ങൾ പോയി നോക്കിയെങ്കിലും അതൊന്നും അയ്യപ്പനായിരുന്നില്ല.

ചിലരെങ്കിലും അയ്യപ്പൻ മരിച്ചെന്നു കരുതി.

അയ്യപ്പൻ മരിച്ചിട്ടില്ലെന്നും ഒരുനാൾ തിരികെവരുമെന്നും അയ്യപ്പന്റമ്മയും അടുത്ത കൂട്ടുകാരും വിശ്വസിച്ചു.

ഇടയ്ക്കിടെ നാടുവിടുന്നതും കുറച്ചുകാലം കഴിയുമ്പോൾ നാടിനെയിളക്കിമറിച്ചുകൊണ്ട് തിരികെവരുന്നതും അയ്യപ്പൻറെ ഒരു പതിവായിരുന്നു.

അതുപോലെ അയ്യപ്പൻ ഒരുനാൾ തിരികെ വരുമെന്ന് പലരും കരുതുന്നു.

അയ്യപ്പൻറെ ജാതിക്കാരായ പിള്ളേർമാത്രം 'അയ്യപ്പേട്ടൻ' എന്നു ബഹുമാനപൂർവ്വം വിളിച്ചിരുന്നെങ്കിലും മറ്റുള്ളവർ പ്രായവിത്യാസം നോക്കാതെ പേരുതന്നെയാണ് വിളിച്ചിരുന്നത്.

അയ്യപ്പനതിൽ അലോഹ്യമൊന്നുമില്ലായിരുന്നു.

സ്കൂളിൽ പഠിക്കുംമ്പഴേ അയ്യപ്പൻ പ്രശസ്തനായിരുന്നു.

ആള് കവിത ചൊല്ലും, കവിതയെഴുതും പാട്ടുപാടും, പന്തുകളിക്കും. കലയിലും കായികയിനങ്ങളിലുമൊക്കെ അയ്യപ്പൻ മുൻപന്തിയിലുണ്ടായിരുന്നു.

പക്ഷെ ഇതൊന്നുമായിരുന്നില്ല, സ്ഥലത്തെയൊരു പ്രമാണിയുടെ സുന്ദരിയായ മകളുടെ ഗർഭത്തിനുത്തരവാദി അയ്യപ്പനാണെന്ന വാർത്തവന്നതോടെയാണ് ചെറുപ്പക്കാരുടെയിടയിൽ അയ്യപ്പൻ ഹീറോയാകുന്നത്.

**അക്കുറി തിരിച്ചുവരേണ്ട സമയമായിട്ടും അയ്യപ്പൻ വന്നില്ല. ആധിയോടെ അയ്യപ്പൻറമ്മ മുറ്റത്തിൻറെ കോണിൽ പോയി നോക്കിനിന്നു. കണ്ണുംകാലും കഴച്ചപ്പോൾ തിരികെ കോലായിൽ വന്നിരുന്നുകൊണ്ട് ദൂരെ എവിടെനിന്നെങ്കിലും ശരണം വിളി കേൾക്കുന്നുണ്ടോന്നു കാതോർത്തിരുന്നു.**

പണക്കാരി സുന്ദരിയെ അയ്യപ്പൻ ഗർഭിണിയാക്കിയെന്ന വാർത്ത നാട്ടിലെ ചെറുപ്പക്കാരെയും മധ്യവസ്കരെയും ഒരേപോലെ അസൂയാലുക്കളാക്കി മാറ്റി.

അനേകം സുന്ദരന്മാർ നാട്ടിലുണ്ടായിട്ടും അയ്യപ്പനെന്ന ഉയരംകുറഞ്ഞ കറുമ്പൻ കാര്യം സാധിച്ചതോർക്കുമ്പോൾ അവരുടെ നെഞ്ചുനീറികൊണ്ടിരുന്നു.

പെണ്ണിൻറെ ഗർഭം വളർന്നു നാട്ടുകാരറിഞ്ഞിട്ടും അയ്യപ്പനൊരു കുലുക്കവുമുണ്ടായില്ല.

''എടോ പെണ്ണുങ്ങൾ ആയാൽ ഗർഭമുണ്ടാകും പ്രസവിക്കും''

അയ്യപ്പൻറെ പ്രതികരണമതായിരുന്നു.

''ഓളെ വേണമെങ്കിൽ ഞാൻ കെട്ടിക്കോളാം''

ഗർഭകാര്യത്തിൽ അയ്യപ്പൻ ഉദാരവാനായി

കാപ്പിതോട്ടത്തിനരികിലുള്ള തൊടിയിൽ പുല്ലുചെത്താൻ ചെന്ന പെണ്ണുങ്ങളായിരുന്നു അയ്യപ്പൻറെയും സുന്ദരിയുടെയും കേളികൾക്ക് സാക്ഷികളായത്.

''ന്നാലും ഓള് ചെയ്തത് ശരിയായില്ല.

വല്യച്ഛനു തിരിവയ്ക്കണ തറയുടെ മോളിലല്ലേ ഓള് കെടന്നു കൊടുത്തത്''

നാട്ടിലെ സ്ത്രീകൾ പെണ്ണിൻറെ കിടപ്പിൽ ഐശ്വര്യക്കേടുകൾ കണ്ടെത്തി.

നാട്ടിലെ ഗാന്ധിയനായിരുന്നു പെണ്ണിൻറെ വല്യച്ഛൻ കണ്ണൻ നമ്പ്യാർ. കാപ്പി തോട്ടത്തിനിടയിലുള്ള കാർന്നോരുടെ സ്മൃതികുടീരം സംഗമത്തിനായി തിരഞ്ഞെടുത്തതു 'പൊളിറ്റിക്കലി കറക്റ്റല്ലന്നതു' മാത്രമായിരുന്നു സംഭവത്തിൽ നാട്ടുകാരുടെ പൊതുവേയുള്ള വിയോജിപ്പ്.

'മീശ' നോവലിറങ്ങുന്നതിനും മുമ്പുള്ളകാലമായിരുന്നത്.

''അതിപ്പോ സപ്രമഞ്ചം നോക്കി നടന്നാൽ കാര്യം നടക്കില്ല. അതോണ്ട് കിട്ടുന്നോടത്ത് വച്ചുചെയ്യണം. പെണ്ണുങ്ങൾക്ക് അതൊക്കെയൊരു തോന്നലാണു ചങ്ങായി, ആ സമയത്ത് നടന്നില്ലേൽ അവർ വഴുതിപ്പോകും പിന്നെ കിട്ടില്ല.''

ഇതൊക്കെയായിരുന്നു എല്ലാക്കാര്യത്തിലും മുൻപേ പറക്കുന്ന അയ്യപ്പൻ കൂട്ടുകാർക്കു നൽകിയ

സ്റ്റഡിക്ലാസ്. തൻറെ തിയറിക്ക് ഉദാഹരണമായി അയ്യപ്പൻ മറ്റൊരു കാര്യം പറഞ്ഞു.

ഒരിക്കൽ അയ്യപ്പൻ കിണറുപണിക്കു പോവുകയായിരുന്നു.

പണിക്കു ചെന്ന വീട്ടിലെ പെണ്ണിന് അയ്യപ്പനോട് പ്രേമം. പക്ഷെ യാതൊരു സ്വകാര്യതയുമില്ലാത്തയിടം. ചുറ്റും തുറസായ സ്ഥലം.

''ഉച്ചയ്ക്കെല്ലാവരും ഊണു കഴിക്കാൻ പോയനേരം, ഞങ്ങൾ കുഴിച്ചുകൊണ്ടിരുന്ന കിണറിൻറെ അടിയിലേക്കിറങ്ങിച്ചെന്നു. പുതിയ കിണറിൻറടിയിൽ പുത്തനുറവ പൊടിയുന്നതുകണ്ടവൾ പുളകം കൊണ്ടു''

അയ്യപ്പൻറെ വാക്കുകളിൽ കവിത കിനിഞ്ഞു.

തനിക്കു ബന്ധമുള്ള പല പെണ്ണുങ്ങളെക്കുറിച്ചൊക്കെ അയ്യപ്പൻ പറയും.

ചില മുതിർന്നസ്ത്രീകൾ അയ്യപ്പനെ വീട്ടിലേക്കു വിളിച്ചുകയറ്റിയ കാര്യമൊക്കെ അയ്യപ്പൻ വിസ്തരിച്ചു പറയും. അതിൽ പലതും അവൻറെ 'വിടൽസ്' ആണെന്നറിയാമെങ്കിലും, അയ്യപ്പൻ നാട്ടിലെ ഒരു കാസനോവയാണെന്ന കാര്യത്തിലൊരു സംശയവുമില്ലായിരുന്നു.

അയ്യപ്പനോട് പെണ്ണുങ്ങൾക്കൊരുതരം ആരാധനയായിരുന്നു. ഉയരംകുറഞ്ഞു കറുമ്പനായ അവനോട് പെണ്ണുങ്ങൾക്കെങ്ങിനെയാണ് ഇത്രമേൽ ഇഷ്ടം തോന്നുന്നതെന്നോർത്ത് കൂട്ടുകാർക്കവനോടു അസൂയ തോന്നുമായിരുന്നു.

അയ്യപ്പനു വശീകരണമന്ത്രമറിയുമെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. അതിനുവേണ്ടുന്ന വയൽചുള്ളിയും അരയാലിന്റെ വേരുമൊക്കെ അയ്യപ്പൻ രഹസ്യമായി ശേഖരിക്കുന്നത് കണ്ടവരുണ്ടത്രേ. വയൽചുള്ളിയും അരയാൽവേരും നിലാവത്തുണക്കിയെടുത്തു രഹസ്യമന്ത്രം ചൊല്ലിക്കൊണ്ട് ഉണ്ടാക്കുന്ന ഭസ്മമാണ് പോലും അയ്യപ്പൻറെ വശീകരണരഹസ്യം.

ഈ ഭസ്മക്കുറിയണിഞ്ഞു ഇഷ്ടപ്പെട്ട സ്ത്രീകളെ സമീപിച്ചാണ് പാട്ടിലാക്കാറുള്ളതുപോലും!

''ഓൻ ഭഗവാൻ ജനിച്ച അഷ്ടമി രോഹിണിക്കു പിറന്നതാണ്, അപ്പോ ഭഗവാൻറെ കുറച്ചൊക്കെ ഓനും കിട്ടാതിരിക്കുമോ?''

മകൻറെ അപഥസഞ്ചാരങ്ങളെക്കുറിച്ചുള്ള നാട്ടുകാരുടെ ആവലാതിയിൽ അയ്യപ്പൻറമ്മയുടെ തീർപ്പതായിരുന്നു. എങ്കിലും നാട്ടുകാർക്ക് അയ്യപ്പനെ വലിയ ഇഷ്ടമായിരുന്നു. നാട്ടിലെ ഏതു വിഷയത്തിലും എല്ലാവരും ആദ്യം തേടുന്നത് അയ്യപ്പനെയാണ്. ആഴമുള്ള കിണറ്റിലിറങ്ങാനും കേടുവന്ന മോട്ടോർ നന്നാക്കാനും പ്ലംബിംഗ് പണികൾക്കും കരണ്ടുപോകുമ്പോൾ പോസ്റ്റിൽ കയറി ഫ്യൂസ് കെട്ടാനുമൊക്കെ അയ്യപ്പൻ തന്നെ ശരണം.

അയ്യപ്പനറിയാത്ത പണികൾ ചുരുക്കം. മൈക്കാട്ടു പണിമുതൽ മോട്ടോർറിപ്പയർ വരെ അയ്യപ്പനറിയാം.

അതോന്നും കൂടാതെ അച്ഛൻ അറുമുഖം ഓതിക്കൊടുത്ത ചില മന്ത്രങ്ങളും ഒറ്റമൂലികളും കാലികൾക്കുള്ള മരുന്നും അയ്യപ്പൻറെ കയ്യിലുണ്ട്.

രോഗികളെ ആശുപത്രിയിൽ കൊണ്ടു പോകാനും വഴിവെട്ടാനുമൊക്കെ അയ്യപ്പൻ മുന്നിൽ. എല്ലാ പൊതുകാര്യ സംഘാടകസമിതിയിലും അയ്യപ്പൻ നേതൃനിരയിൽ വേണം. പഞ്ചായത്തുമേളയിൽ പാട്ടുമത്സരത്തിനും നാടകത്തിനും പങ്കെടുക്കുന്നതിനൊപ്പം ഭക്ഷണം ഒരുക്കുന്നതിലും അയ്യപ്പൻ മുൻപിൽ. ക്ലബിൻറെ വാർഷിക കമ്മിറ്റിയിൽ വീടുകൾ കയറി പിരിവെടുക്കാനും ശാസ്ത്ര സാഹിത്യ പരിഷത്തിൻറെ പുസ്തകംവിൽക്കാൻ വീടുകൾ കയറാനും ചികിത്സ സഹായധനം ശേഖരിക്കാനും രക്തദാനം ചെയ്യാനും അങ്ങിനെ എന്തിനുമേതിനും അയ്യപ്പൻ.


**അയ്യപ്പനു വശീകരണമന്ത്രമറിയുമെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. അതിനു വേണ്ടുന്ന വയൽചുള്ളിയും അരയാലിന്റെ വേരുമൊക്കെ അയ്യപ്പൻ രഹസ്യമായി ശേഖരിക്കുന്നത് കണ്ടവരുണ്ടത്രേ. വയൽചുള്ളിയും അരയാൽവേരും നിലാവത്തുണക്കിയെടുത്തു രഹസ്യമന്ത്രം ചൊല്ലിക്കൊണ്ട് ഉണ്ടാക്കുന്ന ഭസ്മമാണ് പോലും അയ്യപ്പൻറെ വശീകരണരഹസ്യം. ഈ ഭസ്മക്കുറിയണിഞ്ഞു ഇഷ്ടപ്പെട്ട സ്ത്രീകളെ സമീപിച്ചാണ് പാട്ടിലാക്കാറുള്ളതുപോലും!**


പണക്കാരി സുന്ദരിയുടെ കുടുംബം നാട്ടിൽനിന്നും മറ്റൊരിടത്തേക്ക് താമസംമാറ്റി. ഏറെ താമസിയാതെ വീടും പുരയിടവും വിറ്റവർ ആ നാട്ടിൽ നിന്നുതന്നെ പോയി.

താൻ മൂലം ഒരു കുടുംബം നാടുവിട്ടുപോയതിൽ അയ്യപ്പന് അസാരം ദു:ഖമുണ്ടായിരുന്നു. കാലങ്ങൾ കഴിഞ്ഞിട്ടും കൂട്ടുകാരുമായി മദ്യപിക്കാൻ ഒത്തുകൂടുന്ന അവസരത്തിലൊക്കെ ആ ദുഃഖം കടിച്ചമർത്താൻ പാടുപെടുമായിരുന്നു.

അയ്യപ്പൻ മദ്യപിക്കും തെറിപറയും പുകവലിക്കും മുറുക്കും. സ്ത്രീ സംഗമവും നടത്തും. പക്ഷെ എല്ലാവർഷവും നാൽപ്പത്തൊന്നു ദിവസം എല്ലാത്തിൽനിന്നും വിടുതൽ നേടും. കറുത്തമുണ്ടും രുദ്രാക്ഷവുമണിഞ്ഞു സ്വാമിശരണമെന്ന മന്ത്രമുരുവിട്ടുകൊണ്ട് നഗ്നപാദനായി നടക്കും. അന്തിക്കു വീട്ടിലെത്തിയാലുടൻ കുളികഴിഞ്ഞു അയ്യപ്പഭജന മഠത്തിലേക്കു യാത്രയാകും. പിന്നെ രാവേറുംവരെ ശരണം വിളികളും ഭജനയുമായി കഴിയും.



പാട്ടുകഴിക്കൽ വഴിപാടുള്ള സ്വാമിമാരുടെ വീട്ടിൽ വില്ലടിച്ചാൻ പാട്ടുപാടിക്കഴിഞ്ഞു ഹരിവരാസനം പാടി അയ്യനെ ഉറക്കിയിട്ടേ അയ്യപ്പനുറങ്ങൂ. അയ്യനെകണ്ടു മലയിറങ്ങിവരുന്ന അയ്യപ്പനെ കാത്തു ഞങ്ങളി രിക്കുമായിരുന്നു. വണ്ടിത്താവളത്തിലെ കഞ്ചാവു കച്ചവടക്കാരുടെ കയ്യിൽനിന്നും കൊണ്ടുവരുന്ന നീലച്ചടയൻ പുകച്ചുകൊണ്ട് രാവേറുംവരെ കഥകൾ പറഞ്ഞും, പാട്ടുകൾപാടിയും കഴിയുമായിരുന്നു.

അങ്ങിനെ അയ്യപ്പൻ വീണ്ടും പച്ചമനുഷ്യനായി മാറും. യാത്രയിലെ കാഴ്ചകളും അനുഭവങ്ങളും അതീവ ചാരുതയോട്ടെ വിവരിക്കും. അയ്യപ്പൻ പോകുന്നിടത്തെല്ലാം എന്തെങ്കിലും സംഭവങ്ങൾ അയാൾക്കായി

കാത്തിരിക്കുന്നുണ്ടാവും. അല്ലെങ്കിൽ ആരും കാണാത്തയൊന്നിനെ തനിക്കായി കണ്ടെത്തുമായിരുന്നു.

പൊതുവേ സമാധാനപ്രിയൻ. ആരോടും ഒരു വഴക്കിനും വയ്യാവേലിക്കുമില്ല. എല്ലാവരോടും ചിരിയും കളിയുമായി നടക്കും. പക്ഷെ അവിചാരിതമായിട്ടാണ് അയ്യപ്പൻറെ തലേവര മാറ്റിമറിച്ച ആ സംഭവം ഉണ്ടാകുന്നതു. ഞങ്ങളന്നു ഗീവർഗീസ് പുണ്യാളൻറെ പള്ളിയിൽ രാത്രിപ്പെരുന്നാളിനു പോയിരുന്നു. പള്ളിപ്പറമ്പിലെ കാഴ്ചകൾ നടന്നു കണ്ടശേഷം മൂവാറ്റുപുഴ ഏയ്ഞ്ചൽ വോയിസിന്റെ ഗാനമേള തുടങ്ങാൻ വേണ്ടി കാത്തുനിൽകുകയായിരുന്നു.

റോഡരികിലെ തട്ടുകടയിൽ നിന്നും ഓംലെറ്റും കട്ടൻചായയും കഴിച്ചുകൊണ്ട് നിൽക്കവേയാണ് കൂട്ടത്തിലെ ഏറ്റവും ഇളയവനായ ബിനു കരഞ്ഞുകൊണ്ട് ഓടി വന്നത്.

'എന്താടാ കാര്യം, നീ എന്തിനാണ് കരയുന്നത്'

അയ്യപ്പൻ ചോദിച്ചു. ബിനു കാര്യം പറയാതെ കരച്ചിൽ തുടർന്നു. എല്ലാവരും കൂടി ചോദിച്ചപ്പോളവൻ പറഞ്ഞു

ഗ്രാമത്തിലെ ഒരു റൌഡിയാണ് ആലിപ്പു. മുൻപൊരു കൊലക്കേസിൽ ജയിലിൽ കിടന്നിട്ടുണ്ട്.

പള്ളിപറമ്പിനോട് ചേർന്നുള്ള കാപ്പിതോട്ടത്തിൽ മൂത്രമൊഴിക്കാൻ പോയതായിരുന്നു ബിനു. ആ സമയം അവിടേയ്ക്കുചെന്ന ആലിപ്പു മൂത്രമൊഴിച്ചു കൊണ്ടിരുന്ന ബിനുവിൻറെ ലിംഗത്തിൽ പിടിച്ചു. കയ്യിൽ പറ്റിയ മൂത്രം ഉടുമുണ്ടിൽ തുടച്ചിട്ടവനെ കെട്ടിപിടിച്ചുമ്മവെച്ചു. ആലിപ്പുവിൻറെ പിടിയിൽ നിന്നും കുതറിമാറി ബിനു ഓടി വന്നതാണ്.

അയ്യപ്പൻ ബിനുവിൻറെ കയ്യും പിടിച്ചു നടന്നു. പള്ളിപ്പറമ്പിൻറെ ആളൊഴിഞ്ഞ ഒരു മൂലയിൽ അയാൾ ബീഡിയും വലിച്ചു കുത്തിയിരിക്കുന്നുണ്ടായിരുന്നു.

'എന്താടാ, ചെറിയ കുട്ടികളോട് തോന്ന്യാസം കാണിക്കുകയണോ നിൻറെ പണി'

അയ്യപ്പൻ ചോദിച്ചു

'അതിനു നിനക്കെന്താ, ഓനോടല്ലെ, അൻറെ പൊരെലേക്ക് വന്നീലാല്ലോ.'

ആലിപ്പുവിൻറെ കൂസലില്ലാത്ത മറുപടി അയ്യപ്പനെ ചൊടിപ്പിച്ചു. ആലിപ്പു ആറടി വലിപ്പമുള്ള ആജാനുബാഹു അയ്യപ്പൻ കുറിയതായ ഒരു മനുഷ്യൻ.

**അയ്യപ്പൻ പള്ളിയുടെനേരെ തിരിഞ്ഞു നോക്കി. കുതിരപ്പുറത്തിരുന്നു കുന്തമെടുത്ത് വ്യാളിയെ വകവരുത്തുന്ന ഗീവർഗീസ് പുണ്യാളൻറെ തിരുരൂപം ദീപാലങ്കാരങ്ങൾക്കിടയിൽ മിന്നി തിളങ്ങുന്നത് അയ്യപ്പൻറെ കണ്ണിൽപ്പെട്ടു. കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങുന്ന പട്ടാളക്കാരനായ പുണ്യാളനെപ്പോലെ അയ്യപ്പൻ ഉയർന്നുചാടി ആലിപ്പുവിൻറെ കരണത്തടിച്ചു. തന്നെ തല്ലാനാരും ധൈര്യപ്പെടില്ലെന്ന അഹങ്കാരത്തിനേറ്റ കനത്തയടിയിൽ നിലതെറ്റിയ ആലിപ്പു നിലത്തിരുന്നുപോയി.**

അയ്യപ്പൻ പള്ളിയുടെനേരെ തിരിഞ്ഞുനോക്കി. കുതിരപ്പുറത്തിരുന്നു കുന്തമെടുത്ത് വ്യാളിയെ വകവരുത്തുന്ന ഗീവർഗീസ് പുണ്യാളൻറെ തിരുരൂപം ദീപാലങ്കാരങ്ങൾക്കിടയിൽ മിന്നി തിളങ്ങുന്നത് അയ്യപ്പൻറെ കണ്ണിൽപ്പെട്ടു.

കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങുന്ന പട്ടാളക്കാരനായ പുണ്യാളനെപ്പോലെ അയ്യപ്പൻ ഉയർന്നുചാടി ആലിപ്പുവിൻറെ കരണത്തടിച്ചു.

തന്നെ തല്ലാനാരും ധൈര്യപ്പെടില്ലെന്ന അഹങ്കാരത്തിനേറ്റ കനത്തയടിയിൽ നിലതെറ്റിയ ആലിപ്പു നിലത്തിരുന്നുപോയി.

ഞങ്ങളാകെ ഭയപ്പെട്ടു.

ശക്തനാണു ആലിപ്പു.

ഇനിയെന്തും നടക്കാം.

ബഹളം കേട്ട് ആളുകൾ കൂടി.

അതിനിടയിൽ അയ്യപ്പനെയും പിടിച്ചു വലിച്ചു കൊണ്ട് ഞങ്ങളവിടെ നിന്നും കടന്നു.

അപമാനിതനായ ആലിപ്പു അയ്യപ്പനോട് പ്രതികാരം ചെയ്യുമെന്ന് ഞങ്ങൾ ഭയന്നു.

ഒന്നുരണ്ടു ദിവസങ്ങളിൽ ഞങ്ങൾ കാര്യങ്ങൾ നിരീക്ഷിച്ചു, അയ്യപ്പൻറെ വീട്ടിൽ കൂട്ട് കിടന്നു. ആലിപ്പുവിനോടടുപ്പമുള്ള ആളുകളുടെ അടുക്കൽ നിന്നും അയാളുടെ നീക്കങ്ങൾ അറിയാൻ ശ്രെമിച്ചു. അയാൾ ആ സംഭവത്തിനുശേഷം വീട്ടിൽനിന്നും പുറത്തിറങ്ങിയില്ലന്നറിയാൻ കഴിഞ്ഞു.

അയാളതൊക്കെ വിട്ടിട്ടുണ്ടാകുമെന്നു ഞങ്ങളും ആശ്വസിച്ചു. പക്ഷെ കാര്യങ്ങൾ അങ്ങിനെയായിരുന്നില്ല. ഒരുനാൾ വൈകുന്നേരം അങ്ങാടിയിൽ ബസിറങ്ങി മുന്നോട്ടു നടന്ന അയ്യപ്പനെ ആളുകൾ നോക്കി നിൽക്കെ ആലിപ്പു അടിച്ചുവീഴ്ത്തി.

അപ്രതീക്ഷിതമായ അടിയിൽ വീണുപോയ അയ്യപ്പനെ നിലത്തിട്ടു പലവുരു ചവിട്ടി. അയ്യപ്പൻ നിലത്തു വീണു കിടന്നു ചവിട്ടേറ്റ് പുളയുന്നത് ആളുകൾ നോക്കി നിന്നു. ആലിപ്പുവിനോടടുക്കാൻ ആളുകൾക്ക് ഭയമായിരുന്നു. ബഹളംകേട്ടു ഞങ്ങൾ ഓടിയെത്തിയപ്പോൾ മൂക്കിൽ നിന്നും വായിൽ നിന്നും ചോരവാർന്നു അയ്യപ്പൻ കിടക്കുന്നു.

അയ്യപ്പനെ കാലുകൊണ്ട് ചവിട്ടി മറിച്ചു കിടത്താൻ നോക്കുന്ന ആലിപ്പു.

'അയ്യപ്പാ'

എന്നു വിളിച്ചു കൊണ്ട് ഞങ്ങൾ മുന്നോട്ടു അടുത്തപ്പോൾ ആലിപ്പു എളിയിൽ നിന്നും പിച്ചാത്തിയെ

ടുത്തു ഞങ്ങളുടെ നേരെ വീശി.

ഈ സന്ദർഭം അയ്യപ്പൻ മുതലാക്കി. കിടന്നകിടപ്പിൽ അവൻ കാലുകൾകൊണ്ട് ഇടയിട്ടു ആലിപ്പുവിനെ വീഴ്ത്തി അയ്യപ്പൻ എഴുന്നേറ്റു നിന്നപ്പോഴേക്കും ആലിപ്പു പിടഞ്ഞെഴുന്നേറ്റു കത്തിയുമായി പാഞ്ഞു വന്നു.

കത്തി പിടിച്ചിരുന്ന കയ്യിൽ പിടിച്ചു തൂങ്ങിയ അയ്യപ്പൻ കാലുവെച്ച് എതിരാളിയെ വീഴ്ത്തി.

കമിഴ്ന്നുവീണ അയാളുടെ മുകളിലായി അയ്യപ്പനും വീണു. ആലിപ്പുവിൻറെ കയ്യിൽനിന്നും കത്തി പിടിച്ചുവാങ്ങി അയാളുടെ ഇടതു കൈപ്പലകയുടെ താഴെയായി കുത്തിയിറക്കി.

'അയ്യോ'

ജനം അലറിവിളിച്ചു.

അയ്യപ്പൻ ആലിപ്പുവിൻറെ ദേഹത്തുനിന്നു മെഴുന്നേറ്റു പീടികകോലായുടെ സിമൻ്റു തറയിൽ ചെന്നിരുന്നു.

ജനങ്ങൾ, അവർ വെറുത്തിരുന്ന ഒരു റൌഡിയുടെ മരണത്തിനു മുൻപിൽ മൌനമായി നിന്നു. അപ്പോൾ അപ്രതീക്ഷിതമായി മഴപെയ്തു. അതോടെ ആളുകൾ ഓടിമാറി പീടികകളുടെ ഇറമ്പലിൽ പോയി കാഴ്ചക്കാരായി നിന്നു. മഴയിൽ ഏകനായി ആലിപ്പുവിൻറെ ജഡം കിടന്നു.

മരിച്ചുകിടക്കുന്ന ആലിപ്പുവിനെ ഉറ്റുനോക്കിക്കൊണ്ട് അയ്യപ്പൻ പീടികകോലായിൽ തന്നെയിരുന്നു. മഴയിൽ അയാളുടെ കാലുകൾ നനഞ്ഞു കൊണ്ടിരുന്നു.

കൈവിട്ടുപോയ ജീവിതംപോലെ കാലുകളിലെ വിയർപ്പും ചോരയും മഴവെള്ളത്തിൽ ഒഴുകിപ്പോകുന്നത് നിസംഗതയോടെ നോക്കിക്കൊണ്ട് അയ്യപ്പനിരുന്നു. കുറച്ചു നാളുകൾക്ക് ശേഷം അയ്യപ്പൻ ജയിലിൽനിന്നും പുറത്തിറങ്ങി.

ജാമ്യത്തിലിറങ്ങിയെങ്കിലും അപ്പോഴേക്കും അവൻറെ ലോകം തന്നെ മാറിയിരുന്നു.

ഒരു റൌഡിയൊന്നുമല്ലെങ്കിലും കുറച്ചുപേരെങ്കിലും അയാളെ ഭയപ്പെട്ടു. കുട്ടികൾ അയാളെക്കണ്ട് വഴിമാറിനടന്നു. ആളുകൾ ഒരുകാര്യത്തിനും സഹായം തേടാതായി. പൊടുന്നനെ എല്ലാവർക്കും അയാൾ അന്യനായിമാറി.

ആളുകളോട് പഴയതുപോലെ ചിരിക്കാനും വർത്താനം പറയുവാനും അയ്യപ്പൻ ശ്രമിച്ചുവെങ്കിലും ആളുകൾ അയാളിൽ നിന്നും അകന്നു മാറാൻ ശ്രമിച്ചു.

അയ്യപ്പൻ വീട്ടിൽനിന്നും പുറത്തിറങ്ങാതായി.

മകൻ മൌനിയായി സദാസമയം വീടിൻറെ കോലായിലിരിക്കുന്നതു കാണുമ്പോൾ അയ്യപ്പൻറമ്മ കരഞ്ഞു. ഒരു ദിവസം അയ്യപ്പൻ പറഞ്ഞു.

''കുറച്ചു കാലത്തേക്കെങ്കിലും ഇവിടുന്നു മാറി നില്ക്കാൻ തീരുമാനിച്ചു. ഞാനിപ്പോൾ എല്ലാവർക്കും അന്യനായിക്കഴിഞ്ഞു.അതാണ് എന്നെ ഏറെ വിഷമിപ്പിക്കുന്നതും.ആളുകളോക്കെ ഒരുമാതിരി നോക്കുന്നു. മനസിനൊരു സമാധാനവുമില്ല.

അല്ല, നാട്ടുകാരെ കുറ്റംപറഞ്ഞിട്ടു കാര്യമില്ല, വേണംന്ന്, വച്ചിട്ടല്ലെങ്കിലും ഒരാളുടെ ജീവൻ എടുത്തതല്ലേ.''

അയാൾ വെറുതെ പറഞ്ഞതെന്ന് ആദ്യം കരുതിയത് . പക്ഷെ വീണ്ടുമയാൾ നാട്ടുകാരെ മുഴുവൻ ഞെട്ടിച്ചു.അയ്യപ്പൻ നാടുവിട്ടു.

പക്ഷെ നാട്ടുകാർ പ്രതീക്ഷിച്ച പോലായിരുന്നില്ല. തനിയെയായിരുന്നു വരവ്. മസിനഗുഡിയിലും ഊട്ടിയിലുമൊക്കെയായി തേയിലതോട്ടങ്ങളിൽ പണിയായിരുന്നുവെന്നാണ് അക്കാലത്തെക്കുറിച്ചയാൾ പറഞ്ഞത്. പിന്നീടു അയ്യപ്പൻ എങ്ങും പോയില്ല.

കൂടെ അവിടുത്തെ കാശുകാരനായ നാരായണൻ ചെട്ടിയുടെ സുന്ദരിയായ മകളും പോയി. കോളേജിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു പെണ്ണ്.

'' അയ്യപ്പനെ സമ്മതിക്കണം'', ''ആ പെണ്ണിനെന്നാ കണ്ണും ബോധവുമില്ലേ. അതിൻറെ ജീവിതവും പോയി'',

''അയ്യപ്പൻ ആളൊരു നരിയാണ്''

നാട്ടുകാരുടെ അഭിപ്രായമങ്ങിനെ പലതരത്തിലായി. ആളുകൾ അയ്യപ്പനെ മറന്നുവെന്നു തോന്നിയ കാലത്തായിരുന്നു അയാൾ ഭാര്യയും രണ്ടു കുട്ടികളുമായി നാട്ടിൽ തിരികെയെത്തിയത്.

കുറച്ചുകാലം കഴിഞ്ഞപ്പോൾ അയ്യപ്പൻ വീണ്ടും നാടുവിട്ടുപോയി. പിന്നെ കുറേക്കാലത്തേക്ക് ആളെ കണ്ടില്ല. മസിനഗുഡിയിലൊരു തമിഴത്തിയുടെകൂടെ താമസിക്കുന്നതായി കണ്ടുവെന്നു ഇറച്ചി കാലികളെ കൊണ്ടുവരാൻ പോയ നാട്ടുകാരനായ ലോറിഡ്രൈവർ പറഞ്ഞറിഞ്ഞു.

അതോടെ അയ്യപ്പൻറെ ഭാര്യ, മക്കളെയും കൂട്ടി അവരുടെ വീട്ടിലേക്കുപോയി. കുറച്ചുകാലം കഴിഞ്ഞപ്പോൾ അയ്യപ്പൻ തിരികെ വന്നു. പക്ഷെ നാട്ടുകാർ പ്രതീക്ഷിച്ച പോലായിരുന്നില്ല. തനിയെയായിരുന്നു വരവ്. മസിനഗുഡിയിലും ഊട്ടിയിലുമൊക്കെയായി തേയിലതോട്ടങ്ങളിൽ പണിയായിരുന്നുവെന്നാണ് അക്കാലത്തെക്കുറിച്ചയാൾ പറഞ്ഞത്.

പിന്നീടു അയ്യപ്പൻ എങ്ങും പോയില്ല.പൊതുകാര്യങ്ങളിലുള്ള അയ്യപ്പൻറെ ഇടങ്ങളെല്ലാം പുതിയതലമുറ ഏറ്റടുത്തതോടെ, ചെലവിനു വേണ്ടുന്ന പ



ണികളും അയ്യപ്പസേവാസംഘവുമായി ഒതുങ്ങിക്കൂടി.

പക്ഷെ അതൊരു ഒതുങ്ങിക്കൂടൽ ആയിരുന്നില്ല.

അക്കാലത്താണ് എഴുത്ത് തുടങ്ങിയത്. ആദ്യം കവിതയിൽ തുടങ്ങിയെങ്കിലും പിന്നീട് കഥകളും നോവലുമായി എഴുത്തുമാറി.

നാടിനെക്കുറിച്ചുള്ള ഒരു വലിയ നോവലെഴുതാൻതുടങ്ങി. അതു പാതിവഴിയിലെത്തിയ സമയത്താണ് ശബരിമലയ്ക്ക് പോയതും പിന്നെ അപ്രത്യക്ഷമായതും.

* * * * *

'നിങ്ങളുടെ അയ്യപ്പൻ ആള് പുലിയാണല്ലോ?

ആളെ ഒന്നു കണ്ടുമുട്ടിയാൽ വേണമെങ്കിൽ ഇദ്ദേഹത്തെ വച്ചൊരു നോവൽ എഴുതാമല്ലോ''

അയ്യപ്പസ്മരണയിൽ അങ്ങിനെയിരിക്കവേ വിജയൻമാഷ് പറഞ്ഞു.

മാഷൊരു ഏഴുത്തുകാരനുമാണ്.

''അതിനു മാഷെ, കാട്ടിൽ കടുവയും പുലികളും പെരുകിയ കാലമല്ലേ. അയ്യപ്പനെ ശബരിമല കാട്ടിൽ വച്ചു പുലിപിടിച്ചെന്നു പറഞ്ഞു കേൾക്കുന്നുണ്ട്. ആൾ ചിലപ്പോൾ വ്രതം തെറ്റിച്ചിട്ടുണ്ടാകും. കണ്ടില്ലേ ഇപ്പോൾ വരമ്പത്താണ് കൂലി '

ഭാസ്കരൻ രണ്ടത്താണി പറഞ്ഞു.

''ഏയ് അങ്ങിനെയൊന്നുമല്ലകാര്യം. മൂപ്പർക്ക് വണ്ടിപ്പെരിയാറിൽ ഒരു 'ചിന്ന വീടു'ണ്ടെന്നു കേൾക്കുന്നുണ്ട് അവിടെയായിരിക്കുമിപ്പോൾ''

**അക്കാലത്താണ് എഴുത്ത് തുടങ്ങിയത്. ആദ്യം കവിതയിൽ തുടങ്ങിയെങ്കിലും പിന്നീട് കഥകളും നോവലുമായി എഴുത്തുമാറി. നാടിനെക്കുറിച്ചുള്ള ഒരു വലിയ നോവലെഴുതാൻതുടങ്ങി. അതു പാതിവഴിയിലെത്തിയ സമയത്താണ് ശബരിമലയ്ക്ക് പോയതും പിന്നെ അപ്രത്യക്ഷമായതും.**

മറ്റൊരാൾ പറഞ്ഞു.

''അത് ചിലപ്പോൾ നേരായിരിക്കും. അയാൾ അങ്ങിനെയുള്ള ആളാണല്ലോ?''

അഭിപ്രായങ്ങൾ പലതായി

പക്ഷെ എനിക്കറിയാം അയ്യപ്പൻ തിരിച്ചുവരുമെന്ന കാര്യം.

നാടിനെക്കുറിച്ചുള്ള നോവലെഴുതി പൂർത്തിയാക്കാനായി അയ്യപ്പൻ തിരികെയെത്തണമെന്ന കാര്യം എനിക്കാണല്ലോ നന്നായി അറിയാവുന്നത്. നാട്ടിലെത്തിയാൽ കുറച്ചുകാര്യങ്ങൾകൂടി അറിയാനുണ്ട് എങ്കിലേ നോവൽ പൂർത്തിയാക്കാൻ പറ്റൂ, കാരണം ഞാനാണല്ലോ അയ്യപ്പനെന്ന കവിയും നോവലിസ്റ്റും.


● ചെറുകഥ



വര :
പി ആർ രാജൻ

# ഞാൻ മൃണ്മയിയുടെ കാമുകൻ

◉ ശ്യാം സുന്ദർ പി



ആ സംഭവത്തിന് ശേഷം അന്നാണ് മൃണ്മയി വീണ്ടുമെന്നോട് സംസാരിക്കുന്നത്.ഇനിയൊരിക്കലും ഞങ്ങൾക്കിടയിൽ സൗഹൃദത്തിന്റെ നേർത്ത ഒരു നൂലുപോലും ബാക്കിയുണ്ടാവില്ല എന്നായിരുന്നു ഞാൻ കരുതി പോന്നിരുന്നത്. എന്നാൽ എന്റെയെല്ലാ ആശങ്കകളും അപ്രസ്കതമാക്കിക്കൊണ്ട് മൃണ്മയി എന്നോട് സംസാരിക്കുകയായിരുന്നു. ഒരു ക്ലയന്റ്റ് മീറ്റിംഗ് കഴിഞ്ഞ് സിസ്റ്റം ഷട്ട്ഡൗൺ ചെയ്ത് ഓഫീസിൽ നിന്നിറങ്ങാൻ തുടങ്ങുകയായിരുന്നു ഞാൻ. അന്നൊരു ശനിയാഴ്ചയായിരുന്നു. വീട്ടിലേക്ക് പോകുകയാണല്ലോ എന്ന ആശ്വാസതോന്നൽ എന്നെ പൊതിഞ്ഞു നിന്നിരുന്നു.അഞ്ചാം നിലയിലെ ലിഫ്റ്റിനടുത്തെത്തിയപ്പോഴാണ് ലൈറ്റ് പീച്ച് ജോർജറ്റ് കോമ്പിനേഷനിൽ നീല ചെമ്പരത്തി പൂക്കൾ ഹാൻറ് പെയിന്റ് ചെയ്തെടുത്ത ചുരിദാറിൽ അതീവ സുന്ദരിയായി മൃണ്മയി എന്റെ നേർക്ക് ഓടി വന്നത്.അവൾ എനിക്കൊപ്പം ലിഫ്റ്റിൽ കയറുകയും ലിഫ്റ്റിന്റെ വാതിലുകൾ അടയുകയും ചെയ്തു. ഒരു വേള എന്റെ ഹൃദയം നിലച്ചു പോകുമോ എന്ന് വരെ ഞാൻ ഭയന്നുപോയി.

’ നിന്നെ കാണാൻ ഞാൻ ഓഫീസിലേക്ക് വരാനിരുന്നതാ..ആർ യു ഫ്രീ ടുമോറോ? എന്തെങ്കിലും പരിപാടികളുണ്ടോ നിനക്ക് ’? ലിഫ്റ്റിനുള്ളിൽ വെച്ച് മൃണ്മയി എന്നോട് ചോദിച്ചു. എന്താണ് മൃണ്മയിയുടെ മനസ്സിൽ, അവളെന്താണ് എന്നോട് പറയാൻ പോകുന്നതെന്ന് ഒരു പിടിയുമില്ലാതെ ഞാൻ ഒരു നിമിഷം

ശങ്കിച്ചു നിന്നു. ''ഇന്ന് രാത്രി നാട്ടിലേക്ക് പോകും ഞാൻ . മൺഡേ അമ്മയ്ക്കൊരു ചെക്ക് അപ്പ് ഉണ്ട്. എന്തു പറ്റി?'' നെറ്റിയിൽ പൊടിഞ്ഞ വിയർപ്പ് കർച്ചീഫുകൊണ്ടൊപ്പി ഞാൻ മൃണ്മയിയോട് ചോദിച്ചു..''നാളെ അപ്പുവിന്റെ പിറന്നാളാണ്. നീ വരണം. നീ വന്നാൽ അവനത് വലിയ സന്തോഷമാകും.ഗസ്റ്റ് ആയിട്ട് വരാനൊന്നും ഞങ്ങൾക്കങ്ങനെ മറ്റാരുമില്ല, ആരെയും വിളിച്ചിട്ടുമില്ല. അവനെ ഇതുവരെ നീ നേരിൽ കണ്ടിട്ടുമില്ലല്ലോ..''പെട്ടെന്ന് മൃണ്മയിയോട് എന്തു പറയണമെന്ന് എനിക്കു മറുപടിയില്ലായിരുന്നു. രാത്രിയിലെ ട്രെയിനിനു നേരത്തെ തന്നെ ടിക്കറ്റ് ബുക്ക് ചെയ്തിരുന്നതുമാണ്. വരാമെന്നോ ഇല്ലെന്നോ ഞാൻ പറഞ്ഞില്ല.എന്നിട്ടും ഗ്രൗണ്ട് ഫ്ലോറിലെത്തി ലിഫ്റ്റിൽ നിന്നിറങ്ങി പാർക്കിങ്ങിലേക്ക് നടക്കുമ്പോൾ 'രാവിലെ പതിനൊന്നു മണിക്ക് കേക്ക് കട്ടിങ്, പിന്നെ ഒരു കുഞ്ഞു സദ്യ, തീർന്നു അത്രേയുള്ളൂ. ലൊക്കേഷൻ വാട്ട്സാപ്പിൽ ഷെയർ ചെയ്തിട്ടേക്കാം, നാളെ കാണാമേ' എന്ന് നിൽക്കാൻ നേരമില്ലാത്ത വിധം പറഞ്ഞുകൊണ്ടോടുകയായിരുന്നു അവൾ. ഞാൻ വരുമെന്ന് മൃണ്മയി ആ നിമിഷം ഏതാണ്ട് ഉറപ്പിച്ചു കഴിഞ്ഞിരുന്നു.അവൾക്ക് മറ്റൊരാളുടെ മനസ്സ് വായിക്കാനുള്ള കഴിവുണ്ടെന്ന് പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്.പണ്ടും മൃണ്മയി അങ്ങനെ ആയിരുന്നല്ലോ എന്നും ഞാനപ്പോൾ ഓർത്തുപോയി. അവളുടെ വാക്കുകളെ എതിരിടുക ഒരിക്കലും ആർക്കുമത്ര എളുപ്പമായിരുന്നില്ല.വല്ലാത്തൊരു 'കമാന്റിങ്ങ് പവർ'അവളുടെ വാക്കുകളിലെപ്പോഴും അന്തർലീനമായി കിടന്നിരുന്നു., എന്റെ അമ്മയെപ്പോലെ. മൃണ്മയിയുടെ ചെറി റെഡ് സ്വിഫ്റ്റ് കാർ, പാർക്കിംഗ് യാർഡ് വിട്ടു പോകുന്നത് ബൈക്കിന്റെ റിയർവ്യൂ മിററിലൂടെ ഞാൻ നോക്കിയിരുന്നു.അനുസരണയില്ലാതെ വളർന്നു തുടങ്ങിയ താടി രോമങ്ങൾ അപ്പോളാണ് എന്റെ ശ്രദ്ധയിൽ പെട്ടത്. സത്യം പറയാമല്ലോ, മനസ്സറിഞ്ഞ് ഒരു കണ്ണാടിയിൽ നോക്കിയിട്ട് എത്രയോ നാളുകൾ കഴിഞ്ഞിരുന്നു..

ബിടെക് നു കോളേജിൽ ചേർന്ന ദിവസമാണ് മൃണ്മയിയെ ഞാൻ ആദ്യമായി കാണുന്നത്.രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കുമായി നടത്തിയ ഓറിയന്റേഷൻ ക്ലാസ്സിന്റെയന്ന്, അനിയന്മാരുടെ കൈകൾ പിടിച്ച് അച്ഛന്റെ അല്പം മുൻപിലായി അവൾ ആ ഓഡിറ്റോറിയത്തിലേക്ക് കയറി വരികയായിരുന്നു .എനിക്കു മുന്നിലുള്ള നിരയിൽ ഒഴിഞ്ഞു കിടന്ന കസേരകളിലായി അവളും അനിയന്മാരും അച്ഛനും ഇരിപ്പുറപ്പിച്ചു.ഒരു പതിനെട്ടുകാരിയുടെ മട്ടും ഭാവവുമൊന്നുമായിരുന്നില്ല അവൾക്ക്. ഇരിപ്പിലും നടപ്പിലും പെരുമാറ്റത്തിലുമൊക്കെ അടിമുടി അവളിൽ ഒരമ്മത്തം നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.തള്ളക്കോഴി ചിറകിനടിയിൽ കുഞ്ഞുങ്ങളെ കരുതുംപോലെയായിരുന്നു അവൾ അനിയന്മാരെ പൊതിഞ്ഞു പിടിച്ചിരുന്നത്. അവർക്ക്, മൃണ്മയി ചേച്ചി മാത്രമല്ല, അമ്മകൂടിയായിരുന്നു എന്ന് കാണുന്നവർക്കെല്ലാം ഒറ്റ നോട്ടത്തിലേ തിരിച്ചറിയാനാകുമായിരുന്നു. എനിക്കു മൃണ്മയിയോട് എന്നും ഒരു തരം ആരാധനയായിരുന്നു.ആ ആരാധനയിൽ നിന്നാണ് പ്രണയമുണ്ടായതെന്നാണ് എനിക്കു തോന്നുന്നത്, 'ലവ് അറ്റ് ഫസ്റ്റ് സൈറ്റ്'ഒന്നുമായിരുന്നില്ല, അതിലൊന്നും ഞാൻ വിശ്വസിക്കുന്നുമില്ല. ഉപ്പു പാളികൾ ഒന്നിന് മീതെ ഒന്നായി അടിഞ്ഞ്, ഘനീഭവിച്ച് ഉപ്പുപാറയാകുന്നത് പോലെ അത്രയും സാന്ദ്രമായിരുന്നു അത്.,മൃണ്മയിയായിരുന്നു എന്റെ ആദ്യപ്രണയം, ഇനി ഒടുവിലത്തേതും.

**അഞ്ചാം നിലയിലെ ലിഫ്റ്റിനടുത്തെത്തിയപ്പോഴാണ് ലൈറ്റ് പീച്ച് ജോർജറ്റ് കോമ്പിനേഷനിൽ നീല ചെമ്പരത്തി പൂക്കൾ ഹാൻറ് പെയിന്റ് ചെയ്തെടുത്ത ചുരിദാറിൽ അതീവ സുന്ദരിയായി മൃണ്മയി എന്റെ നേർക്ക് ഓടി വന്നത്. അവൾ എനിക്കൊപ്പം ലിഫ്റ്റിൽ കയറുകയും ലിഫ്റ്റിന്റെ വാതിലുകൾ അടയുകയും ചെയ്തു. ഒരു വേള എന്റെ ഹൃദയം നിലച്ചു പോകുമോ എന്ന് വരെ ഞാൻ ഭയന്നുപോയി.**

സലൂണിലെ കണ്ണാടിയിലേക്ക് നോക്കിയിരുന്നപ്പോൾ പോയ കാലം എന്റെ മുഖത്ത് ഒരു നേർത്ത പുഞ്ചിരി പടർത്തി.പക്ഷേ,വേണ്ട സമയത്ത് തുറന്ന് പറയപ്പെടാതെ പോയ ഒരു പ്രണയത്തിന്റെ നീറിപിടിക്കുന്ന വേദനകൂടി ആ പുഞ്ചിരി അടക്കം ചെയ്തിരുന്നു.എന്തുകൊണ്ടാണ് ആ പ്രണയം മൃണ്മയിയോട് അക്കാലത്ത് തുറന്നു പറയാതിരുന്നത് എന്ന് സ്വാഭാവികമായും ആർക്കും സംശയം തോന്നിയേക്കാം. പറയാതിരിക്കാൻ പലവിധ കാരണങ്ങളുണ്ടായിരുന്നു, ചിലത് കേൾക്കുമ്പോൾ ക്ളീഷേയായി തോന്നിയാലും അതായിരുന്നു വാസ്തവം. ചുരുങ്ങിയ ദിവസങ്ങൾക്കൊണ്ട് മൃണ്മയിയും ഞാനും തമ്മിൽ വളരെയേറെ അടുത്തു പോയിരുന്നു.ഞങ്ങളുടെ സൗഹൃദത്തിന്റെ തോണി ഏറെദൂരം മുന്നോട്ട് പോയി. ആത്മാവുകളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്ന ഒരദൃശ്യ ചങ്ങല ഞങ്ങൾക്കിടയിലുണ്ടായിരുന്നു.എല്ലാ ആൺകുട്ടികൾക്കും ഏറ്റവുമടുത്ത ഒരുപെൺ സുഹൃത്തെങ്കിലുമുണ്ടാകും. ഒട്ടുമിക്ക പേരുടെ കാര്യത്തിലും ആ സൗഹൃദപ്പുഴയുടെ

അറ്റത്ത് പ്രണയത്തിന്റെ ഒരു കടലുണ്ടാകും.പക്ഷേ തങ്ങൾക്കിടയിലെ സൗഹൃദം എന്നെന്നേക്കുമായി നഷ്ടപ്പെടുമോ എന്ന ഭയത്താൽ കടലിനെ പ്രാപിക്കാൻ പുഴയെ ഒരിക്കലുമവർ അനുവദിക്കാറില്ല.ഞങ്ങൾക്കിടയിലും അത് തന്നെയാണ് സംഭവിച്ചത്. എനിക്കൊരിക്കലും മൃണ്മയിയുടെ സൗഹൃദം നഷ്ടപ്പെടുത്താനാകുമായിരുന്നില്ല.എന്നിട്ടും വിവാഹ ക്ഷണക്കത്ത് നേരിട്ട് കൈപ്പറ്റുമ്പോൾ അമൂല്യമായതെന്തോ കൈയെത്തുന്ന ദൂരത്തു നിന്ന് അകന്നു പോവുകയാണല്ലോ എന്ന തോന്നലെനിക്കുണ്ടായി.

അന്ന് വിവാഹം ക്ഷണിക്കാൻ അവൾ എന്റെ വീട്ടിലേക്ക് നേരിട്ട് വരികയായിരുന്നു. മൃണ്മയിക്ക് ഏറ്റവും പ്രിയപ്പെട്ട കൂർക്കയിട്ട് വെച്ച ബീഫ് കറിയൊരുക്കി അമ്മ,അവൾക്ക് ഊണു വിളമ്പി.അമ്മയ്ക്ക് അവൾ സ്വന്തം മകളെപോലെയായിരുന്നു. അമ്മയുടെ പിറന്നാൾ ഓർത്തു വെച്ച് മുടങ്ങാതെ ആ ദിവസം അവൾ അമ്മയെ വിളിച്ച് ആശംസകൾ അറിയിക്കാറുണ്ടായിരുന്നു. ഞാൻ മറന്നു പോയാലും ഒരനുഷ്ഠാനം പോലെ മൃണ്മയി അത് തുടർന്നു പോന്നു.ഊണിനുശേഷം നട്ടുച്ചക്ക് ഞങ്ങൾ കടലോര പാതയിലൂടെ നടന്നു. അവൾ ഇളം നീലയിൽ വെളുത്ത ചിപ്പികൾ എംബ്രോയ്ഡറി ചെയ്തെടുത്ത ചുരിദാറായിരുന്നു ധരിച്ചിരുന്നത്. അത് കണ്ട് ഞാൻ അവളോട് 'നീയൊരു കടലായിരിക്കുന്നു ഇപ്പോൾ' എന്ന് പറഞ്ഞതും അവൾ കുടുകുടെ ചിരിച്ചതും ഞാനിപ്പോഴുമോർക്കുന്നു. കടപ്പുറത്തെ ഒരു കാറ്റാടി മരത്തിന്റെ ഇത്തിരി തണൽവട്ടത്തിലിരുന്ന് ഞങ്ങൾ പിന്നെയും സംസാരിച്ചു. അക്കാലത്ത് വല്ലാത്തൊരു മാനസികാവസ്ഥയിലൂടെയായിരുന്നു ഞാൻ കടന്നു പോയിക്കൊണ്ടിരുന്നത്.എഞ്ചിനീയറിങ് ഇഷ്ടപ്പെട്ടു പഠിച്ചതല്ല, കോളേജ് കഴിഞ്ഞ് നാലഞ്ച് വർഷം ബാങ്ക് കോച്ചിംഗ് എന്നും സർക്കാർ ജോലിയെന്നും പറഞ്ഞ് വെറുതേ കളഞ്ഞിരുന്നു. കൂടെയുള്ളവരും പിറകേ വന്നവരും ജീവിതം കെട്ടിപ്പടുക്കുന്നത് കടുത്ത അപകർഷ ബോധത്തോടെ നോക്കിനിന്ന് ആത്മനിന്ദയാൽ ഉരുകിയിരുന്ന കാലം. കൂട്ടത്തിൽ ഏറ്റവും പ്രിയപ്പെട്ട, എല്ലാകാലത്തേക്കുമുണ്ടാകുമെന്നു കരുതിയ പല മനുഷ്യരും ഇഷ്ടങ്ങളും ജീവിതത്തിൽ നിന്ന് ഇറങ്ങിപോവുകയും ചെയ്തു . സ്നേഹം, കരുതൽ ഇതൊന്നും വൺ വേ ട്രാക്കുകളല്ല. അങ്ങോട്ടുമിങ്ങോട്ടും പോക്കുവരവുകൾ ഉണ്ടാകുമ്പോഴേ അതിനർത്ഥമുണ്ടാകുകയുള്ളൂ എന്ന് ആ കാലമാണ് എന്നെ പഠിപ്പിച്ചത് . എന്നും ഒരേ ദിശയിൽ മാത്രം സഞ്ചരിച്ച് യാത്ര മടുക്കുകയും എന്നെന്നേക്കുമായി എന്നിലേക്ക് മാത്രം യാത്രചെയ്യുന്ന ഒരാളായി തീർന്നിരുന്നു ഞാൻ.അപ്പോഴെല്ലാം എന്നെ മനസ്സിലാക്കുകയും എന്റെ കൂടെയുണ്ടായിരുന്നതും മൃണ്മയി മാത്രമായിരുന്നു. അങ്ങനെയോരോന്നോർത്ത് കൊണ്ട് ഞാൻ കടലിലേക്ക് നോക്കിയിരുന്നു. .പശ്ചാത്തലത്തിൽ 'കടൽവാനം കൂടാ നിറം മാറകൂടും മനംകൊണ്ട പാസം തടം മാറിടാത്'എന്ന പാട്ട് പതിഞ്ഞ ശബ്ദത്തിൽ ദൂരെ നിന്ന് കേൾക്കാമായിരുന്നു. ''ഒരിക്കൽ ചോദിച്ചിട്ട് കിട്ടാത്തവയ്ക്ക് വേണ്ടി കാത്തു നിൽക്കരുത്''.വിരലുകൊണ്ട് മണ്ണിൽ മൃണ്മയി എന്നെഴുതിക്കൊണ്ടിരിക്കെ അവൾ എന്നോട് പറഞ്ഞു.. ''സ്നേഹം, സമയം, പരിഗണന ഇതൊന്നും രണ്ടാമത് ചോദിക്കാൻ നിൽക്കരുത്.കിട്ടില്ലെന്ന് ഉറപ്പായാൽ ഇറക്കി വിടും മുൻപ് ചിരിച്ചുകൊണ്ടിറങ്ങി പോരുക.. പിന്നെ നഷ്ടങ്ങളെക്കുറിച്ചോർത്ത് ദുഃഖിക്കരുത് പാർത്ഥി നീ ..സത്യമുള്ളതൊന്നും അങ്ങനെ നമ്മെ വിട്ടു പോകില്ല. സാധനങ്ങളായാലും ബന്ധങ്ങളായാലുമതേ. നേരും നെറിയുമുള്ളവ തിരിച്ച് നമ്മളിലേക്ക് തന്നെ വരും''എന്ന് പറഞ്ഞ് ചുരിദാറിൽ പറ്റിയ മണൽതരികൾ തട്ടികുടഞ്ഞ് അവളെഴുന്നേറ്റു. ''വരൂ.. നമുക്ക് നടക്കാം''. അവൾ എനിക്കു നേരെ കൈ നീട്ടി.അവളുടെ വാക്കുകൾ വേവുന്ന മനസ്സിന് സാന്ത്വനമേകുന്നവയായിരുന്നു. മനോഹരമായ ആ മദ്ധ്യാഹ്നം തീർന്നു പോകരുതേ എന്ന് പ്രാർത്ഥിക്കുകയായിരുന്നു ഞാനപ്പോൾ.വീട്ടിൽ തിരിച്ചെത്തി അമ്മ തയ്യാറാക്കിയ പാൽകൊഴുക്കട്ട കൊതിയോടെ നുണഞ്ഞ് അമ്മയുടെ ചുമലിലൂടെ കൈ ചേർത്ത് പിടിച്ച് അവൾ പറഞ്ഞു- ''നിന്നോടെനിക്ക് കടുത്ത അസൂയ തോന്നുന്നു. നിനക്കെന്നും അമ്മയുണ്ടാക്കുന്ന ആഹാരമിങ്ങനെ കഴിച്ചുകൊണ്ടേയിരിക്കാമല്ലോ''. ഒരു കൊള്ളിയാൻ എന്റെ ഹൃദയത്തിനു കുറുകെ കടന്ന് പോയി. മൃണ്മയിയു

**പാർക്കിങ്ങിലേക്ക് നടക്കുമ്പോൾ 'രാവിലെ പതിനൊന്നു മണിക്ക് കേക്ക് കട്ടിങ്, പിന്നെ ഒരു കുഞ്ഞു സദ്യ, തീർന്നു അത്രേയുള്ളൂ. ലൊക്കേഷൻ വാട്ട്സാപ്പിൽ ഷെയർ ചെയ്തിട്ടേക്കാം, നാളെ കാണാമേ' എന്ന് നിൽക്കാൻ നേരമില്ലാത്ത വിധം പറഞ്ഞുകൊണ്ടോടുകയായിരുന്നു അവൾ. ഞാൻ വരുമെന്ന് മൃണ്മയി ആ നിമിഷം ഏതാണ്ട് ഉറപ്പിച്ചു കഴിഞ്ഞിരുന്നു. അവൾക്ക് മറ്റൊരാളുടെ മനസ്സ് വായിക്കാനുള്ള കഴിവുണ്ടെന്ന് പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. പണ്ടും മൃണ്മയി അങ്ങനെ ആയിരുന്നല്ലോ എന്നും ഞാനപ്പോൾ ഓർത്തു പോയി.**

ടെ അമ്മ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിരുന്നുവല്ലോ. വൈകീട്ടത്തെ ട്രെയിനിലാണ് അവൾ തിരിച്ചു പോയത്.വല്ലപ്പോഴും ഒരു പാസഞ്ചർ ട്രെയിൻ മാത്രം നിർത്തുന്ന റെയിൽവേ സ്റ്റേഷനായിരുന്നു അത്. അന്നത്തെ ദിവസം ട്രെയിൻ പതിവിലും വൈകിയാണെത്തിയത്. അത് വരേയ്ക്കും വയലറ്റ് മന്ദാര പൂക്കൾ വീണു കിടക്കുന്ന ഒരു സിമന്റ് ബെഞ്ചിൽ പരസ്പരമൊന്നും മിണ്ടാതെ ഞങ്ങൾ രണ്ടുപേരും വിദൂരതയിലേക്ക് നോക്കിയിരുന്നു. വീശിയടിക്കുന്ന വൃശ്ചികക്കാറ്റിൽ പിന്നെയും പിന്നെയും മന്ദാരം പൂക്കൾ പൊഴിച്ചു. ഒടുവിൽ അവൾ യാത്രയായി. അവസാനത്തെ കമ്പാർട്ട്മെന്റും കണ്ണിൽ നിന്ന് മായും വരെ ഞാൻ അവിടെ തന്നെ നിന്നു.

മൃണ്മയിയുടെ കല്യാണത്തിന് അമ്മയും ഞാനും പങ്കെടുത്തിരുന്നു. പക്ഷേ ആൾക്കൂട്ടത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരിടത്ത്, ഏറ്റവും പിറകിലായി ഇരുന്നു കൊണ്ട് ഞങ്ങൾ അവൾക്കാശംസകൾ നേർന്നു. ഫോട്ടോ എടുക്കാനോ കഴിക്കാനോ ഒന്നും നിൽക്കാതെ വളരെ പെട്ടെന്ന് മടങ്ങുകയായിരുന്നു. എന്തുകൊണ്ടോ അങ്ങനെ ചെയ്യാനാണ് അപ്പോൾ തോന്നിയത്. അതിനു ശേഷം മൃണ്മയി ഫോണിൽ വിളിക്കുമ്പോഴേല്ലാം മനഃപൂർവം ഞാൻ കണ്ടില്ലെന്ന് നടിച്ചു.മെസ്സേജുകൾക്ക് മറുപടി കൊടുക്കാതായി.പിന്നെ പിന്നെ മൃണ്മയിയെ കുറിച്ച് വിവരമൊന്നുമില്ലാതായി. കോളേജ് വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നിന്നും മറ്റു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിന്നുമെല്ലാം അവൾ അപ്രത്യക്ഷയായി. പിന്നീടെപ്പോഴോ അവൾ അമ്മയായെന്ന വിശേഷം ആരോ പറഞ്ഞറിഞ്ഞു. അധികം വൈകാതെ നടുക്കുന്ന മറ്റൊരു വാർത്തകൂടിയറിഞ്ഞു.അവളുടെ ഭർത്താവ് മരിച്ചുപോയിരിക്കുന്നു. .ബിസിനസ്സിൽ നേരിട്ട കടുത്ത തിരിച്ചടികൾക്ക് മുന്നിൽ പിടിച്ചു നിൽക്കാനാകാതെ ആത്മഹത്യ ചെയ്യുകയായിരുന്നത്രെ അയാൾ. ബിസിനസ് പങ്കാളികൾ ചതിച്ചതാണെന്നും പറയപ്പെടുന്നു.

ആ വാർത്തയറിഞ്ഞ ദിവസം വല്ലാത്തൊരു ശൂന്യത മനസ്സിനെ ബാധിച്ചിരുന്നു.മൃണ്മയിയെ നേരിൽ കണ്ടാലോ എന്ന് വരെ ചിന്തിച്ചു. പിന്നെ വേണ്ടെന്ന് വെച്ചു. കണ്ടിട്ടെന്ത് കാര്യം, എനിക്ക് ആശ്വാസവാക്കുകൾ പറയാനറിയില്ല.ഇനിയുള്ള അവളുടെ ജീവിതം എങ്ങനെയായിരിക്കുമെന്നോർത്ത് വെറുതേ കണ്ണടച്ചിരുന്നപ്പോൾ എന്റെയും അമ്മയുടെയും കഴിഞ്ഞ കാലമാണ് എനിക്കോർമ്മ വന്നത്. ഡിസംബറിലെ മഞ്ഞുപെയ്യുന്ന ഒരു പുലർകാലത്ത് നിനച്ചിരിക്കാതെ അച്ഛൻ എന്നെന്നേക്കുമായി ഞങ്ങളെ വിട്ടു പോവുകയായിരുന്നല്ലോ.അച്ഛന് മാത്രം കഴിയുന്ന വിധം അത്രയും ശാന്തമായി, നിശബ്ദമായിട്ടായിരുന്നു ആ വിടവാങ്ങൽ.എനിക്കന്ന് ആറോ എഴോ വയസ്സ് കാണും. ജീവിതത്തെ കുറിച്ചുള്ള സകല പ്രതീക്ഷകളുമറ്റ്,ഒരേ മുറിക്കുള്ളിൽ, ദിവസങ്ങളോളം ശിലപോലെ ഉറച്ചിരുന്ന അമ്മയ്ക്കരികിൽ ചെന്നിരുന്ന് പൂഴി മണലിൽ നിന്ന് പെറുക്കിയെടുത്ത മഞ്ചാടി മണികൾ ഉള്ളംകൈ തുറന്ന് കാണിച്ച് ''നമുക്കിത് വിറ്റ് ജീവിച്ചാലോ അമ്മേ''എന്ന് ഒരിക്കൽ ഞാൻ ചോദിച്ചിരുന്നത്രെ.. അതൊന്നും എന്റെ ഓർമ്മയിലേ ഉണ്ടായിരുന്നില്ല. ഏതോ ഒരു ദിവസം ഒരു ദുസ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നത് പോലെ അമ്മയെന്നെ വാരി പുണർന്നതിന്റെ ചൂടു മാത്രമേ എന്റെ ഓർമ്മയിലുണ്ടായിരുന്നുള്ളൂ.പിൽക്കാലത്ത് പഠിച്ച് പരീക്ഷയെഴുതി സർക്കാർ ജോലിക്കാരിയായി സ്വന്തമായി വീട് വെച്ച് പുതിയ വീട്ടിലെ ആദ്യത്തെ ദിവസം സന്ധ്യക്ക് വിളക്ക് കൊളുത്തുമ്പോഴാണ് അമ്മ അക്കാര്യമെല്ലാം പറഞ്ഞത്. ''അന്ന് നീയങ്ങനെ ചോദിച്ചില്ലായിരുന്നെങ്കിൽ നമ്മളിവിടെ വരെ ഒന്നും എത്തില്ലായിരുന്നു പാർത്ഥി''.. ''മൃണ്മയിയും അത്തരമൊരു സാഹചര്യത്തിലൂടെയാവും ഇപ്പോൾ കടന്ന് പോവുന്നത്, അങ്ങനെയൊന്നും കെട്ടു പോകുന്ന കനലല്ല അവൾ''.അടർന്നു പോയ ഓർമ്മകളെയെല്ലാം അന്ന് പെറുക്കിയെടുത്ത് അടുക്കിവെക്കുന്നതിനിടയിൽ അമ്മ പറഞ്ഞു..

**മൃണ്മയിയോട് എന്നും ഒരു തരം ആരാധനയായിരുന്നു. ആ ആരാധനയിൽ നിന്നാണ് പ്രണയമുണ്ടായതെന്നാണ് എനിക്കു തോന്നുന്നത്, 'ലവ് അറ്റ് ഫസ്റ്റ് സൈറ്റ്'ഒന്നുമായിരുന്നില്ല, അതിലൊന്നും ഞാൻ വിശ്വസിക്കുന്നുമില്ല. ഉപ്പു പാളികൾ ഒന്നിന് മീതെ ഒന്നായി അടിഞ്ഞ്, ഘനീഭവിച്ച് ഉപ്പുപാറയാകുന്നത് പോലെ അത്രയും സാന്ദ്രമായിരുന്നു അത്.,മൃണ്മയിയായിരുന്നു എന്റെ ആദ്യപ്രണയം, ഇനി ഒടുവിലത്തേതും.**

നിറയെ ആകസ്മികതകൾ നിറഞ്ഞ വഴിയാണ് ജീവിതത്തിന്റേത്. ഏത് തിരിവിൽ എന്താണ് കാത്തു വെച്ചിരിക്കുന്നതെന്ന് അറിയില്ലല്ലോ. അല്ലായിരുന്നെങ്കിൽ ഒരേ ടവറിലെ രണ്ട് വ്യത്യസ്ഥ സ്ഥാപനങ്ങളിലെ ജോലിക്കാരായി ഞങ്ങൾ അവിടെ വെച്ചിങ്ങനെ വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടില്ലായിരുന്നു. മൃണ്മയി മൂന്ന് നാല് വർഷമായി അവിടെത്തന്നെയായിരുന്നു ജോലി ചെയ്തു കൊണ്ടിരുന്നത്. എനിക്കത് പുതിയ ഇടമായിരുന്നു. തീർത്തും അപരിചിതമായ ഒരിടം. പുതിയൊരു സ്ഥലം, പരി

ചിതമല്ലാത്ത ആൾക്കൂട്ടം, ഇവയെല്ലാം എപ്പോഴും എന്നെ ഭയപ്പെടുത്തുമായിരുന്നു. അവശേഷിക്കുന്ന ആത്മവിശ്വാസം കൂടി ചോർന്നുപോയി ആ വലിയ കോർപ്പറേറ്റ് ടവറിനു മുന്നിൽ പതറി നിൽക്കുമ്പോഴാണ്, 'പാർത്ഥി'എന്ന് വിളിച്ചുകൊണ്ടു മൃണ്മയി എന്റെ കൈയിൽ പിടിച്ചത്. അപ്പോൾ എനിക്കു തോന്നിയ ആശ്വാസം എത്രത്തോളമാണെന്ന് പറഞ്ഞാൽ ആർക്കും മനസ്സിലാവുകയില്ല. അവൾ കൂടുതൽ ചെറുപ്പമായിരിക്കുന്നതായി എനിക്ക് തോന്നി. പഴയതിനേക്കാൾ പ്രസരിപ്പുണ്ടായിരുന്നു മൃണ്മയിയുടെ മുഖത്ത്. എനിക്കും മൃണ്മയിക്കുമിടയിൽ വർഷങ്ങളുടെ ഇടവേളകൾ ഒന്നും ബാധകമേയല്ലാത്തതു പോലെയായിരുന്നു. അങ്ങനെ ചില ബന്ധങ്ങളുണ്ടാകില്ലേ. എവിടെ നിർത്തിയോ അവിടെ നിന്നു തന്നെ സംസാരിച്ചു തുടങ്ങുന്ന സൗഹൃദങ്ങൾ.ആ പുതിയ നഗരത്തിൽ, പുതിയ ചുറ്റുപാടിൽ എന്റെ ഒറ്റപ്പെടലിൽ വലിയൊരു ആശ്വാസമായിരുന്നു അവൾ.വൈകുന്നേരങ്ങളിൽ കഫറ്റീരിയയിൽ വെച്ചും ഒഴിവു ദിവസങ്ങളിൽ വാക് വേയിലും ബീച്ചിലും മാളുകളിലും വെച്ചുമെല്ലാം ഞങ്ങൾ ഒരുമിച്ച് സമയം ചിലവഴിച്ചു. ചിലപ്പോൾ ഒരുമിച്ച് പുതിയ സിനിമകൾ കണ്ടു. ഫുഡ് സ്പോട്ടുകൾ കണ്ടുപിടിച്ച് പുതിയ പുതിയ വിഭവങ്ങൾ രുചിച്ചു നോക്കി. നഗരത്തിലെ നഴ്സറികളായ നഴ്സറികൾ മുഴുവൻ കയറിയിറങ്ങി അവളുടെ പുതിയ വീട്ടിലേക്കു വേണ്ടി ഔട്ട്ഡോർ ചെടികളും ഇൻഡോർ ചെടികളും വാങ്ങിച്ചു കൂട്ടി..ഇതിനിടയിൽ അവളുടെ ജീവിതത്തെ കുറിച്ചോ, ഭർത്താവിന്റെ മരണത്തെ കുറിച്ചോ മകനെ കുറിച്ചോ ഒന്നും ഞാൻ ചോദിച്ചതേയില്ലേ. അവൾ എന്നോട് പറഞ്ഞതുമില്ല.എല്ലാവർക്കും കടന്ന് വരാൻ അനുവാദമില്ലാത്ത ചിലയിടങ്ങളെങ്കിലും ഉണ്ടാവണമല്ലോ നമ്മുടെയൊക്കെ ജീവിതത്തിൽ.. എങ്കിലും ഏത് നിർഭാഗ്യ നിമിഷത്തിലാണ് അവളോടെനിക്കത് പറയാൻ തോന്നിയത് എന്ന് ഇപ്പോഴും ഒരെത്തും പിടിയും കിട്ടുന്നില്ല.എന്തായിരുന്നു ആ ട്രിഗ്ഗർ പോയിന്റ്.? അതുമെനിക്കറിയില്ല.ചർച്ച് സ്ട്രീറ്റിലെ പുസ്തകക്കടയിൽ നിന്ന് കുറേ പുസ്തകങ്ങളും വാങ്ങിച്ച് പാർക്കിലെ ബോഗെയ്ൻ വില്ല ചോട്ടിലെ ഒരു ബെഞ്ചിലിരുന്ന് അസ്തമയം കാണുകയായിരുന്നു ഞങ്ങൾ.അപ്പോഴാണ് ഞാനത് ചോദിച്ചത് 'മൃണ്മയീ നമുക്കൊരുമിച്ചു ജീവിച്ചുകൂടെ''? അത് ചോദിക്കുന്നതിനു മുൻപും ചോദിച്ചു കഴിഞ്ഞിട്ടും ഞാൻ വല്ലാതെ കിതക്കുകയും വിയർക്കുകയും ചെയ്തിരുന്നു . മൃണ്മയി കടലിലേക്ക് തന്നെ നോക്കിയിരുന്നു. അവളുടെ ഇമകൾ ഒന്ന് പിടയുക പോലും ചെയ്തില്ല. ''എല്ലാ വശങ്ങളും ആലോചിച്ചിട്ട് തന്നെയാണ് ഞാൻ ചോദിച്ചത്. ഒരുമിച്ചായാൽ നന്നായിരിക്കുമെന്ന് തോന്നി''. ഞാൻ പറഞ്ഞു.അവൾ എന്നെ നോക്കി ചെറുതായൊന്നു പുഞ്ചിരിച്ച് ഒന്നും പറയാതെ എഴുന്നേറ്റ് പോകുകയായിരുന്നു..പിന്നീട് ദിവസങ്ങളോളം മൃണ്മയി എന്നോട് സംസാരിച്ചില്ല, ഞങ്ങൾ തമ്മിൽ നേരിൽ കണ്ടതുപോലുമില്ല. ചോദിച്ചത് അബദ്ധമായി പോയെന്നും അന്നത്തെ ദിവസത്തെ കുറിച്ചോർത്ത് സ്വയം ശപിച്ചും ഞാൻ ഖേദിച്ചു.

> **സ്നേഹം, കരുതൽ ഇതൊന്നും വൺ വേ ട്രാക്കുകളല്ല. അങ്ങോട്ടുമിങ്ങോട്ടും പോക്കുവരവുകൾ ഉണ്ടാകുമ്പോഴേ അതിനർത്ഥമുണ്ടാകുകയുള്ളൂ എന്ന് ആ കാലമാണ് എന്നെ പഠിപ്പിച്ചത്. എന്നും ഒരേ ദിശയിൽ മാത്രം സഞ്ചരിച്ച് യാത്ര മടുക്കുകയും എന്നെന്നേക്കുമായി എന്നിലേക്ക് മാത്രം യാത്രചെയ്യുന്ന ഒരാളായി തീർന്നിരുന്നു ഞാൻ. അപ്പോഴെല്ലാം എന്നെ മനസ്സിലാക്കുകയും എന്റെ കൂടെയുണ്ടായിരുന്നതും മൃണ്മയി മാത്രമായിരുന്നു.**

മൃണ്മയിക്കെന്നോടുള്ള നീരസം ഒരിക്കലും മാറില്ലെന്നാണ് ഞാൻ കരുതിയിരുന്നത്. അപ്പുവിന്റെ പിറന്നാളിന് പോകണോ വേണ്ടയോ എന്ന് പിന്നെയും എനിക്ക് സംശയമായി. രാത്രി ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു.എന്നോടുള്ള സൗഹൃദം ഇപ്പോഴും അല്പമെങ്കിലും ബാക്കി നിൽക്കുന്നത് കൊണ്ടാണല്ലോ മൃണ്മയി അവരുടെ വീട്ടിലെ ഏറ്റവും സ്വകാര്യമായ ഒരു നിമിഷത്തിലേക്ക് എന്നെ മാത്രം അതിഥിയായി ക്ഷണിച്ചിരിക്കുന്നത് എന്ന് ചിന്തിച്ചപ്പോൾ പോകാമെന്നു തന്നെ ഉറപ്പിച്ചു. എപ്പോഴോ ഉറങ്ങിപ്പോയി.

പിറ്റേന്ന് അതികാലത്തെഴുന്നേറ്റു. ബ്രെഡ് ടോസ്റ്റും ഓംലറ്റുമുണ്ടാക്കി കഴിച്ചു. തിടുക്കത്തിൽ കുളിച്ച് എനിക്കേറ്റവും പ്രിയപ്പെട്ട മെറൂൺ ചെക്ക് ഷർട്ടും ഇളം നീല ജീൻസും ധരിച്ച് കണ്ണാടിക്ക് മുന്നിൽ നിന്നു. ജീവിതത്തിനു കുറേകൂടി നിറം വന്നു ചേർന്നിരിക്കുന്നതായും ഉന്മേഷവാനായിരിക്കുന്നതായും തോന്നി. മൃണ്മയിയുടെ പുതിയ വീട്ടിലേക്ക് ഞാൻ ആദ്യമായി പോകുകയാണ്. മാത്രമല്ല, അപ്പുവിന് സമ്മാനങ്ങളൊന്നും കരുതിയിട്ടുമില്ലായിരുന്നു.. വെറും കൈയോടെ കയറി ചെല്ലുന്നത് ശരിയല്ലല്ലോ എന്നോർത്ത് ഒരു ഗിഫ്റ്റ് ബോക്സ് നിറയെ ചോക്ലേറ്റുകൾ വാങ്ങിച്ചു .

നഗരത്തിന്റെ തിരക്കുകളിൽ നിന്ന് മാറി തീർ

ത്തും ശാന്തവും സ്വച്ഛവുമായൊരിടത്തായിരുന്നു 'നളിനകാന്തി 'എന്ന് പേരുള്ള ആ വീട്. വലിയൊരു പുരയിടമായിരുന്നു അത്. ചുറ്റിലും വെള്ളനിറം പൂശിയ മതിൽ. നിറയെ മരങ്ങൾ നിറഞ്ഞു നിൽക്കുന്ന ആ പുരയിടത്തിലേക്ക് കയറുമ്പോഴേ സുഖമുള്ള ഒരു തണുപ്പ് നമ്മെ വന്നു പൊതിയും. ഗേറ്റ് കടന്നാൽ വീടെത്തും വരെ കരിങ്കല്ല് പാകിയ നീണ്ട വഴിയാണ്.വഴിയവസാനിക്കുന്നിടത്ത് പോർച്ച്. അവിടെ മൃണ്മയിയുടെ ചുവന്ന കാർ കിടന്നിരുന്നു. പോർച്ചിനോട് ചേർന്ന് ഒരു തേൻമാവ് പടർന്നു പന്തലിച്ചു നിൽക്കുന്നുണ്ടായിരുന്നു. അതിലേക്ക് പടർന്നു കയറിയ മുല്ലവള്ളികളിൽ നിറയെ പൂക്കൾ വിരിഞ്ഞു നിന്നിരുന്നു. ആ മാവിന്റെ തണലിൽ പതിഞ്ഞിരിക്കുന്ന അതിമനോഹരമായ ഒരു വീട്. ഒറ്റകാഴ്ചയിൽ അധികമുയരമില്ലാത്ത മാവ് അതിന്റെ തണലിൽ ആ വീടിനെ പൊതിഞ്ഞു സംരക്ഷിച്ചു നിർത്തിയിരിക്കുകയാണെന്ന് തോന്നും. പച്ചയുടെ ഒരു കടൽ, അതിൽ ചിപ്പി പോലെ തൂവെള്ള ഭിത്തികളുള്ള ഒരു വീട്. പോർച്ചിലും വരാന്തയിലുമൊക്കെയായി ചെടികളാണ്, വിവിധ തരത്തിലുള്ളവ.പലതും ഞാൻ ആദ്യമായി കാണുകയായിരുന്നു.പൊടുന്നനെ വാതിൽ തുറന്ന് മൃണ്മയി പുറത്തേക്കു വന്നു.അവൾ മൺനിറത്തിലുള്ള ഒരു സാരിയായിരുന്നു ധരിച്ചിരുന്നത്. മണ്ണിന്റെ നിറം മൃണ്മയിക്ക് നന്നായി ചേരുന്നുണ്ടെന്ന് എനിക്ക് തോന്നി.നിറഞ്ഞ പുഞ്ചിരിയുമായി അവൾ അകത്തേക്ക് വിളിച്ചു. ''എത്ര ശാന്തമണീ സ്ഥലം. എന്ത് ഭംഗിയുള്ള പരിസരം'' ഞാൻ പറഞ്ഞു. ''വാടക വീടാണെന്ന് ആരും പറയില്ല...നളിനി ടീച്ചറുടേതാണ് ഈ വീട്. അവരും അവരുടെ ഭർത്താവുമാണ് ഇവിടെ താമസിച്ചിരുന്നത്.അദ്ദേഹം മരിച്ചപ്പോൾ ടീച്ചറൊറ്റക്കായി.ഭർത്താവിന്റെ ഓർമ്മകൾ വന്ന് ശ്വാസം മുട്ടിക്കാൻ തുടങ്ങിയപ്പോൾ ടീച്ചർ തറവാട്ടു വീട്ടിലേക്ക് താമസം മാറ്റി. ആശിച്ചു പണിത വീടൊട്ട് വെറുതെയിടാനും വയ്യെന്നായി. ടീച്ചർക്ക് വാടകയൊന്നും വേണമെന്നേയില്ല. ടീച്ചർ നോക്കിയിരുന്നതിനേക്കാൾ നന്നായി വീട് നോക്കിയാൽ മാത്രം മതി. പാവം.. ഇടക്കിവിടെ വന്നിരിക്കും. ഇവിടത്തെ തണലേറ്റിരിക്കുമ്പോൾ പുള്ളിക്കാരനോട് ചേർന്നിരിക്കുന്ന പോലൊരു തോന്നലാണെന്ന്. ഇവിടെയുണ്ടായിരുന്നു..ദാ.. ഇപ്പോൾ പോയതേയുള്ളൂ..പാർത്ഥി ഇരിക്കൂ''. ലിവിങ് റൂമിലെ രത്തൻ സോഫയിൽ ഞാനിരുന്നു.ആ വീടിന്റെ അകത്തളത്തിന് ഏറ്റവും അനുയോജ്യമായിരുന്നു അത്. ജനലുകളിൽ തൂവെള്ള കർട്ടനുകൾ.നളിനി ടീച്ചർക്ക് ആശ്വാസമായിക്കാണും , അത്ര മനോഹരമായാണ് മൃണ്മയി ആ വീടിനെ സ്നേഹിക്കുന്നതെന്ന് ഞാനപ്പോൾ മനസ്സിലോർത്തു. കുടിക്കാൻ ജ്യൂസ് തയ്യാറാക്കാനൊരുങ്ങിയ മൃണ്മയിയെ, ഇപ്പോൾ ഒന്നും വേണ്ടെന്ന് ഞാൻ സ്നേഹത്തോടെ തടഞ്ഞു. ''അപ്പുവിനെ കാണണ്ടേ''? അവൾ ചോദിച്ചു. എന്തുകൊണ്ടോ എന്റെ ഹൃദയമിടിപ്പുയർന്നു. മൃണ്മയി എന്നെ അകത്തെ മുറിയിലേക്ക് ക്ഷണിച്ചു. വാതിൽ തുറന്ന് അപ്പുവിനെ നേരിൽ കണ്ട എന്നെ ഒരു മരവിപ്പ് ബാധിച്ചു.

**അന്നത്തെ ദിവസം ട്രെയിൻ പതിവിലും വൈകിയാണെത്തിയത്. അത് വരേയ്ക്കും വയലറ്റ് മന്ദാര പൂക്കൾ വീണു കിടക്കുന്ന ഒരു സിമന്റ് ബെഞ്ചിൽ പരസ്പരമൊന്നും മിണ്ടാതെ ഞങ്ങൾ രണ്ടുപേരും വിദൂരതയിലേക്ക് നോക്കിയിരുന്നു. വീശിയടിക്കുന്ന വൃശ്ചികക്കാറ്റിൽ പിന്നെയും പിന്നെയും മന്ദാരം പൂക്കൾ പൊഴിച്ചു. ഒടുവിൽ അവൾ യാത്രയായി. അവസാനത്തെ കമ്പാർട്മെന്റും കണ്ണിൽ നിന്ന് മായും വരെ ഞാൻ അവിടെ തന്നെ നിന്നു**

''ഓട്ടിസ്റ്റിക്കായ ഒരു കുട്ടിയുടെ അമ്മയ്ക്ക് ലോകം വളരെ ചെറുതാണ് പാർത്ഥി... ചുരുങ്ങിയ പക്ഷം എന്നെ സംബന്ധിച്ചെങ്കിലും അവിടെ പ്രണയത്തിനൊന്നും വലിയ സാധ്യതകളില്ല. ' എന്ന് പറഞ്ഞ് മൃണ്മയി ജനൽക്കമ്പികളിൽ മുഖമമർത്തി നിന്ന എട്ടുവയസ്സുകാരൻ അപ്പുവിനടുത്തേക്ക് ചെന്നു. ''നോക്കൂ.. ഇതാരാണ് പിറന്നാളിന് അപ്പുവിനെ കാണാൻ വന്നിരിക്കുന്നതെന്ന് നോക്കൂ''. അവൻ തിരിഞ്ഞു നോക്കി. ''നിന്നെ പാർത്ഥി മാമൻ, എന്നോ പാർത്ഥി അങ്കിൾ എന്നോ വിളിപ്പിക്കേണ്ടത്''? എന്ന് കുസൃതിയോടെ അവൾ ചോദിച്ചു. ഞാനപ്പോഴും ആ മരവിപ്പിൽ നിന്ന് മോചിതനായിരുന്നില്ല.അപ്പു എന്റെയടുത്തേക്ക് നടന്ന് വന്ന് എന്നെ തൊട്ടു നോക്കി .വാച്ചിൽ പിടുത്തമിട്ടു. പിന്നെ എന്നെ പിടിച്ചു വലിച്ചു കട്ടിലിൽ ഇരുത്തി.അപ്പോഴുമവൻ വാച്ചിലേക്ക് തന്നെ സൂക്ഷിച്ചു നോക്കുകയായിരുന്നു. ''ചില സാധനങ്ങൾ ഇഷ്ടപെട്ടാൽ അവൻ വിട്ടു കളയില്ല. ചില മനുഷ്യരോടും അങ്ങനെത്തന്നെയാ.. ഞാനില്ലാത്തപ്പോൾ ഇവനെ നോക്കാൻ വരുന്ന ജലജാന്റിയുണ്ട്. ആന്റി തിരിച്ചു പോകുന്നത് അപ്പുവിനിഷ്ടമേയല്ല. വാച്ചിന്റെ ഉടമസ്ഥൻ നീയായത് കൊണ്ട് നിന്നെയുമിനി വിടാൻ സാധ്യതയില്ല''. മൃണ്മയി പറഞ്ഞു. അപ്പുവിന്റെ നെറുകയിൽ വെറുതെ തലോടി, എന്ത് പറയണമെന്ന് വാക്കില്ലാതെ ഞാനിരുന്നു.

‘‘നീയെല്ലായിടത്തും വൈകിമാത്രമെത്തുന്നു. പറയേണ്ട സമയത്തൊന്നും പറയാതെ.... ഇതിപ്പോൾ എല്ലാം കഴിഞ്ഞിട്ട്..’’ മൃണ്മയി മുഴുമിച്ചില്ല.. ഞങ്ങൾക്കിടയിൽ മൗനം കനത്തു നിന്നു.

‘‘അമ്മ മരിച്ചപ്പോഴും, അനിയന്റെ കാൻസർ ട്രീറ്റ്മെന്റ് കാലത്തും പിന്നീട് രഞ്ജു ആത്മഹത്യ ചെയ്തപ്പോഴുമൊക്കെ എന്നെയെന്തിനാണ് ഇങ്ങനെ പരീക്ഷിക്കുന്നതെന്ന് ഞാൻ ദൈവത്തിനോട് ചോദിച്ചിട്ടുണ്ട്. പിന്നെ പിന്നെ എനിക്കതിനുത്തരം തെളിഞ്ഞു കിട്ടി. അപ്പുവിനെപോലൊരു കുട്ടിയുടെ അമ്മയായിരിക്കാൻ ദൈവമെന്നെ പാകപ്പെടുത്തി എടുക്കുകയായിരുന്നു. എന്റെ ജീവനും ശ്വാസവുമൊക്കെ അപ്പുവാണ്. ഞങ്ങളുടെ വേദനകളിലേക്കും കുഞ്ഞു കുഞ്ഞു സന്തോഷങ്ങളിലേക്കും മൂന്നാമതൊരാൾ കടന്ന് വരുന്നത് എനിക്കൊരിക്കലും അംഗീകരിക്കാനാവില്ല പാർത്ഥി.. ഒരു പക്ഷേ എന്നേക്കാളേറെ അതവനെയായിരിക്കും ബാധിക്കുക.എനിക്കീ കുഞ്ഞു ലോകം മതി.’’ മൃണ്മയി പറഞ്ഞു.എന്റെ ഉമിനീർ വറ്റി. ‘‘വി ആർ നോട്ട് മെന്റ് ടു ബി ടുഗെതർ..പക്ഷേ നിന്റെ സൗഹൃദം, അത് ഞാൻ വിലമതിക്കുന്നുണ്ട്. അത്ര മാത്രം..’’ മൃണ്മയിയുടെ വാക്കുകൾ, വാസ്തവത്തിൽ എന്റെ ഹൃദയത്തിൽ കനം വെച്ചു കിടന്ന ഭാരത്തെ അലിയിച്ചു കളയുകയാണുണ്ടായത്. എനിക്കെന്തെന്നില്ലാത്ത ആശ്വാസമാണ് അനുഭവപ്പെട്ടത്. ഞാൻ ഒരു തൂവൽ പോലായി തീർന്നിരുന്നു. ഒരു ചെറുകാറ്റ് മതി, അതിനു പറന്നു പോകാൻ. ആർഭാടങ്ങളില്ലാത്ത എന്നാൽ സന്തോഷം നിറഞ്ഞു തുളുമ്പിയ ഒരു പിറന്നാളാഘോഷമായിരുന്നു അത്. കേക്ക് മുറിച്ച്, പിറന്നാൾ സദ്യയുണ്ട് കഴിഞ്ഞ് ഞാൻ സമ്മാനപ്പൊതി അപ്പുവിന് നൽകി. ചോക്ലേറ്റു കളേക്കാൾ അവനു പ്രിയം എന്റെ വാച്ചിനോടായിരുന്നു. ഞാൻ യാത്ര പറഞ്ഞിറങ്ങും വരെ അവൻ അതിൽ നിന്ന് പിടിവിട്ടിരുന്നില്ല. മൃണ്മയി അവളുടെ കാറിൽ എന്നെ ബസ്ഡിപ്പോയിൽ കൊണ്ട് വിടുകയായിരുന്നു. വേണ്ടെന്ന് എത്രവട്ടം പറഞ്ഞിട്ടും ‘അത് സാരമില്ല, കാർ യാത്ര അപ്പുവിനിഷ്ടമാണ്, ഞങ്ങളിടക്കിടക്ക് പുറത്ത് പോകാറുള്ളതാണ്’ എന്ന് പറഞ്ഞ് നിർബന്ധപൂർവ്വം അവളെന്നെ കൊണ്ട് വിടുകയായിരുന്നു..

**ഏതോ ഒരു ദിവസം ഒരു ദുസ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നത് പോലെ അമ്മയെന്നെ വാരി പുണർന്നതിന്റെ ചൂടു മാത്രമേ എന്റെ ഓർമ്മയിലുണ്ടായിരുന്നുള്ളൂ. പതിൽക്കാലത്ത് പഠിച്ച് പരീക്ഷയെഴുതി സർക്കാർ ജോലിക്കാരിയായി സ്വന്തമായി വീട് വെച്ച് പുതിയ വീട്ടിലെ ആദ്യത്തെ ദിവസം സന്ധ്യക്ക് വിളക്ക് കൊളുത്തുമ്പോഴാണ് അമ്മ അക്കാര്യമെല്ലാം പറഞ്ഞത്. "അന്ന് നീയങ്ങനെ ചോദിച്ചില്ലായിരുന്നെങ്കിൽ നമ്മളിവിടെ വരെ ഒന്നും എത്തില്ലായിരുന്നു പാർത്ഥി".. "മൃണ്മയിയും അത്തരമൊരു സാഹചര്യത്തിലൂടെയാവും ഇപ്പോൾ കടന്ന് പോവുന്നത്, അങ്ങനെയൊന്നും കെട്ടു പോകുന്ന കനലല്ല അവൾ". അടർന്നു പോയ ഓർമ്മകളെയെല്ലാം അന്ന് പെറുക്കിയെടുത്ത് അടുക്കിവെക്കുന്നതിനിടയിൽ അമ്മ പറഞ്ഞു..**

പുറപ്പെടാനൊരുങ്ങി നിന്ന ബസിലേക്ക് ഓടിക്കയറി ഞാൻ ഒരു സീറ്റിൽ ഇരിപ്പുറപ്പിച്ചു.വഴിതെറ്റി ഓടിക്കയറി വരുന്ന ചിന്തകളൊന്നുമില്ലാതെ മനസ്സ് സ്വതന്ത്രമായിരുന്നു , എന്നാൽ വല്ലാത്തൊരു നിറവ് അനുഭവപ്പെട്ടു. ബസ് അതിവേഗം സഞ്ചരിച്ചു. ഒരിടത്ത് വെച്ച് ഓടിക്കിതച്ച് രണ്ടു പേർ -ഒരു പുരുഷനും സ്ത്രീയും ബസിൽ കയറി.പെട്ടെന്ന് മുന്നോട്ടെടുത്ത ബസിൽ വീഴാനാഞ്ഞ സഖിയെ ശരീരം കൊണ്ട് താങ്ങി അയാൾ സീറ്റിലേക്ക് പിടിച്ചിരുത്തി. കണ്ണുകൾ ചിമ്മി അവരെ നോക്കി ചിരിച്ചു. അപ്പോൾ ആ സ്ത്രീയുടെ കണ്ണുകളിൽ പ്രതിഫലിച്ചത് എന്തായിരുന്നു.? പ്രണയമോ, കരുതലോ, നിറവോ.. എന്റെ സീറ്റിൽ ഒരു മുത്തച്ഛനും പേരക്കുട്ടിയുമിരുന്നിരുന്നു.ആ ദീർഘദൂര ബസിൽ തീർച്ചയായും അവർ എങ്ങോട്ടാണ് ടിക്കറ്റ് എടുത്തിരിക്കുന്നതെന്ന് എനിക്ക് നിശ്ചയമില്ലായിരുന്നു.യാത്രയിലുടനീളം അവനു കാഴ്ചകൾ വിവരിച്ചു കൊടുക്കുകയായിരുന്നു മുത്തച്ഛൻ.അവനാകട്ടെ ചോദ്യങ്ങളുടെ ചുരുളഴിച്ചു കൊണ്ടിരുന്നു.ഒരു തുണി സഞ്ചി അവൻ നെഞ്ചോട് ചേർത്തു പിടിച്ചിരുന്നു.പിന്നെയെപ്പോഴോ അവൻ മുത്തച്ഛന്റെ ചുമലിലേക്ക് ചാഞ്ഞുറങ്ങി.മുത്തച്ഛന്റെ കൈയിൽ പഴയൊരു സൂര്യമാർക്ക് കുടയുണ്ടായിരുന്നു. വിൻഡോ ഗ്ലാസിനോട് കുട ചേർത്ത് പിടിച്ച് തുളച്ചു കയറിയ വെയിലിൽ നിന്ന് പേരക്കുട്ടിയെ പൊതിഞ്ഞു പിടിക്കാൻ ആ വൃദ്ധൻ വൃഥാ ശ്രമിച്ചു കൊണ്ടിരുന്നു.അപ്പോഴും ആ തുണിസഞ്ചി അവൻ മുറുക്കി നെഞ്ചോടടക്കി പിടിച്ചിരിക്കുകയായിരുന്നു.അവനുമാത്രം പ്രിയപ്പെട്ട എന്തോ ഒന്ന് അതിനകത്തുള്ളത് പോലെ. എന്തായിരുന്നിരിക്കുമത്.?

പൊടുന്നനെയപ്പോൾ എനിക്കു ചുറ്റും ജീവിതം മധുരിക്കുന്നതായി തോന്നി. ജീവിതം വന്നെന്നെ പൊതിഞ്ഞു പുണരുന്നത് പോലെ. തുണി സഞ്ചി അടക്കി പിടിച്ച ആ കുട്ടിയെപ്പോലെ, മൃണ്മയിയോടുള്ള പ്രണയം നെഞ്ചോടടക്കി പിടിച്ചിരിക്കുന്നിടത്തോളം കാലം, ഞാൻ സ്വയം മൃണ്മയിയുടെ കാമുകനായിരിക്കുന്നിടത്തോളം കാലം, എനിക്കു ചുറ്റും ജീവിതം മധുരിച്ചുകൊണ്ടേയിരിക്കുമല്ലോ...!

HEDGE BROKERAGE INC.






- Life Insurance with Long Term Care
- Disability Income
- Business Overhead Expense Disability Insurance
- 10 Pay Life Insurance
- Estate Planning
- Advantage Index Universal Life S&P 500
- Life Income Annuity

HEDGE BROKERAGE INC.

1-516-433-4310
hedgebrokerage@gmail.com



കവിത

സീന ശ്രീവത്സൻ

# കാട്ടു പാത

‘ഇത്തിരിക്കൂടി’
കിതപ്പിലും
നിന്റെ വാക്കിന്റെ തെളിച്ചത്തിൽ
ഞാൻ നടന്നുകൊണ്ടിരുന്നു.

ജീവിതത്തിലേയ്ക്കുള്ള വഴി
വളഞ്ഞും പുളഞ്ഞും
ഞങ്ങളോട്
കലഹിച്ചുകൊണ്ടിരുന്നു.

അറിവില്ലായ്മകളെക്കുറിച്ച്
പതം പറഞ്ഞ്
ക്ഷീണമകറ്റി.
കാണാത്തതൊന്നും
കാണേണ്ടെന്നേ
എനിയ്ക്ക് തോന്നിയുള്ളൂ.

അവിടെനോക്കൂ
കിളികൾ
ഇവിടെ മാമ്പഴക്കാലം.
വറ്റാത്ത ചോല,
നീയെന്തൊക്കെയോ
കാണുന്നൂ
കേൾക്കുന്നൂ
മുന്നിലേയ്ക്ക് ഒഴുകുന്നു.

നിന്റെ ലോകത്ത്
കാണുന്ന മായകാഴ്ചകൾ
എന്റേതല്ലെന്നറിയുമ്പൊഴും
പ്രതീക്ഷയുടെ കൊളുത്തിൽ
ഞാനെന്നെ കുരുക്കിയിടുന്നു

കവിത

സോയ നായർ





# തോക്ക് ഒരു ജീവിയാണ്

നല്ല വെയിൽ,
നഗരം കാണാൻ പോയാലോ?

മനസ്സ് കുളിർപ്പിക്കാൻ
ആ പെൻസ് ലാന്റിംങിലൂടെ നടന്നാലോ?

നഗരകാഴ്ചകളിലൂടെ,
അരണ്ട സ്ട്രീറ്റ് വെളിച്ചത്തിലൂടെ,
റെസ്റ്റോറന്റുകളുടെ രുചിമണങ്ങളിലൂടെ
പായും വണ്ടിതിരക്കിലൂടെ
ഇളം കാറ്റേറ്റ്, കൈ കോർത്ത്
എത്ര രാജ്യക്കാർ, എത്ര പ്രായക്കാർ!

ശബ്ദത്തിൽ ചീറിപ്പായും
തോക്കുകളിൽ നിന്നുമുതിരും
ബുള്ളറ്റുകളെ ഭയന്ന്
ആളുകൾ ചിതറിയോടുന്നു,

ഭയം, ആശങ്ക, അഭയം , ഭീതി നിഴലിച്ച
അനേകം മുഖങ്ങൾ
തോക്കിൻ മുനയ്ക്ക് മുൻപിൽ
മരണം കാണുന്നു.

മുന്നിലൂടെ കടന്നു പോകുന്നതെത്ര
ക്ഷണികമായ ജീവിതമെന്നോർത്ത്
ഭീതിയിലാഴുന്നു
ദൃക്സാക്ഷിയായ്

ബുള്ളറ്റുകൾ
തെറിപ്പിക്കുന്ന ചോരച്ചാറലുകൾ
ഓടിപ്പായുന്നവരുടെ
വസ്ത്രങ്ങളെ നിറമണിയിക്കുന്നു

അടുത്ത വെടിയുണ്ടയിൽ എഴുതി വെച്ചവന്റെ
പേരു തേടി ബുള്ളറ്റുകൾ
പറപറക്കുന്നു

തോക്കുധാരികൾ കൈവിട്ട മനസ്സുമായ്
ട്രിഗ്ഗർ പൊയിന്റ് അമർത്തുന്നു, അലറുന്നു

ഒരു ഗൺപോയിന്റിന്റെ മുന്നിൽ
ആയുസ്സ് നീട്ടിക്കിട്ടാൻ
പ്രാർത്ഥനകൾ

ജീവനെടുത്ത് ബുള്ളറ്റുകൾ
മൃതശരീരങ്ങളിൽ
വിശ്രമിക്കുമ്പോൾ
കണ്ണീരിന്റെ പുഴ താണ്ടാൻ
കാലമെത്ര വേണമെന്നറിയാതെ
കുടുംബങ്ങൾ...

മനസ്സ് തെറ്റിയ മനോരോഗജീവികൾ.

അന്യമരണം കണ്ട് ഹരം കൊള്ളുന്ന ,

തോക്ക് ഒരു ജീവിയാണു.
കടിഞ്ഞാണില്ലാത്ത മനുഷ്യരുടെ
കൈകളിൽ മോചനമില്ലാതെ
അകപ്പെട്ട ഒരു ഭയങ്കര ജീവിയാണു

കവിത

ശ്രീലേഖ എൽ കെ



# പ്രണയമിങ്ങനെ പല നിറങ്ങളിൽ

എങ്കിലും ചിലരുണ്ട്
ഓർമതെറ്റ് പോൽ
ഇടയ്ക്കിടയ്ക്ക്
സമ്മതം ചോദിക്കാതെ
പടി കേറി വന്നകത്തിരുന്ന്
കൊട്ടുവാ നേരങ്ങളെ
മെഴുതിരി പോലെ തെളിയിച്ച്
ചത്തു പോകാവുന്ന സമയങ്ങളെ
ഉരുക്കി കളയുന്നവർ.

ചിലരുണ്ട്, രാത്രി സ്വപ്നങ്ങൾ
വലം കാൽ വെച്ചു കയറി
ഒരു ചിരിയിൽ ഊർന്നിറങ്ങി
പുലർകാലങ്ങളെ
സമ്മോഹനങ്ങളാക്കുന്നവർ

പുകവണ്ടി കൂകലു പോലെ
കൗതുകം തന്ന്
പാഞ്ഞു പോയവരും,
ഒരുമിച്ച് ഒരു വേഗത്തിൽ
പോകാമെന്ന് കൂടെ കൂട്ടിയവരും
അത്യുഷ്ണത്തിലേക്ക്
തള്ളിയിട്ടവരുമുണ്ട്

അതിശയക്കടൽ കാട്ടി
അത് പോലൊന്ന് ഉള്ളിലുണ്ടെന്ന്
കടല കൊറിച്ചു പങ്കു വെച്ചവർ
കാലു നനച്ചു തിരകൾ പോലെ
പാഞ്ഞു കേറി തിരികെ മടങ്ങി
കടലിലേക്ക് ചേർന്നവരുമുണ്ട്.

കടപ്പാടുകളുടെ കല്ലുരുട്ടി
മലമുകളിൽ നിന്ന് താഴെക്കിട്ട്
കൈ കൊട്ടി ചിരിച്ചവരുണ്ട്.

പലരുണ്ട്, പലതുണ്ട്
ഓർത്തെടുക്കാൻ കഴിയുന്ന
കാലം വരേയ്ക്കും
ഓർമിക്കുവാൻ

കവിത

അഞ്ജു അജീഷ്



# പാലിന്റെ ചുമപ്പ്

പലകുറി നിശ്വാസമേറ്റ  മങ്ങിയ കണ്ണാടിയിൽ
വിരലുകൾ തെറ്റിച്ചപ്പോൾ തെളിഞ്ഞ
ഞാനെന്ന രണ്ടക്ഷരം,
മാറ്റത്തിന്റെ മാറ്റൊലിക്കായ്
കാതൊന്ന് കൂർപ്പിച്ചപ്പോൾ
എലിയെ പിടിക്കാൻ പതുങ്ങിയ പൂച്ചയുടെ കാലൊച്ചയും,
എലിയുടെ ഉള്ളിലെ ശിങ്കാരിമേളവും കേട്ടു.
പൂച്ചയും എലിയും ഞാനെന്ന വാക്കിൽ കൊമ്പ്
കോർത്തപ്പോൾ,
മീനിന്റെ മണം പിടിച്ചു
വായിലാക്കാനടുത്തതും
വടിവൊത്തരപ്പൂപ്പൻ വടിയുമായെത്തി.
ഭയന്നോടിയ പൂച്ചയ്ക്ക്
എലിയുമില്ല മീനുമില്ല.
വിശന്നവൻ അടുക്കളവാതിൽ കടന്നു.
ചുമന്ന കുപ്പിയിലെ
പാലിന്റെ രുചിയെത്തും മുന്പേ,
നാവ് പൊള്ളി അവശനായ്,
 പാലിന്റെ  ചുമപ്പ് നിറവും ദു:സ്വപ്നമായ് .
കൂർത്ത ചോദ്യമുനകളെ
തടുത്ത ഞാൻ എന്ന പരിചയെ
ഞാനാക്കി മാറ്റാൻ ഞാണിന്മേൽ കളി പലതും കളിച്ചു.
മായാത്ത മഷിയിൽ മനസ്സിൽ കുറിച്ചു
'നിങ്ങളെക്കാൾ മുന്നേ ഞാനെത്തും.'
ട്രാഫിക് ലൈറ്റിൽ ചുമന്ന വെളിച്ചം   മിന്നിയപ്പോൾ
പൂച്ചയ്ക്ക് വല്ലാത്ത വെപ്രാളം .
ഞാണിന്മേൽ കളികൾ
ഓറഞ്ച് ലൈറ്റ് തുപ്പി തെറിപ്പിച്ചു.
പക്ഷേ പൂച്ചയ്ക്ക് നിറം ചോപ്പ് തന്നെ.
ഞാൻ എന്ന ഇരുചക്രം ട്രാഫിക്കിൽ കുരുങ്ങിനിന്നു.
 നിങ്ങളെന്ന മൂന്ന് ചക്രങ്ങളെല്ലാം
ലക്ഷ്യത്തിലേയ്ക്ക് കുതിച്ചു നീങ്ങി.
ഞാനിനെ നിങ്ങളാക്കാൻ
കാൽനടക്കാർ വിളിച്ചു കൂവി.
വണ്ടിക്ക് ചക്രങ്ങൾ കൂട്ടാൻ സഹയാത്രികർ സന്ദേശം
നൽകി.
ചെവിയിലെ ശിങ്കാരിമേളം അവയെ
ചന്ദ്രനിലെന്നപോലെ
വായുവിൽ വിഹരിച്ചവശരാക്കി .
മുറിവേറ്റ കാലുകൾ
മുന്നോട്ടെടുക്കാനാകാതെ
കുതിക്കുന്ന നിങ്ങളെ നോക്കി
പല്ലും ബെല്ലും അമർത്തി
 പൂച്ചയുമെലിയും ഇരുചക്രത്തിൽ
ഇരിപ്പുറപ്പിച്ചു നാളുകളായി.

---

# നഷ്ടപ്പെട്ട ഭാവന

എഴുതാനിനിയെന്തുണ്ട്  ബാക്കി?
എഴുതിയതെല്ലാം എരിഞ്ഞടങ്ങി.
പറഞ്ഞതെല്ലാം പുകച്ചുരുളിൽ,
പറന്നകലും പരിഭവങ്ങളായ്.
മനസ്സിലെ മാന്ത്രിക നിമിഷങ്ങളിനി,
മന്ത്രങ്ങളൊന്നും ഉരുവിടില്ല.
മന്ത്രങ്ങൾ മന്ത്രണമായിനി,
വെളുത്ത പ്രതലങ്ങളിൽ
ഒഴുകിടില്ല.
മന്ത്രങ്ങളിലാത്ത തന്ത്രിയായ്,
മനസ്സിന്റെ മൺച്ചെപ്പിൽ മൗനിയായ്,
മന്ത്രങ്ങളെ കാത്ത് മനയ്ക്കുള്ളിൽ
ഘടികാരസൂചിയൊപ്പം
ചലിച്ചിടുന്നു,
 എൻ വിരലുകളെന്തിനോ വേണ്ടി.
നിനച്ച്  വച്ച  മന്ത്രണങ്ങൾ
ഒലിച്ചു പോയി നൊമ്പരപ്പെയ്ത്തിൽ.
തിരികെ പിടിക്കാൻ
നീന്തിയടുക്കുമ്പോൾ,
ഒഴുകിയകലുന്നു വീണ്ടും.
ആഴമേറും, ചുഴിയിലകപ്പെടാതെ,
തിരികെയെത്താൻ മുറവിളി
ഉയരുന്നു മറുകരയിൽ.
മാന്ത്രിക നിമിഷങ്ങളെ കാത്ത്
വെള്ളക്കടലാസ്സ് ചിറകടിച്ചെത്തി
നോക്കി.
മരവിച്ചടഞ്ഞ മാന്ത്രികപ്പുരയുടെ വാ
തിലിൽ,
വിരലുകൾ മുട്ടി വെറുതെ ,
വ്യാമോഹമെന്നറിയിലും
വിരലുകൾ പതുക്കെ ചലിച്ചു നീങ്ങി.
അക്ഷരക്കൂട്ടങ്ങളൊക്കെ, വരി തെറ്റി,
നിര വിട്ട്
കൈകാലടിച്ച് നില തെറ്റി
പതിച്ചുവാ  നിലയില്ലാകയത്തിൽ.
കാണാമറയത്തെ കൂട്ടകരച്ചിലിൽ,
തെറിച്ചു വീണുവെൻ തൂലികയും.

# കുംഭഭരണിയിലലിഞ്ഞുപോയവൾ



കവിത

നസ്രേത്തിൽ
ജോസ് വർഗ്ഗീസ്



നിറങ്ങളുടെയുത്സവമ്പോലെ സുന്ദരി നീ
നിലങ്ങളുടെചാരുത നിൻ മിഴിക്കവിതയിൽ
നിലാവൊളിതോൽക്കുമാ സുസ്മിതസൗഭഗം,
സൗഭദ്രം എന്നുമെൻ മിഴിക്കുമ്പിളിൽ നിൻ
പ്രണയം, സൗരഭം നിൻ സാമിപ്യം കൂട്ടുകാരി!

ഏതുചുവടുപിഴച്ചാണു വീണതെന്നറിയുവാൻ
ഓർമ്മച്ചെപ്പിലെ കുന്നിമണികളെയെണ്ണുന്നു
ഏതുകവലയിൽതിരിഞ്ഞതെന്നറിയുവാൻ
നിഴലുകൾചിതറിയ ചിത്രങ്ങളെണ്ണുന്നു!

അന്നു നമ്മുടെ അധരങ്ങളിലൊഴുകിയ
നിലാവുപങ്കിട്ട പൗർണ്ണമിരാത്രിയിൽ
നീ അഴിച്ചിട്ട അനുരാഗലോചനം; കൂട്ടുകാരീ,
കവർന്ന കാറ്റിന്റെ പിറകെയോടുന്നു ഞാൻ!

ചെട്ടികുളങ്ങരയിലെ തേരുത്സവങ്ങളുടെ-
ലഹരിയിൽ, ചെങ്കതളിപ്പൂപോലെയുള്ള
നിൻകൈവിരൽ മുറുകെപ്പിടിച്ചുനടന്ന നാളും,
പാഞ്ചാലിയെക്കണ്ടു നീ അടക്കിച്ചിരിച്ചതും
എവിടെപ്പൊഴിഞ്ഞുപോയെന്റെ കൂട്ടുകാരീ?

അമ്പലനടയിലെ അരയാൽവിളക്കിലും
കുപ്പിവളകളുടെ കൂട്ടച്ചിരികൾക്കിടയിലും
കരിമ്പും, ഇഞ്ചിയും, നാരങ്ങയുമൊരുമിച്ചു
മരിച്ചൊഴുകുന്ന ഗന്നാരസ*ത്തിന്റെ രസത്തിലും
ഇനി നിന്നെ തെരെയാനിടമില്ല കൂട്ടുകാരി!

ആരോ അഴിച്ചിട്ട ഒറ്റമണിച്ചിലങ്കയിവിടെ
അതുകെട്ടി ഞാൻ നിനക്കായ് ചുവടുവയ്ക്കാം,
ആരോ തെളിച്ച ആട്ടവിളക്കാടുന്നിവിടെ
ആടാം ഞാൻ നിനക്കായ് നീ പറയും കഥ,
എത്ര ഹർഷാരവങ്ങളിൽ മിഴിനിറഞ്ഞ
മിഴാവിവിടെ വെറിവീണൊരനാഥനെപോലെ
അതു മീട്ടി നിനക്കായ് ഞാൻ കവിത പാടാം!

ഈ നീലരാത്രിതൻനിലാവിന്റെ നിലവറയിൽ
ഏഴുനിലയിൽ പൊട്ടിവിടരുന്ന വിസ്മയം
നിൻമിഴിത്തിളക്കമോളമെത്തില്ല കൂട്ടുകാരീ
ഒരുഗസൽസന്ധ്യയും നിൻമൊഴിയോളവും!

കാലിൽ ചരലുകുത്തുന്നു,
കണ്ണിൽ നിറങ്ങൾ കുത്തുന്നു,
നെഞ്ചിൽ നിൻനിറമിഴികുത്തുന്നു,
കരളിൽ നിൻകണ്മഷി കത്തുന്നു!

ഏതു തേരിലാണു നീ വരുന്നതെന്നറിയാതെ,
ഏതു കുംഭത്തിൽ നീ വരുമെന്നറിയാതെ,
ഏതു വഴിവാണിഭക്കാരുടടുത്തെന്നറിയാതെ
ഞാനോരോതേരിലും നിന്നെ തെരയുന്നു
കൂട്ടുകാരീ, ജന്മാന്തരങ്ങളായ് നിന്നെ തെരയുന്നു

എന്റെ നെഞ്ചിൽനിന്നും കരളിലേക്കും
കരളിൽനിന്നും കണ്ണിലേക്കും കൂട്ടിക്കെട്ടിയ
മാലപ്പടക്കങ്ങൾ, നിൻവിസ്മയത്തുമ്പത്തൊരു
കനലുമായ് നീയെന്നടുത്തു വരൂ കൂട്ടുകാരീ,
ഞാനൊന്നുകത്തി പൊട്ടിത്തെറിക്കട്ടെ
ഞാനൊന്നലറി വെണ്ണീറായ് ത്തീരട്ടെ
നിൻ ശ്വാസമടർന്നുവീണ മണ്ണിലെൻ ശ്വാസം
അടർന്നുവീണു നമുക്കൊരു കാറ്റായ്പ്പറക്കാം!

--------------------

*ഗന്നരസം- ഉത്തരേന്ത്യൻ കരിമ്പിൻനീരു.




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL




**250 രൂപയുമായി പതിനെട്ടു വർഷം മുൻപ് ആരംഭിച്ച കൂൺ കൃഷി ഒരു കോടിയുടെ കച്ചവടത്തിലേക്കു അടുക്കുന്നു . തലപ്പത്തു 'മഷ്റൂം കപ്പിൾ' എന്ന് അറിയപ്പെടുന്ന തങ്കച്ചനും ഷൈജിയും .**

# എരമല്ലൂരിലെ മഷ്റൂം കപ്പിൾ

**◉ ആന്റണി കണയംപ്ലാക്കൽ**



നത്തോലി ഒരു ചെറിയ മീനല്ല . ഫഹദ് ഫാസിൽ ഇരട്ട വേഷത്തിൽ അഭിനയിച്ച 2013 ലെ സിനിമ . കഥയിലേക്ക് പോകുന്നില്ല . ഒന്ന് മാറ്റിപ്പിടിച്ചു കാര്യത്തിലേക്കു പോകാം . നത്തോലിയെ വിട്ടു ഒരു വെജ് ഡിഷിലേക്ക് . കൂൺ അത്ര ചെറിയ കൃഷിയല്ല . 250 രൂപയുമായി പതിനെട്ടു വര്ഷം മുൻപ് ആരംഭിച്ച കൂൺ കൃഷി ഒരു കോടിയുടെ കച്ചവടത്തിലേക്കു അടുക്കുന്നു . തലപ്പത്തു 'മഷ്റൂം കപ്പിൾ' എന്ന് അറിയപ്പെടുന്ന തങ്കച്ചനും ഷൈജിയും . ഭർത്താവ് ഓഫീസിലും കുട്ടികൾ സ്കൂളിലും പോയി കഴിഞ്ഞാൽ ഒരു വീട്ടമ്മക്ക് ഉണ്ടാകുന്ന ഏകാന്തതയിൽ പൊട്ടി മുളച്ചു വളർന്നതാണ് 'കൂൺ ഫ്രഷ്' എന്ന ബ്രാൻഡ് . കറിക്കുള്ള കൂണിൽ നിന്നും വളർന്ന അവരുടെ ഉൽപ്പന്ന നിര നമ്മളെ അതിശയിപ്പിക്കും . കൂൺ മോമോസ് , കൂൺ കട് ലെറ്റ് , കൂൺ സാൻഡ്‌വിച്ചു, കൂൺ ബ്രഡ് റോൾസ് , കൂൺ അച്ചാറുകൾ , കൂൺ ചമ്മന്തി, കൂൺ പായസം, കൂൺ കേക്ക്. തീർന്നില്ല . ഇതാ വരുന്നു പല വിധ രുചി

യിൽ വിറ്റാമിൻ ഉ യും കുത്തി നിറച്ച കൂൺ വിറ്റയും . നിരവധി പഞ്ചായത്ത് തല പുരസ്കാരങ്ങൾ . 2020 ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച കൂൺ കർഷകക്കുള്ള അവാർഡ് ഷൈജിക്കായായിരുന്നു. ഇപ്പോൾ ഇതാ ദേശീയ പുരസ്കാരവും . 'മഷ്റൂം കപ്പിളി'നെ 2024 ലെ രാജ്യത്തെ ഏറ്റവും മികച്ച കൂൺ കൃഷിക്കാരായി ICAR (ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ) ആദരിച്ചു . മലയാളിക്ക് അഭിമാന നിമിഷം .

> **'മഷ്റൂം കപ്പിളി'നെ 2024 ലെ രാജ്യത്തെ ഏറ്റവും മികച്ച കൂൺ കൃഷിക്കാരായി കഋഅഞ ( ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ) ആദരിച്ചു . മലയാളിക്ക് അഭിമാന നിമിഷം .**

കൃഷിയുടെ വിത്തിട്ടത് ആലപ്പുഴ എരമല്ലൂരിലെ വീടിന്റെ ബാൽക്കണിയിൽ 2007 ൽ ആറു കൂൺതടങ്ങളുമായി. കൂൺ കൃഷിയിലേക്കു എത്തിപ്പെടാൻ ഒരു നിമിത്തമായത് കോട്ടയത്തെ താമസത്തിനിടയിൽ ഫ്രൈഡ് റൈസ് ഉണ്ടാക്കാനായി വാങ്ങിയ കൂൺ ബിറ്റ്സും എറണാകുളത്തു പങ്കെടുത്ത കുമരകം കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഡോ . എ . വി . മാത്യൂസിന്റെ കൂൺ കൃഷിയെപ്പറ്റിയുള്ള ക്ലാസ്സുമാണ് . കേരളത്തിലെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യം ഓയിസ്റ്റർ കൂണുകൾ ആണെന്നുള്ള തിരിച്ചറിവും അവർ നേടിയെടുത്തു . മനോരമ ന്യൂസിൽ നിന്നും എച് ആർ ജനറൽ മാനേജർ ആയി റിട്ടയർ ചെയ്ത ടി .ജെ തങ്കച്ചന്റെയും രസതന്ത്രത്തിൽ ബിരുദമെടുത്ത ഷൈജിയുടെയും ഇപ്പോഴത്തെ വാർത്താലോകവും ജീവിതത്തിന്റെ രസക്കൂട്ടും കൂൺ കൃഷിയും അനുബന്ധ മേഖലകളുമാണ് . ഏതു മലയാളിക്കും പ്രത്യേകിച്ച് വീട്ടമ്മമാർക്ക് മാതൃക ആക്കാവുന്ന കപ്പിൾ. ക്ഷമിക്കണം മഷ്റൂം കപ്പിൾ. 250 രൂപ മുടക്കി ആറു കൂൺതടങ്ങളുമായി വീടിന്റെ ബാൽക്കണിയിൽ തുടങ്ങി, ഇന്ന് 6000 തടങ്ങളും 12 ടണ്ണിന്റെ വാർഷിക ഉല്പാദനത്തിലേക്കുള്ള അവരുടെ വളർച്ചയുടെ വഴികൾ അത്ര എളുപ്പമായിരുന്നു എന്ന് കരുതരുത് . തുടങ്ങി കുറച്ചു കാലം കഴിഞ്ഞു കൃഷി പച്ച പിടിച്ചല്ലോ എന്ന് ആശ്വസിച്ചിരുന്നപ്പോൾ ഫങ്കസ് ബാധമൂലം എല്ലാം നശിച്ച ഒരു സങ്കടമുണ്ടായി . ആറു മാസത്തെ കഠിന പ്രയത്നം ഫങ്കസ് കൊണ്ടുപോയത് ഷൈജിയെ മാനസികമായി തളർത്തി. തുടക്കത്തിലുണ്ടായ തിരിച്ചടിയിൽ നിന്നും ഷൈജിയെ പ്രോത്സാഹിപ്പിച്ചു തിരിച്ചു വിജയപാതയിൽ എത്തിച്ചത് തങ്കച്ചൻ കളമശ്ശേരിയിലെ രാജഗിരി സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ നിന്നും നേടിയ എം എസ് ഡബ്ളിയൂവിന്റെ പാഠങ്ങളായിരുന്നു . ഒപ്പം മക്കളായ അന്റോയുടെയും റോസുവിന്റെയും പ്രോത്സാഹനവും. കൂണിന് ആവശ്യമായ ചൂടും തണുപ്പും ഈർപ്പവും നൽകുവാ





നുള്ള വളരെ പ്രായോഗികമായ ഒരു നൂതന രീതി ഫാനിന്റേയും പാഡിന്റെയും രാമച്ചത്തിന്റെയും സഹായത്തോടെ അവർ വികസിപ്പിച്ചെടുത്തത് അഭിനന്ദനാർഹമായ നേട്ടമായി .

തങ്കച്ചന്റെ പിതാവ് തട്ടാരുപറമ്പിൽ മാത്യു ജോസഫ് കൃഷിയിൽ നൂതന രീതികൾ വിജയകരമായി പരീക്ഷിച്ച മാതൃക കൃഷിക്കാരനാണ് . അദ്ദേഹത്തിന്റെ നാമധേയത്തിൽ TMJ ഫുഡ്സ് കമ്പനി രൂപീകരിച്ചു 'കൂൺ ഫ്രഷ്' എന്ന ബ്രാൻഡ് 2010 ൽ തുടങ്ങി. ഇപ്പോൾ സൂപ്പർ മാർക്കറ്റുകളിലും , കേന്ദ്ര സർക്കാറിന്റെ ഓൺലൈൻ ONDC പ്ലാറ്റഫോം ആയ ങ്യൈ്യേല ലും ഗഅആഇഛ , കേരള സ്റ്റാർട്ട് ആപ്പ് മിഷൻ എന്നിവയിലും ഉത്പന്നങ്ങൾ ലഭ്യമാണ് . നിരാശപ്പെടണ്ട ..ആമസോണിലും കൂൺ ഫ്രഷിന്റെ സ്വന്തം പ്ലാറ്റ്ഫോമിലും കൂൺ ഫ്രഷ് ഉല്പന്നങ്ങൾ ലഭിക്കും . ഓൺലൈൻ വ്യപാരത്തിനുള്ള വൈദഗ്ധ്യം ഒപ്പം കൂടിയ മകൻ ആന്റോയുടെ സംഭാവനയാണ് . മാതാപിതാക്കളുടെ കൂൺ കൃഷിക്ക് ഒരു ഹൈടെക് ടച് ആന്റോ വക . വിവാഹശേഷം ഇൻഫോപാർക്കിൽ സീനിയർ സോഫ്റ്റ് വെയർ കൺസൾട്ടന്റ് ആയി ജോലി ചെയ്യുന്ന മകൾ റോസു ആരംഭകാലത്ത് അമ്മക്ക് ടിഷ്യു കൾച്ചർ ചെയ്യാൻ ശക്തമായ പിന്തുണ നല്കിയിരുന്നു. മരുമകൻ ജോർജിന്റെ കഠജ യിലും മാരുതിയിലും ഉള്ള മാർക്കറ്റിംഗ് വൈദഗ്ദ്ധ്യം മറ്റൊരു മുതൽക്കൂട്ട്.അപ്പോൾ നമുക്കു ആ മഷ്റൂം കപ്പിൾ പേരൊന്നു മാറ്റിപ്പിടിക്കാം , മഷ്റൂം ഫാമിലി .

കൂൺ കൃഷിയിൽ താൽപര്യമുള്ളവർക്ക് ആവശ്യമായ പരിശീലനവും കൂൺ വിത്തും ഫാം സെറ്റിംഗും അവർ ഇപ്പോൾ നൽകുന്നു. . കേരള സർക്കാരിന്റെ പതിനായിരം കൂൺ കൃഷിയിടം സംരംഭത്തിനു ഈ പരിശീലനക്കളരിയും അവർ ഡിസൈൻ ചെയ്ത ബയോ ഹൈടെക് ഫാമും അവരുടെതായ ലോകോസ്റ്റ് ഫാമും ലോ ഇൻവെസ്റ്റ്മെന്റ തുടക്കവും തീർച്ചയായും ഒരു മുതൽക്കൂട്ടാകും . പതിനായിരത്തിൽ അധികം ഭാവി കൂൺ കൃഷിക്കാർക്ക് അവർ പരിശീലനം നൽകി കഴിഞ്ഞു. വനിതകളുടെ മുന്നേറ്റത്തിന് കൂടുതൽ ഊന്നലും കരുതലും . . ലാഭത്തിന്റെ നല്ല ഒരു വിഹിതം പരസാഹയത്തിനായും നീക്കി വെച്ചിരിക്കുന്നു . എന്തുകൊണ്ടും മലയാളിക്ക് അനുകരണീയമായ റോൾ മോഡൽ .

> **കൂണിന് ആവശ്യമായ ചൂടും തണുപ്പും ഈർപ്പവും നൽകുവാനുള്ള വളരെ പ്രായോഗികമായ ഒരു നൂതന രീതി ഫാനിന്റേയും പാഡിന്റെയും രാമച്ചത്തിന്റെയും സഹായത്തോടെ അവർ വികസിപ്പിച്ചെടുത്തത് അഭിനന്ദനാർഹമായ നേട്ടമായി .**

വീടിന്റെ ബാൽക്കണിയിൽ നിന്നും നീലാകാശം എത്തിപ്പിടിക്കാനായി എരമല്ലൂരിലെ മഷ്റൂം കപ്പിൾ. ഗുജറാത്തിൽ കോഴിക്കോട്ടുകാരൻ അമൂൽ കുരിയൻ നേതൃത്വം നൽകിയ ധവളവിപ്ലവമാണ് ഷൈജി സ്വപ്നം കാണുന്നത്. മലയാളിക്ക് അതും സാധിക്കും , ഉറപ്പ് . മഷ്റൂം ഫാം ടൂറിസത്തിൽ റിസേർച് ചെയ്ത് ഡോക്ടറേറ്റ് നേടി കൂൺ കൃഷിക്കും അനുബന്ധ വ്യവസായത്തിനും ശാസ്ത്രീയ അടിത്തറ ഉറപ്പിക്കാനും ലോകം മുഴുവനും കൂൺ കൃഷി പ്രചരിപ്പിക്കാനും തങ്കച്ചനും . ഒരു കൂൺ റിസോർട്ടും ആലപ്പുഴയിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു . കൂൺ റിസോർട്ടിൽ അടിച്ചുപൊളിക്കാൻ റെഡി ആയിക്കോളൂ . അപ്പോൾ കൂൺ അത്ര ചെറുതല്ല. മഷ്റൂം കപ്പിളിനു , ഓൾ ദി ബെസ്റ്റ് .

coonfresh124@gmail .com / 9895395021


# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**









**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Service all over USA, Canada & India**



**മദ്ധ്യേഷ്യൻ സ്റ്റെപ്പിയിൽ മൂന്ന് നാടോടികൾ**

*യാത്രാവിവരണം*

**ജി സാജൻ, ബിന്ദു സാജൻ**

*പ്രസാധകർ:*
**ലോഗോ ബുക്സ്**

# രണ്ട് തലമുറകളുടെ വായനാനുഭവങ്ങൾ

**സാജന്റെ ഈ കൃതി തലമുറകളെ ബന്ധിപ്പിക്കാനുള്ള ശക്തിയുള്ളതും, ജീവിതത്തിന്റെ മഹത്തായ പാഠങ്ങൾ പങ്കുവയ്ക്കുന്നതുമായ സന്ദേശങ്ങൾ നിറഞ്ഞതുമാണ്.**

**മോഹനചന്ദ്രൻ**

മധ്യേഷ്യൻ സ്റ്റെപ്പികളിലെ മനുഷ്യരുടെയും, അവരുടെ ജീവിതത്തിന്റെയും സൗന്ദര്യവും, പ്രയാസങ്ങളും അതിജീവനത്തിന്റെ കഥകളിലൂടെ അവതരിപ്പിക്കുന്ന രചനയാണ് ജി സാജൻ രചിച്ച 'മധ്യേഷ്യൻ സ്റ്റെപ്പിയിൽ മൂന്ന് നാടോടികൾ' എന്ന യാത്രാക്കുറിപ്പ്.

വ്യത്യസ്തവും, സമ്പന്നവുമായ അനുഭവങ്ങൾ ഈ പുസ്തകം സമ്മാനിക്കുന്നു. ഓരോ വരിയും മനുഷ്യജീവിതത്തിന്റെ ഏറ്റുപിടിക്കലിന്റെയും, കഠിനമായ പരിസ്ഥിതിയുടെയും പ്രതീകമായി മാറുന്നു.

ഈ പുസ്തകം വായിച്ചുതീരാൻ കുറച്ചു പേജുകൾ മാത്രം ബാക്കിയുള്ളപ്പോൾ അതിന്റെ അവസാനത്തെ പുറവും വായിക്കാനുള്ള ആകാംക്ഷയിലായിരുന്നു ഞാൻ. അവസാന അദ്ധ്യായം വായിക്കുന്നതിനിടെ, പുസ്തകത്തിൽ ഞാൻ വച്ച അടയാളത്തിന് പുറമേ മറ്റൊരു അടയാളവും കൂടി കാണുകയുണ്ടായി. ഇതാരുടേതാവാം എന്ന കൗതുകം തോന്നിയപ്പോഴാണ് മകൻ മിഥുന്റെ വായനയുടെ അടയാളമാണെന്നു തിരിച്ചറിയുന്നത്. അത് എനിക്ക് ഒരു കൗതുകം മാത്രമല്ല, അഭിമാനം തുളുമ്പുന്ന അനുഭവവുമായിരുന്നു.

മിഥുൻ, നാടോടികളുടെ കഥകളോട് താൽപര്യമുൾക്കൊണ്ട്, ഈ പുസ്തകം ആഴത്തിൽ ആസ്വാദിച്ചുകൊണ്ടുള്ള ഒരു വായന നടത്തിയതും മനസ്സിലാക്കി. മധ്യേഷ്യൻ സ്റ്റെപ്പികൾ മാത്രമല്ല, തലമുറകളെ ബന്ധിപ്പിക്കുന്നതിൽ ഈ പുസ്തകം വഹിക്കുന്ന ദൗത്യത്തെ പ്പറ്റി ആഴത്തിൽ ചിന്തിക്കാൻ എന്നെ ഇത് പ്രേരിപ്പിച്ചു.

ഈ നാടോടികളുടെ പ്രാചീന ജീവിതം പെട്ടെന്നു കണ്ടാൽ സഞ്ചാരകഥകളുടെ അനുഭവങ്ങളായിരിക്കാമെങ്കിലും, സാജന്റെ രചന അതിനെ അത്യന്തം പ്രസക്തമാക്കുന്നു. മനുഷ്യനും, പരിസ്ഥിതിയും തമ്മിലുള്ള ബന്ധവും, പാരിസ്ഥിതിക സംരക്ഷണവും, സാംസ്കാരിക പാരമ്പര്യങ്ങളോടുള്ള ചട്ടക്കൂടുകളും എല്ലാം ഈ കൃതിയുടെ കേന്ദ്രബിന്ദുവാണ്. മിഥുന്റെ തലമുറയെ പോലെ സാങ്കേതികതയുടെ ചുറ്റുപാടിൽ വളർന്നുവരുന്ന പുതിയ തലമുറയ്ക്ക്, പാരമ്പര്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയാനും, പ്രകൃതിയോട് അടുക്കുന്ന ബന്ധത്തിന്റെ മഹിമ തിരിച്ചറിയാനും ഈ പു

സ്തകം സഹായകമാകുമെന്ന് എനിക്കു തോന്നുന്നു. മിഥുനിൽ നിന്നു ഞാൻ ഒരു പുതിയ വീക്ഷണമുറ ദർശിച്ചു. സാജന്റെ രചന തലമുറകളെ ബന്ധിപ്പിക്കുന്ന ഒരു പാലമായാണ് ഞാൻ കാണുന്നത്.

ഈ പുസ്തകത്തിൽ മധ്യേഷ്യൻ സ്റ്റെപ്പികളുടെ ഗ്രാമങ്ങൾ, മരുഭൂമികൾ, നദീതടങ്ങൾ എന്നിവ നിറഞ്ഞു നിൽക്കുന്നു. കഥകൾ പ്രകൃതിയുടെയും, മനുഷ്യരുടെയും നിസ്സാരതയും, കരുണയുമൊന്നിച്ചൊരു ദർശനമായി കൊണ്ടുവരുന്നു. പ്രാചീനമായതും, സമകാലീനമായതുമായ അനുഭവങ്ങളെ വായനക്കാർക്ക് മനോഹരമായി അനുഭവപ്പെടാൻ കഴിയുന്ന തരത്തിലുള്ള രചനകളായാണ് സാജൻ അവതരിപ്പിക്കുന്നത്. പുസ്തകത്തിൽ പ്രതിപാദിക്കുന്ന പ്രത്യയശാസ്ത്രം, അനുഭവങ്ങളിലൂടെയും, പാഠങ്ങളിലൂടെയും പുതിയ തലമുറയ്ക്ക് പ്രചോദനമാകുന്ന വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. മിഥുനിന്റെ അടയാളം കണ്ടപ്പോൾതന്നെ പുസ്തകത്തിന്റെ കാലാതീതമായ പ്രസക്തി എനിക്ക് മനസ്സിലാക്കി.

യാത്രാ കഥകളിൽ സാജന്റെ സാങ്കേതിക മികവ് കാണാവുന്നതാണ്. ''സ്ലോ ജേർണി'' എന്ന ആശയം അദ്ദേഹത്തിന്റെ രചനയിൽ കൂടുതൽ വീക്ഷണാശയങ്ങൾക്കും, അഗാധാനുഭവങ്ങൾക്കുമുള്ള ഒരു പാരമ്യമായി മാറുന്നു. അനിശ്ചിതത്വത്തിന്റെ സൗന്ദര്യം അനാവരണം ചെയ്യുകയും, അജ്ഞാതാനുഭവങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്ന ശൈലിയിലൂടെ പുസ്തകം വായനക്കാരനെ ആകർഷിക്കുന്നു. ജീവിതത്തിലെ കടമ്പകളെയും, പ്രതിസന്ധികളെയും നേരിടാനും, അതിനുള്ളിൽ നിന്നും പഠിക്കാനുമുള്ള സന്ദേശമാണ് സാജന്റെ കൃതി പങ്കുവയ്ക്കുന്നത്.

ഈ പുസ്തകം ധാരാളം ആശയങ്ങൾ പ്രചോദിപ്പിക്കുകയും, പുതിയ തലമുറയെ ആന്തരിക ബോധ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അപരിചിതരായ വഴികാട്ടികളുടെയും, മനുഷ്യന്റെ കൂട്ടായ്മയുടെയും പ്രാധാന്യവും മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. ''ലോകാ സമസ്താ സുഖിനോ ഭവന്തു'' എന്ന പരമ്പരാഗത ധ്വനിയും ഈ പുസ്തകത്തിൽ മനോഹരമായി വീണ്ടെടുക്കുന്നു. പാരിസ്ഥിതികത്തിന്റെ ദാർശനികതയും, മനുഷ്യജീവിതത്തിന്റെ ഗഹനതയും ലളിതമായി രചനയിൽ കോർത്തിണക്കിക്കൊണ്ട് സാജൻ ഈ കൃതിയെ വളരെ മനോഹരമാക്കുന്നു.

നടന്നുപോയ അനുഭവങ്ങൾ പങ്കുവെക്കുമ്പോൾ മിഥുൻറെ വായന വ്യക്തിത്വവികാസത്തിനും, ജീവിതത്തിലേക്കുള്ള ദർശനപരമായ സമീപനങ്ങൾ മെച്ചപ്പെടുത്താനും സഹായിക്കുന്നതായാണ് ഞാൻ മനസ്സിലാക്കിയത്. മിഥുന് ഈ പുസ്തകം പഠനമേഖലയിൽ മാത്രമല്ല, ജീവിതത്തിൽ സമർപ്പണബോധവും, പ്രചോദനവും നൽകും.

സാജന്റെ ഈ കൃതി തലമുറകളെ ബന്ധിപ്പിക്കാനുള്ള ശക്തിയുള്ളതും, ജീവിതത്തിന്റെ മഹത്തായ പാഠങ്ങൾ പങ്കുവയ്ക്കുന്നതുമായ സന്ദേശങ്ങൾ നിറഞ്ഞതുമാണ്. പുതിയ തലമുറയ്ക് ഏറെ പ്രചോദനമാകുന്ന ഈ യാത്രക്കുറിപ്പിലുള്ള മഹത്തായ സന്ദേശങ്ങൾ വ്യക്തിത്വവികാസത്തിനും, ജീവിതാനുഭവങ്ങളുടെ ഗാഢമായ ബോധ്യത്തിനും സഹായകമായിത്തീരുന്നു. ഓരോ അനുഭവവും, ഓരോ തിരിച്ചറിവും അവർക്ക് ലോകത്തെ വ്യത്യസ്തമായ ദൃശ്യം കാണിക്കുകയും, ഉൾക്കൊള്ളാൻ അവസരമൊരുക്കുകയും ചെയ്യുന്നു.

ജീവിതം എല്ലായ്പ്പോഴും കൃത്യമായ വശങ്ങളിലേക്കു പോവില്ല. കുതിരപ്പുറത്ത് ചാടിക്കയറുന്ന ബിന്ദുവിന്റെ ഉദാഹരണത്തിൽപോലെ, നമുക്ക് ചുറ്റുമുള്ള സ്ഥിതിഗതികൾ തികച്ചും മാറാം. എന്നാൽ, അത് പിടിച്ചുകയറി നേരിടാൻ ആവേശമുണ്ടായിരിക്കണം.

നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് എല്ലാം മുൻകൂട്ടി കരുതാനാവില്ല. ചിലപ്പോൾ പ്രതിസന്ധികളും, അനിശ്ചിതത്വങ്ങളും നേരിടേണ്ടിവരും. എന്നാൽ അത്തരം സന്ദർഭങ്ങളിൽ നിശ്ചയദാർഢ്യം കൈവിടാതെ മുന്നോട്ടുപോകുന്നതാണ് വിജയത്തിന്റെയും, ജീവിതപാഠത്തിന്റെയും അടിസ്ഥാനം. പ്രതിസന്ധികളിൽ പതറാതെ, കഠിനമായ തീരുമാനങ്ങൾ എടുക്കാൻ കഴിവുണ്ടെങ്കിൽ, അവ ഏതാനും തെറ്റുകളുണ്ടാക്കുന്നുവെങ്കിലും അവ നമ്മെ ശക്തമാക്കും. ഓരോ തീരുമാനവും ശരിയായോ, തെറ്റായോ എന്ന് ജീവിതം മാത്രം തെളിയിക്കും. അതിനാൽ നമുക്ക് ഉറച്ച മനസ്സോടെ അത് സ്വീകരിക്കാനും, വിജയത്തിൽ അഭിമാനിക്കാനും, പരാജയത്തിൽ പാഠം പഠിക്കാനും മനസ്സുണ്ടായിരിക്കണം.

അനിശ്ചിതത്വം ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കുകയും, അത് പുതിയ അവസരങ്ങളായി കാണാൻ കഴിയുന്ന മനോഭാവം മെച്ചപ്പെടുത്തുകയും വേണം. ഇതെല്ലാം പുതിയ തലമുറയ്ക്ക് മുന്നിൽ ആത്മവിശ്വാസവും ജീവിതത്തിൽ മുന്നോട്ടുപോകാനുള്ള ധൈര്യവും നൽകുന്ന സന്ദേശങ്ങളായി കാണാം.

സാജന്റെ ആഖ്യാനങ്ങളിൽ അതിസുന്ദരമായ ഗദ്യശൈലിയും, കവിതാസമാനമായ രചനാപാടവവും നമുക്ക് കാണാൻ കഴിയും. കൃതിയുടെ ദൈർഘ്യത്തെ മറന്നു വായനയിൽ മുഴുകാൻ ഇരുപത് വയസ്സുകാരനും അതുപോലെ എൺപത് വയസ്സുകാരനും ഒന്നുപോലെ ആസ്വദിക്കാൻ പറ്റുന്ന കഥാശൈലി എടുത്തുപറയേണ്ടതാണ്. കഥയിലെ പ്രമേയങ്ങളും, ആവിഷ്കാരവും എല്ലാത്തരം വായനക്കാരെയും കൈകോർക്കുന്നു. കഥയിൽ ഒരുപക്ഷേ വ്യക്തിഗത അനുഭവങ്ങളുമായോ ചിന്തകളുമായോ ഒരു ബന്ധം നമുക്ക് കണ്ടെത്താനും കഴിഞ്ഞേക്കാം. ഈ രചനയുടെ ഉള്ളടക്കത്തിന്റെ കാലാതീതമായ പ്രാധാന്യമാണ് അതിനെ പല തലമുറകളിലേക്കും കൈമാറുന്നത്. ഓരോ വായനക്കാരനും അതിന്റെ അടിത്തറയിൽ തങ്ങൾക്കായി ഒരു ലോകം കണ്ടെത്തുന്നു.






*ബാലസാഹിത്യം - നോവൽ*

**പരൽമീനുകൾ കളിക്കുന്ന തോട്ടുവക്കത്തെ വീട്**

**ബാബു ഇരുമല**

*പ്രസാധകർ* - **ഗ്രീൻ ബുക്സ്**

# കോതമംഗലത്തെ കുട്ടിക്കഥ

**'പരൽമീനുകൾ കളിക്കുന്ന തോട്ടുവക്കത്തെ വീട്' എന്ന നൊസ്റ്റാൾജിയ കലർന്ന ഈ നോവൽ ബാലസാഹിത്യത്തിൽ പുതുമാനവും വ്യത്യസ്ത അനുഭവവും തരുന്നു**

**◉ ഒ.എം. യൂസഫ്**

മദ്ധ്യവേനൽ അവധിക്കാലത്ത് അമ്മവീട്ടിലെത്തിയ ചെറുമക്കളുമായി സംവദിക്കുമ്പോൾ ബാബുവിന്റെ സർഗചേതനയിൽ രൂപപ്പെട്ട സുതാര്യമെങ്കിലും, സസ്പെൻസിന്റെ മേമ്പൊടി ചേർന്ന ഒരു തീമാററിക് സംരംഭമാണ് 'പരൽമീനുകൾ കളിക്കുന്ന തോട്ടുവക്കത്തെ വീട്'. ഒമ്പതും ഏഴു വയസുള്ള നേതനും നേഹയും, മുതിർന്നവരേക്കാൾ ധിഷണാബോധം പ്രകടിപ്പിക്കുന്ന ക്രിയാത്മക കഥാപാത്രങ്ങളായി പന്ത്രണ്ട് കുഞ്ഞൻ എപ്പിസോഡുകളിൽ നിറഞ്ഞു നിൽക്കുന്നു.

കാക്കനാട് പടമുഗളിലെ സർവസൗഭാഗ്യങ്ങളും എന്റർടെയ്ൻമെന്റ് ഫെസിലിറ്റികളും നിറഞ്ഞ വില്ലയിലെ ജീവിതവിരസതയിൽ നിന്നുമൊരു ബ്രേക്കെടുക്കാൻ ഇരുവരും കോതമംഗലത്തുള്ള അമ്മമ്മ വീട്ടിൽ റിലാക്സേസേഷനു വേണ്ടിയെത്തുമ്പോൾ കാക്കനാടു നിന്നും കൂടെകൂട്ടിയ അപ്പുവെന്ന തമിഴ് ബാലന്റെ സന്തത സാന്നിദ്ധ്യം കൗതുകകരമായ സാഹസാനുഭവങ്ങളിലേക്ക് ഇരുവരെയും കൂട്ടിക്കൊണ്ടു പോകുന്നു.

അയൽപക്കത്തെ വീട്ടിൽ അടിമച്ചെക്കനെപ്പോലെ തളച്ചിടപ്പെട്ട്, ബാലവേലയുടെ നൊമ്പരങ്ങളിലൂടെ, മാതാപിതാക്കളുടെ ലാളനയേൽക്കാതെ കൗമാരം ബലിയർപ്പിക്കേണ്ട ദുർവിധിയിൽ ബന്ധനസ്ഥനായിപ്പോയ അപ്പു എന്ന മുരുകനെ ജീവകാരുണ്യ സാന്ത്വനത്തിന്റെ നിലാവെളിച്ചത്തിലേക്ക് സാഹസികമായി കൂട്ടിക്കൊണ്ടു പോകുന്നത് നേതനും നേഹയും ചേർന്നാണ്.

അപ്പുവിനെ അക്കോമഡേറ്റുചെയ്യാനുള്ള അവരുടെ ബാലധീരതയുടെ രസാനുഭവങ്ങൾ കോർത്തിണക്കി 12 അദ്ധ്യായങ്ങളിലൂടെ അങ്ങിങ്ങു മുഖം കാട്ടി കടന്നുപോകുന്ന അനു അമ്മയും, അമ്മമ്മയും, ബെന്നിച്ചാച്ചനും, സുമയാന്റിയും, സീറച്ചേച്ചിയും, ലിസിച്ചേച്ചിയും, സൂസിയമ്മയും, ബേസിൽ അങ്കിളും, ശെൽവിയെന്ന അപ്പുവിന്റെ അമ്മയും, ഗോമതിയക്കയും, മന്ത്രവാദിയായ ക്രൂരനങ്കിളും, കറുമ്പി സുന്ദരി മദാമ്മ എന്നീ മൂന്നു പിടക്കോഴികളും,

ജാക്കിയെന്ന കുള്ളനും കുസൃതിയുമായ ഡാഷ്ഹൗണ്ട് നായക്കുട്ടിയും, ചക്കിയെന്ന തടിച്ചിവെളുമ്പിപ്പൂച്ചയുമൊക്കെ കഥയിലങ്ങിങ്ങ് പ്രത്യക്ഷപ്പെട്ട് അവരുടേതായ സാന്നിദ്ധ്യമറിയിക്കുന്നുണ്ട്.

'കരുതൽ' എന്ന രണ്ടാം അദ്ധ്യായത്തിൽ തുടങ്ങുന്ന നേതന്റെയും നേഹയുടെയും സാഹസസഞ്ചാരങ്ങൾ പെടാപ്പാട്, മൂവർ സാഹസം, വിചാരണ, പ്രതീക്ഷ, കൂവൽ, പാതിരാക്കോഴി, ഞാണിന്മേൽക്കളി, കൂടിയാലോചന, ഓപ്പറേഷൻ ഡാർക്ക്, ഇരട്ടി മധുരം എന്നീ അദ്ധ്യായങ്ങളിലൂടെ കയറിയിറങ്ങി അപ്പുവിന്റെ മാതൃസംഗമത്തിലും ബർത്ത്ഡേ പാർട്ടി യിലെ കേക്കുമുറിക്കലിലും ജവഹർ തീയേറ്ററിലെ 'ആടുജീവിതം' സെക്കന്റ് ഷോയ്ക്കുള്ള ഓൺലൈൻ ടിക്കറ്റ് ബുക്കിങ്ങിലും പൂവൻകോഴിയായി മാറിയ കറുമ്പിയുടെ റീഹാബിലിറേഷനിലും ചെന്നവസാനിക്കുമ്പോൾ, കോതമംഗലത്തെയും, ഇരുമലപ്പടിയിലെയും ഒക്കെ തനതു ക്രിസ്തീയ കുടുംബക്കൂട്ടായ്മയുടെ രസാവഹങ്ങളായ കൊച്ചുകൊച്ചു സന്തോഷ നിമിഷങ്ങളെ മിഴിവാർന്ന വർണങ്ങളിൽ ചാലിച്ച മറിയം ജാസ്മിൻ എന്ന യുവചിത്രകാരിയുടെ 14 കളർ ഇലസ്ട്രേഷനുകൾ കഥാഗതിയുടെയും ഉള്ളടക്കത്തിന്റെയും ചാരുതക്ക് വശ്യമാനം പകരുന്നു.

**രാവുകൾ തോറും വമ്പൻകാറുകളും ആൾക്കാരും വന്നു പോകുന്ന പടമുഗളിലെ വീടും, മന്ത്രവാദിയണ്ണനുമൊക്കെ, ഉപരിവർഗ വിളയാട്ടങ്ങളുടെ നിഗൂഢവ്യാപാരങ്ങളിലേക്ക് തെല്ലു വെളിച്ചം വീശുന്നുണ്ടെങ്കിലും, അവിടങ്ങളിലൊക്കെ പതിയിരിക്കുന്ന ബാലാവകാശലംഘനങ്ങളുടെയും, ബാലവേലയുടെ പിന്നാമ്പുറങ്ങളുടെയും മങ്ങിയ ഫ്രെയിമുകളിലേക്ക് കൗമാരമനസുകൾ ആകാംക്ഷയോടെ എത്തിനോക്കുന്നതും അതിവിദഗ്ധമായിട്ടാണ് ബാബു വരച്ചുചേർത്തിരിക്കുന്നത്.**

നീണ്ട ഏഴു മാസങ്ങൾക്കു ശേഷം കണ്ടുമുട്ടുന്ന അമ്മയുടെയും മകന്റെയും ഹൃദയസ്പന്ദനങ്ങൾ, തമിഴ് പേച്ചിന്റെ അകമ്പടിയോടെ 'ഇരട്ടി മധുരം' എന്ന അവസാന അദ്ധ്യായത്തിൽ അതീവഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്നു. രാവുകൾ തോറും വമ്പൻകാറുകളും ആൾക്കാരും വന്നു പോകുന്ന പടമുഗളിലെ വീടും, മന്ത്രവാദിയണ്ണനുമൊക്കെ, ഉപരിവർഗ വിളയാട്ടങ്ങളുടെ നിഗൂഢവ്യാപാരങ്ങളിലേക്ക് തെല്ലു വെളിച്ചം വീശുന്നുണ്ടെങ്കിലും, അവിടങ്ങളിലൊക്കെ പതിയിരിക്കുന്ന ബാലാവകാശലംഘനങ്ങളുടെയും, ബാലവേലയുടെ പിന്നാമ്പുറങ്ങളുടെയും മങ്ങിയ ഫ്രെയിമുകളിലേക്ക് കൗമാരമനസുകൾ ആകാംക്ഷയോടെ എത്തിനോക്കുന്നതും അതിവിദഗ്ധമായിട്ടാണ് ബാബു വരച്ചുചേർത്തിരിക്കുന്നത്.

അടിമജീവിതത്തിന്റെ നിത്യപീഢകളിൽ നിന്നും കൗമാരസ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിലേക്ക് അപ്പുവെന്ന മുരുകനെ കാറിന്റെ ഡിക്കിയിലടച്ചുപൂട്ടി രക്ഷപ്പെടുത്തി കൊണ്ടു പോകുവാൻ ധൈര്യംകാട്ടിയ നേതനും നേഹയും വർത്തമാനകാലത്തിലെ ന്യൂജെൻ ബാല്യത്തിന്റെ ഒളിമങ്ങാത്ത തേജസ്വരൂപങ്ങളാണ്.

മുക്കാൽഗ്ലാസ് വെള്ളം കുടഞ്ഞ് കറുമ്പിപ്പിടക്കോഴിയെ പൂവനാക്കി മാറ്റി, പാതിരയക്കു കൂവിക്കുന്ന അപ്പുവിന്റെ മന്ത്രവിദ്യയും, കോഴിയുമായി മൂവരും തങ്ക ഉത്തുനിന്നും ഇരുമലപ്പടിയിലേക്കു നടത്തുന്ന പാതിരായാത്രയും, എച്ചിത്തൊണ്ടു കഴിഞ്ഞുള്ള പോലീസ് ജീപ്പിന്റെ വരവും, ആസന്ദിഗ്ഘട്ടം മൂവരും സോൾവു ചെയ്യുന്ന രീതിയുമൊക്കെ കഥയുടെ ഒഴുക്കിന് ഊർജം പകരുന്നുണ്ട്.

ബാബുവിന്റെ ക്രാഫ്റ്റിലെ എടുത്തു പറയേണ്ട മറ്റൊരുചാരുത, എപ്പിസോഡുകളിൽ ഉപയോഗിച്ചിരിക്കുന്ന കോതമംഗലം സ്ലാങ്ങ് ആണ്. പിന്നെ കുറിക്കു കൊള്ളുന്ന ചില പ്രയോഗങ്ങളും.

പിടക്കോഴി കൂകിയാൽ അതിനെ വളർത്തുന്ന വീടു നശിക്കുമെന്ന് കേട്ടിട്ടുണ്ടെന്ന് പറയുന്ന സുമ ആന്റി, ഹോർമോൺ ചെയിഞ്ചുമൂലം പിടക്കോഴി പൂവനായി തീരുമെന്നതിനെക്കുറിച്ച് ഗൂഗിളിൽ പ്പരതുന്ന ബെന്നിച്ചായൻ, റോബോട്ടുകൾ അമ്മമ്മയെ വീട്ടുജോലികളിൽ സഹായിക്കുവാനുള്ളതാണ് എന്നാണ് വയ്പ്പ്. ഒരോ റോബോട്ടിനെ കൊടുക്കുമ്പോഴും അമ്മമ്മ പ്രതിഫലമായി ഞങ്ങളുടെ കാശുകുടുക്കയിൽ നോട്ടു നിക്ഷേപിക്കുന്ന പതിവുണ്ട്.

യാത്രകളിൽ കുട്ടികൾ മനസിലുറപ്പിക്കുന്ന സ്ഥലനാമങ്ങളും, ലൊക്കേഷനുകളും പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. നേതനും നേഹക്കും കാണാപാഠമാണ് ചില റൂട്ടുകൾ. 'ഞങ്ങൾ ഗേറ്റ് കടന്ന് മെയിൻ റോഡിലൂടെ, റേഡിയോ നിലയം – ബിഎംസി – വള്ളത്തോൾ നഗർ വഴി – കങ്ങരപ്പടി പള്ളിയുടെ മുന്നിൽ എത്ത വെ..' ബൈപാസ് കഴിഞ്ഞ് തങ്കളം ജങ്ഷൻ, രാത്രി തുറക്കുന്ന കുഴിമന്തി ഹോട്ടൽ, ടെലഫോൺ എക്സ്ചേഞ്ച്, തൃക്കാരിയൂർ റോഡ്, എച്ചിത്തൊണ്ട്, നെല്ലിക്കുഴി, ഇരുമലപ്പടി എന്നിങ്ങനെ യാത്രകൾ ബാലമനസിന്റെ മെമ്മറിയിൽ മുദ്ര ചാർത്തുന്ന അസാമാന്യ വിവരശേഖരണ പ്രക്രിയയും കുട്ടികളുടെ ഈ നോവലിലുണ്ട്.

ആകെക്കൂടി നോക്കുമ്പോൾ കോലൈസ്, ഇഗ്നേഷ്യസ് പരസ്യം തേടുന്നു, നാല് 56ന്റെ ചാല്, റോസാപ്പൂക്കണ്ടം, നിറങ്ങൾ വേണ്ടെന്നു പറഞ്ഞവർ...തുടങ്ങി ബാബുവിന്റെ മിക്ക കൃതികളുടെയും വിചിത്രമായ തലക്കെട്ടുകൾക്കൊപ്പം 'പരൽമീനുകൾ കളിക്കുന്ന തോട്ടുവക്കത്തെ വീട്' എന്ന നൊസ്റ്റാൾജിയ കൂടെ ചേരുമ്പോൾ കുട്ടികളുടെ ഈ നോവൽ ബാലസാഹിത്യത്തിൽ പുതുമാനവും വ്യത്യസ്ത അനുഭവവും തരുന്നുവെന്ന് നിസ്സംശയം പറയാം.

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION

& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**






# ജീവിതം നട്ടുനനച്ച ഭിഷഗ്വരൻ

**കേരളത്തിലെ ആദ്യത്തെ വൃക്കമാറ്റശസ്ത്രക്രിയ , ആദ്യ സമ്പൂർണ ഡയാലിസിസ്,' വൃക്കപഠനം' കേരളത്തിൽ നട്ടു നനച്ചു ഒപ്പം നിന്ന് വളർത്തിയതിന്റെ അമ്പതാം വർഷം. ആ കേസ് ഡയറി ഡോ. തോമസ് മാത്യു നമുക്കായി കുറിക്കുന്നു , 'എന്റെ ജീവിതം നിറയെ , ഒരു നെഫ്രോളജിസ്റ്റിന്റെ ആത്മകഥ' യിൽ.**


**ആന്റണി കണയംപ്ലാക്കൽ**

'ഡോ. തോമസ് മാത്യു . മാവേലിൽ' . അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ ഒരു അത്യാഡംബര വീടിന്റെ ഗേറ്റിൽ ഈ നെയിം പ്ലേറ്റ് കാണാൻ ഇടയാകാത്തതിൽ മലയാളിക്ക് പെരുത്ത സന്തോഷം . എം.ഡി. കഴിഞ്ഞപ്പോൾ ന്യൂ ജേഴ്സിയിലെ ആശുപത്രിയിൽ ജോലിയോടൊപ്പം ഗവേഷണ സൗകര്യവും ഉൾപ്പെടുത്തി അപ്പോയ്ന്റ്മെന്റ് ഓർഡർ ലഭിച്ചു . 'അപ്പോൾ സായിപ്പിനെ ചികിൽസിക്കാൻ മാത്യു പോയാൽ ഇവിടുത്തുകാരെ ആരു നോക്കും' . തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മുതിർന്ന ഡോക്ടർ ഡോ . കെ .എൻ . പൈയുടെ ചോദ്യം . വർഷം 1972 . ഡോ . തോമസ് മാത്യു പോയില്ല എന്ന് മാത്രമല്ല ആ തീരുമാനം ശരിയായിരുന്ന എന്ന് ഇന്നും പൂർണമായി കരുതുന്നു . അമേരിക്കയിൽ പണി



കിട്ടിയിട്ട് പോകാത്ത ഒരാളെ ഞാൻ ആദ്യം കാണുകയാണ് . അമേരിക്കക്കുള്ള വിമാനം പിടിച്ചിരുന്നെങ്കിൽ കേരളത്തിലെ ആദ്യത്തെ 'നെഫ്രോളജിസ്റ്റ് ' ആയി ഡോക്ടർ ഇവിടെ വൈദ്യരംഗത്തു നടത്തിയ അസാധരണമായ സംഭാവനകൾ നമുക്ക് നഷ്ടമായേനെ . കേരളത്തിലെ ആദ്യത്തെ വൃക്കമാറ്റശസ്ത്രക്രിയ, ആദ്യ സമ്പൂർണ ഡയാലിസിസ്, 'വൃക്കപഠനം' കേരളത്തിൽ നട്ടു നനച്ചു ഒപ്പം നിന്ന് വളർത്തിയതിന്റെ അമ്പതാം വർഷം. ആ കേസ് ഡയറി ഡോ . തോമസ് മാത്യു നമുക്കായി കുറിക്കുന്നു , 'എന്റെ ജീവിതം നിറയെ , ഒരു നെഫ്രോളജിസ്റ്റിന്റെ ആത്മകഥ' . നൂറ്റിഅറുപതു പേജിൽ അമ്പതു വർഷം വൈദ്യരംഗത്തിനു നൽകിയ അനന്യമായ സംഭാവനകളും എൺപതുവര്ഷത്തെ ജീവിത വഴിത്താരയിലെ വിജയരഹസ്യങ്ങളും .

സാധാരണക്കാരും, വിദ്യാർത്ഥികളും പ്രത്യേകിച്ച് വിവിധ മെഡിക്കൽ മേഖലയിൽ പഠിക്കുന്നവരും പോകാൻ താൽപര്യമുള്ളവരും, അവരുടെ മാതാപിതാക്കൾ , മറ്റു യുവജനങ്ങൾ മാത്രമല്ല ഡോക്ടർമാരും വായിച്ചിരിക്കേണ്ട പുസ്തകം . വായനാസുഖമുള്ള രചന. രോഗികളെ നോക്കേണ്ട രീതി ഡോ . തോമസ് മാത്യു നിർദേശിക്കുന്നത് , ഏതോ സിനിമയിൽ പറയുന്ന പോലെ , 'ചോദിച്ചു ചോദിച്ചു പോകണം' എന്നാണ് . അതുതന്നെയാണ് അദ്ദേഹം സ്വീകരിച്ച എഴുത്തു ശൈലിയും . അങ്ങനെ പോയവർക്കും പോകാത്തവർക്കും ആ പോക്കിന്റെ ഗുട്ടൻസ് പിടികിട്ടും . ഞാനും പോയിട്ടുണ്ട് .




കാലക്രമം അനുസരിച്ചുള്ള വിവരണം . ആലപ്പുഴ (ജനനം ) കോഴിക്കോട് (എം. ബി. ബി .എസ് ) തിരുവനന്തപുരം (എം. ഡി ) ചാണ്ഡിഗർ (ഡി. എം) വഴി കോഴിക്കോട്ടു കൊട്ടാരം റോഡിലെ ( അതെ, മലയാളിയുടെ പ്രിയ കഥാകാരൻ എം .ടി . വാസുദേവൻ നായരുടെ 'സിതാര'യുടെ രണ്ടു വീട് അപ്പുറത്തു 'മാവേലിൽ' വരെയും തുടർന്നുമുള്ള ജീവിതവും സംഭവങ്ങളും എത്ര മനോഹരമായാണ് വിവരിച്ചിരിക്കുന്നത്. ഡോക്ടർമാരുടെ കുറിപ്പടി വായിക്കാനുള്ള ബുദ്ധിമുട്ട് നമ്മൾ തമാശ ആക്കാറുണ്ടല്ലോ . ഈ കുറിപ്പടി അതുക്കും എത്രയോ മേലെ .

പിതാവ് എം . എം . തോമസ് മുംബൈയിൽ വക്കീലായിരുന്നു . കക്ഷികളെ ജയിപ്പിക്കാനുള്ള നുണ പറച്ചിൽ അസഹനീയമായപ്പോൾ പണി വിട്ടു താമരശ്ശേരിയിൽ എസ്റ്റേറ്റ് വാങ്ങി .അങ്ങനെ കോഴിക്കോടിനു ഡോ . തോമസ് മാത്യു സ്വന്തം. (ആളൂരും രാമൻ പിള്ളയും ഈ തത്വശാസ്ത്രത്തിന്റെ പിറകെ പോയാൽ നമ്മുടെ പ്രമാണികളായ പ്രതികൾ എങ്ങനെ രക്ഷപെടും എന്നൊരു ശങ്ക). ഇപ്പോൾ നമ്മുടെ വിഷയം അത് അല്ലല്ലോ .

സാധാരണക്കാരും, വിദ്യാർത്ഥികളും പ്രത്യേകിച്ച് വിവിധ മെഡിക്കൽ മേഖലയിൽ പഠിക്കുന്നവരും പോകാൻ താൽപര്യമുള്ളവരും, അവരുടെ മാതാപിതാക്കൾ , മറ്റു യുവജനങ്ങൾ മാത്രമല്ല ഡോക്ടർമാരും വായിച്ചിരിക്കേണ്ട പുസ്തകം . വായനാസുഖമുള്ള രചന

ഡോ. തോമസ് മാത്യൂവിന്റെ കഴിവും മികവും കൺസൾട്ടിങ് റൂമിൽ മാത്രമാണെന്നു കരുതിയാൽ തെറ്റി . മികച്ച ഒരു വയലിനിസ്റ്റ് ആണ് ഡോക്ടർ , പതിനഞ്ചാം വയസ്സുമുതൽ. സ്കൂളിലെയും കോളേജിലെയും ഓർക്കെസ്ട്രയിലെ മിന്നും താരം . കോഴിക്കോട്ടെ വൈ. എം. സി. എ റോഡിലെ മാർത്തോമാ പള്ളിയിലെ കൊയറിൽ ഇപ്പോഴും നിറ സാന്നിദ്ധ്യം . പിതൃസഹോദരൻ എ .വി . തോമസ് കമ്പനിയുടെ ജനറൽ മാനേജർ എം .എം . തോമസ് അറുപത്തിയഞ്ചു വർഷം മുൻപ് ജർമനിയിൽ പോയി വന്നപ്പോൾ സമ്മാനിച്ച വയലിനാണ് ഇന്നും ഡോക്ടറോടൊപ്പം . (പഴയ വൈനും വയലിനും നല്ലതാണെന്ന് ഒരു ചൊല്ലുണ്ടല്ലോ ) . സ്കൂളിൽ ഫുട്ബോളും ബാസ്കറ്റ്ബോളും . പെയിന്റിങ്ങിലും ക്ലിനിക്കൽ ഫോട്ടോഗ്രാഫിയിലും ഇപ്പോൾ താൽപര്യം . ആഡംബര വണ്ടിയുടെ വലയത്തിനോട് അന്നും ഇന്നും നോട്ടമില്ലാത്ത ഡോക്ടറുടെ എൺപതുകളിലെ വെള്ള ഫിയറ്റ് ഓർമയിലേക്ക് സ്റ്റാർട്ടായി വരുന്നു.

എൺപതുകൾ മുതൽ കോഴിക്കോട് മനോരമയുടെ 'കമ്പനി ഡോക്ടർ' (ഫാമിലി ഡോക്ടറുടെ വിശാല പതിപ്പ് എന്ന് പറയാം ) ആയുള്ള പരിചയം . സഹപ്രവർത്തകർക്ക് ഇൻട്രോഡക്ഷൻ കത്തു കൊടുക്കുന്നത് എന്റെ പണിയായിരുന്നു. സഹപ്രവർത്തകർ പറയും , ഡോക്ടറെ കാണാനുള്ളവരുടെ വലിയ തിരക്കിലൂടെ അകത്തു കയറി ഡോ .തോമസ് മാത്യുവിന്റെ പ്രസന്ന മുഖവും സംസാരവും അനുഭവിക്കുമ്പോൾ തന്നെ പകുതി അസുഖം മാറുമെന്ന് . ഈ സ്വഭാവവിശേഷണങ്ങളൊക്കെ എങ്ങനെ അദ്ദേഹം സ്വായത്തമാക്കിയെന്നും എങ്ങനെ നമുക്കും അത് പഠിച്ചെടുക്കാമെന്നും അദ്ദേഹം പുസ്തകത്തിൽ വിവരിക്കുന്നുണ്ട് . ഒരു സാമ്പിൾ ഡോസ് ഇതാ . ആലപ്പുഴ മാർത്തോമാ പള്ളിയിലെ ഫാ . ടി .വി . തോമസിൽ നിന്നും പഠിച്ച 'ഒറ്റ കണ്ണൻ നോട്ടം' എന്താണെന്നു അറിയണ്ടേ . വളരെ സിംപിൾ. മറ്റുള്ളവരിൽ നല്ലതു മാത്രം കാണുക !

നമ്മളിൽ അധികം പേർക്കും ഈ ഗുണം ഉണ്ട് . കുഴപ്പങ്ങൾ മാത്രമേ കാണുന്നുള്ളൂ എന്ന് മാത്രം . ഒന്ന് മാറ്റി പിടിച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂ . ഈ മരുന്നുകളൊക്കെ ഡോക്ടർ പുസ്തകത്തിൽ കുറിച്ചിട്ടുണ്ട് . പ്രഭാതഭക്ഷണത്തിനു ശേഷമുള്ള ഗുളിക കഴിപ്പ് പോലെ ഒരു ദിവസം ഒരു ഡോസ് എടുത്തോളൂ. ഒറ്റയിരിപ്പിനു നല്ല രസത്തിൽ വായിച്ചു തീർക്കാം .

നല്ല സുഖവും ഉറപ്പ് . പ്രശസ്ത പത്രപ്രവർത്തകനും സാഹിത്യകാരനുമായ മോൻസി ജോസഫിന്റെ എഡിറ്റിംഗ് . അക്ഷരശ്രീ പബ്ലിക്കേഷന്റെ പ്രസീദ്ധികരണം aksharasreepublications@gmail.com .

# ചിത്രലോകം

◉ **പെയിന്റിംഗ്: അനിത ടി കെ**




MALABAR
GOLD & DIAMONDS
Malabar
With you
In all your
Celebrations
Assured Gold
Coins on
Diamond & Precious
Gem Jewellery
*T&C Apply


BE MINE
Heart to heart collection
Made For Your Love
VALENTINE SPECIAL OFFER
USD 75
GIFT VOUCHER
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 1000
0% DEDUCTION ON OLD GOLD EXCHANGE
GET 100% VALUE ON DIAMOND EXCHANGE
Scan here to view our latest jewellery collection
Terms & Conditions Apply
OFFER VALID FROM
31ST JANUARY TO 16TH FEBRUARY 2025
www.joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936